PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

THIRD SESSION—1951

Thursday, *the 22nd February 1951*

Vol: III **OFFICIAL REPORT** **[No. 2**

The Assembly met in the Legislative Chamber, Trivandrum, at Eleven of the clock, on Thursday, the 22nd February 1951, with Mr. Speaker in the Chair.

Announcement regarding Panel of Chairmen

മി. സ്പീക്കർ: ലജിസ്ലേറ്റീവ് അസംബ്ലി എഴാം റൂൾ അനുസരിച്ച്, ഈ സെഷനിലേയ്ക്ക് പാനൽ ഓഫ് ചെയർമെൻ ആയി ബഹു. മെമ്പറന്മാരായ വി. മാധവൻ, അലക്സാൻണ്ടർ പറമ്പിത്തറ എന്നിവരെ തെരഞ്ഞെടുത്തിരിക്കുന്നു.

Motion on Address by His Highness the Rajpramukh

Mr. Speaker: Mr. Balakrishna Marar will now move his motion of thanks.

Sri. K. Balakrishna Marar: I move that an Address in the following form be presented to His Highness the Rajpramukh expressing the thanks of the Assembly for the speech delivered by him:

"May it please your Highness,

We, the members of the Legislative Assembly beg leave to thank Your Highness for the Address delivered to this Assembly." ഇതാണ് ഈ സഭയിൽ അവതരിപ്പിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്ന പ്രമേയം. രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗത്തെ സംബന്ധിച്ച് ഈ സഭ അഭിപ്രായം പറയുന്നതു് ഇവിടത്തെ മന്ത്രിസഭയുടെ പ്രവർത്തനത്തെപ്പറ്റി അഭിപ്രായം രൂപീകരിക്കുന്നതിനോട് തുല്യമായിരിക്കുമെന്നു നമുക്കെല്ലാവർക്കും അറിയാം. ഒരു കുപ്പിയിൽ അടച്ചിരിക്കുന്ന വെള്ളം ആ കുപ്പിയുടെ നിറം കാണിക്കുന്നതുപോലെ, രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗത്തിൽ അടങ്ങിയിട്ടുള്ള സാരാംശം മുഴുവനും മന്ത്രിസഭയുടെ ഭരണതന്ത്രത്തിന്റെ വിശദീകരണമാണെന്നു തെളിഞ്ഞുകാണാം. ഇന്നത്തെ ഗവമ്മെണ്ടിന്റെ പ്രവർത്തനരീതിയെപ്പറ്റിയോ, ഭരണതന്ത്രങ്ങളെയെപ്പറ്റിയോ നാം അഭിപ്രായം പുറപ്പെടുവിക്കുന്ന അവസരത്തിൽ അപ്രസക്തങ്ങളായ പല കാര്യങ്ങളും നാം വിസ്മരിക്കേണ്ടതായിട്ടുണ്ട്. അതായത് രാജപ്രമുഖന്റെ പ്രസംഗത്തിലടങ്ങിയിട്ടുള്ള ഇന്നത്തെ ഭരണനയം, അവയുടെ നിർവ്വഹണത്തിലുള്ള പോരായ്മയേയോ തന്നിമിത്തം നാട്ടിലുണ്ടാകാവുന്ന അസമാധാനത്തേയോ ഉണ്ടായിക്കൊണ്ടിരിക്കുന്ന അസംതൃപ്തിയേയോ പരിഗണിക്കത്തക്കവണ്ണം ഒരു നിവാരണമാർഗ്ഗം കണ്ടുപിടിച്ച് അവയെ ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുന്ന കാര്യത്തിൽ ബഹു. മന്ത്രിമാർ തങ്ങളുടെ സകല കഴിവുകളും പ്രയോഗിക്കേണ്ടതായിട്ടുണ്ട്. ഭരണകാര്യത്തിൽ പല ന്യൂനതകളും കുഴപ്പങ്ങളും ഉണ്ടാകാൻ ഇടയുണ്ട്. എന്നാൽ അവയെ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിച്ച് പ്രയോഗത്തിൽ വരുത്തുന്നതിനാണ് നാം ശ്രമിക്കേണ്ടതു്. നമ്മുടെ

[Sri. K: Balakrishna Marar]

ലക്ഷ്യം രാജ്യക്ഷേമമാണ്. രാജ്യക്ഷേമത്തിന് ഉതകത്തക്കവിധത്തിലുള്ള ഒരു ഭരണം നടത്തുന്നതിലാണ് നമ്മുടെ വിജയം സ്ഥിതിചെയ്യുന്നത്. അതായത് താത്വികമായ പശ്ചാത്തലത്തിൽനിന്നുകൊണ്ട് നാം ഒരു ഭരണം രൂപീകരിക്കണം. ഇന്നത്തെ ഗവമ്മെണ്ടിന്റെ ലക്ഷ്യവും ആദർശവുമെല്ലാം രാജപ്രമുഖന്റെ പ്രസംഗത്തിൽ അടങ്ങിയിട്ടുണ്ട്. പക്ഷെ ആ ആദർശങ്ങളും ലക്ഷ്യങ്ങളും പ്രയോഗത്തിൽ വരുത്തണമെന്നേയുള്ളു. സർ, നമ്മുടെ സംസ്ഥാനം ഇൻഡ്യൻസാമ്രാജ്യത്തിന്റെ ഒരു ഭാഗമായിത്തീർന്നിരിക്കയാണ്. അതനുസരിച്ച് നമ്മുടെ പ്രവർത്തനങ്ങൾ ഒരു അഖിലേൻഡ്യാ പശ്ചാത്തലത്തിൽ ആയിരിക്കണമെന്നുള്ളതും ഞാൻ പറയാതെതന്നെ എല്ലാ പേർക്കും അറിയാവുന്നതാണ്. എന്നാൽ നമ്മുടെ സാമൂഹ്യമായും സാമ്പത്തികമായും ഉള്ള ആദർശങ്ങളും കഴിവുകളും പുരോഗമിക്കയും വേണം. ഈ വീക്ഷണകോണത്തിൽക്കൂടി നാം രാജപ്രമുഖന്റെ പ്രസംഗത്തെപ്പററി ചിന്തിക്കുന്ന പക്ഷം ഈവക സംഗതികളെല്ലാം അവയിൽ അടങ്ങിയിട്ടുണ്ടെന്നുള്ളതു നമുക്കു കാണാൻ കഴിയും. കാൺഗ്രസിന്റെ ആദർശങ്ങൾ എന്തെല്ലാമാണെന്നു നമുക്കറിയാം. കാൺഗ്രസിന്റെ തത്വങ്ങളും ആദർശങ്ങളും സർവ്വരാലും സമ്മതിക്കപ്പെടുന്നതാണെന്നും എല്ലാവർക്കും അറിയാം. അതിനെതിരായിട്ടു യാതൊരു സംഘടനക്കോ, യാതൊരു തത്വസംഹിതക്കോ സ്ഥാനമില്ലെന്നും അവയെ ഒരു കാരണവശാലും ആക്കം കുറപ്പെടുത്താൻ സാധിക്കയില്ലെന്നും പരക്കെ സമ്മതമാണ്. എന്നാൽ മൗലികാവകാശവാദങ്ങൾ ഉന്നയിച്ചുകൊണ്ട് ചില ശക്തികൾ, ചില സംഘടനകൾ, ഈവക ആദർശങ്ങളനുസരിച്ചുള്ള പ്രവർത്തനങ്ങൾക്കു വിഘാതം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ഈ വിഘാതങ്ങൾ നമ്മുടെ വ്യവസായപരമായ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം അന്താരാഷ്ട്രീയമായി പല കുഴപ്പങ്ങളും വരുത്തിക്കൊണ്ടിരിക്കുന്നു. ഇതിനും പുറമെ നമുക്ക് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം, ലോകംതന്നെ പല കുഴഞ്ഞ പ്രശ്നങ്ങളിൽക്കൂടി വഴുതി ഇറങ്ങിക്കൊണ്ടിരിക്കുന്നതിനാൽ അവയെ അഭിമുഖീകരിക്കുന്നതിനും പരിഹാരം നേടുന്നതിനും നാം ശ്രമിക്കേണ്ടിയിരിക്കുന്നു. ഇങ്ങിനെയുള്ള പല ബുദ്ധിമുട്ടുകളുടെ പശ്ചാത്തലത്തിൽനിന്നുകൊണ്ടുവേണം ഇന്നത്തെ ഗവമ്മെണ്ടിന്റെ സാദ്ധ്യതകളേയും പ്രവർത്തനങ്ങളേയുംപററി നിരൂപണംചെയ്യുന്നതിന്. പല വിധത്തിലുള്ള സാമ്പത്തിക കഴിവുകേടു നമുക്കുണ്ടെങ്കിലും സാമാന്യജനങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ പുരോഗമനത്തിനുള്ള സകല പരിപാടികളും നിർവ്വഹിക്കുന്നതിന് ഗവമ്മെണ്ടിന് ഉദ്ദേശമുണ്ടെന്നു പ്രസംഗത്തിൽത്തന്നെ കാണാം. അതായത്, പൊതുജനങ്ങൾക്കു വൈദ്യസഹായം ചെയ്യുന്നതിനായിട്ടു ആണ്ടുതോറും ഗവമ്മെണ്ടിന്റെ ആഭിമുഖ്യത്തിൽ കൂടുതൽ ഡിസ്പെൻസറികൾ ഏർപ്പെടുത്തുക, വീടില്ലാത്തവർക്കു വീടുണ്ടാക്കികൊടുക്കുക, ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ കുടിയേറിപ്പാർക്കാൻ അനുവദിക്കുക ഇങ്ങിനെ തുടങ്ങി ഗവമ്മെണ്ടിൽനിന്നും പല നൂതന പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. ഇങ്ങിനെ സാമാന്യജനങ്ങളെ ഉന്നമിപ്പിക്കുന്നതിന് അനുഗുണമായ പല പരിഷ്കാരങ്ങളും നടപ്പിലാക്കുന്നതിന് ഗവമ്മെണ്ട് സദാ സന്നദ്ധമായിരിക്കുന്നു എന്നുള്ളത് ഏതായാലും ചാരിതാർത്ഥ്യജനകംതന്നെ. നമുക്കു സ്വാതന്ത്ര്യം കിട്ടിയതോടുകൂടി ജനകീയഭരണം നടപ്പിലായി. ജനകീയഭരണം നടപ്പിലായിട്ടു ഇപ്പോൾ ഏതാണ്ട് മൂന്നുകൊല്ലക്കാലമെ ആയൊള്ളു. ഇതിനുപുറമെ പുതിയ ഭരണഘടന നടപ്പിലായിട്ടു ഒരു കൊല്ലമെ ആയിട്ടുള്ളു. ഇതിനിടയിൽ ഒരു സാമ്പത്തിക പുനരുദ്ധാരണ പദ്ധതി രൂപീകരിച്ച് നടപ്പിൽ

വരുത്താൻ ഈ ഗവൺമെൻറിന് സാധിച്ചിട്ടില്ലായെങ്കിലും അതു് ഒരു ആരോപണമായി കുററപ്പെടുത്തുന്നതു ശരിയല്ലെന്നാണ് എനിക്കു തോന്നുന്നതു്. ഈ ഒരു അപ്രാപ്തി അല്ലെങ്കിൽ കഴിവുകേടു ഗവൺമെൻറിന് ഉണ്ടായിരുന്നിട്ടും പൊതുജനങ്ങളുടെ നന്മക്കുവേണ്ടി കഴിവുള്ളതെല്ലാം ചെയ്യാൻ ഗവൺമെൻറ് ആഗ്രഹിക്കുന്നു എന്നുള്ളതു് അഡ്രസിൽനിന്നും വെളിവാകുന്നുണ്ടു്. ഏതു ഗവൺമെൻറിൻേറയും ലക്ഷ്യം സാമാന്യക്കാരുടെ ജീവിതം ക്ഷേമകരമാക്കിത്തീർക്കുന്നതിന് സഹായകരമായ പദ്ധതികൾ ആവിഷ്കരിക്കുകയെന്നുള്ളതാണ്. അതുപോലെ സാമാന്യക്കാരുടെ ജീവിതത്തോതു ഉയർത്തുന്നതിന്, അവരുടെ സ്ഥിതി നന്നാക്കുന്നതിന്, പര്യാപ്തമായിട്ടുള്ള ഒരു നിയമംമൂലം ഭരണം നടത്തുക എന്നുള്ളതാണ് ഗവൺമെൻറിൻെറ ഉദ്ദേശമെന്നു പ്രസംഗത്തിൽത്തന്നെ വെളിവാക്കിയിട്ടുണ്ടു്. അതായതു് നമ്മുടെ നാട്ടിൽ അവശതയനുഭവിക്കുന്ന എല്ലാ വിഭാഗത്തിൽപെട്ട തൊഴിലാളികളേയും മുതലാളിമാരിൽനിന്നും ഉണ്ടാകാവുന്ന ഉപദ്രവങ്ങളിൽനിന്നും രക്ഷിക്കുന്നതിന് ആവശ്യമായ പരിഷ്കൃത നടപടികൾ കൈക്കൊള്ളുന്നതിനും പ്രത്യേകിച്ചും കർഷകതൊഴിലാളികളുടെ ക്ഷേമത്തെ നിലനിറുത്തുന്നതിനുമുള്ള സത്വരനടപടികൾ കൈക്കൊള്ളുക, തൊഴിലാളികൾക്കും മുതലാളിമാക്കും തമ്മിൽ സമാധാനപരമായ ഒരു അന്തരീക്ഷം ശാശ്വതമായി സൃഷ്ടിക്കാനുള്ള നടപടികൾ നടത്തുക മുതലായവ ഗവൺമെൻറിൻെറ പ്രധാന പരിപാടികളിൽപെട്ടവയാണ്. ഈ ഉദ്ദേശത്തിൻെറ ഫലമായിട്ടാണ് മുൻപുണ്ടായിട്ടില്ലാത്തവിധം ഒരുതരം ഐക്യമനോഭാവം ഇന്നു് തൊഴിലാളി മുതലാളിമാരുടെ ഇടയിൽ ഉണ്ടായിട്ടുള്ളതു്. അതുപോലെതന്നെ കഷ്കവിഭാഗത്തിൽ പെട്ടവരുടെ കാര്യത്തിലും ഗവൺമെണ്ടു് വേണ്ടതരത്തിലുള്ള ആനുകൂല്യങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു. കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു. ഈവക കാര്യങ്ങൾക്കെല്ലാം കാൺഗ്രസിന് വ്യക്തമായ ചില പരിപാടികൾ ഉണ്ടു്. അതുവച്ചുകൊണ്ടു പ്രവൃത്തിക്കാൻ സാദ്ധ്യതയുണ്ടെന്നു രാജപ്രമുഖൻെറ പ്രസംഗത്തിൽ പറയുന്നുമുണ്ടു്. ഭൂമിയിൽ അധ്വാനിക്കുന്നവരെ പുറംതള്ളാതെ, അവരുടെ അധ്വാനത്തെ വിഗണിച്ചു് അവരെ പുറംതള്ളാതെ, അവക്കുതന്നെ നിവൃത്തിയുള്ളിടത്തോളം ഭൂമി പതിച്ചുകൊടുക്കുകയും ചെയ്യണമെന്നുള്ളതു് കാൺഗ്രസ്സിൻെറ ലക്ഷ്യത്തിൽ പെട്ടവയാണ്. മാത്രമല്ല, ഈ വിഭാഗക്കാക്കു ഗുണം ചെയ്യണമെന്നുള്ളതു് കാൺഗ്രസ്സിൻെറ പ്രധാന ലക്ഷ്യമായിത്തീർന്നിരിക്കുകയുമാണ്. കൃഷിഭൂമിയെല്ലാംതന്നെ ഗവൺമെണ്ടിൻെറ കീഴിൽ കൊണ്ടുവന്നു ന്യായമായ തോതിൽ പാട്ടത്തിനു കൊടുക്കുകയെന്നുള്ളതും ആശാവഹമാണ്. ഇങ്ങിനെ വരുമ്പോൾ ഒരു കർഷകനും ഒരു കുടിയാൻെറ കീഴിൽ ജീവിതം നയിക്കേണ്ടിവരികയില്ല. കർഷകരെ സംബന്ധിച്ചിടത്തോളം ഈവിധ പുരോഗമനാത്മകപരമായിട്ടുള്ള പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഏർപ്പാടുകൾ ചെയ്യുന്നതാണെന്നു പ്രസംഗത്തിൽ കാണുന്നു. ഈവക സംഗതികൾ വച്ചുനോക്കുമ്പോൾ ഗവൺമെണ്ടിൻെറ ഭാവിഭരണം ആശാവഹമാണെന്നു നമുക്കു ഏവക്കും മനസ്സിലാക്കാൻ സാധിക്കും. അങ്ങിനെയാണെങ്കിൽ അവ കാൺഗ്രസ്സ് ഗവൺമെണ്ടിനു ഒരു അഭിമാനവും, ഭരണം നടത്തുന്ന ബഹു. മന്ത്രിമാരെ സംബന്ധിച്ചിടത്തോളം ഒരു വിജയവുമാണ്. ഇതിനുംപുറമെ മറെറാരു നല്ല കാര്യംകൂടി ഗവൺമെണ്ടിൻെറ പരിപാടിയിൽ പെട്ടിട്ടുണ്ടു്. അതായതു് കുടിൽവ്യവസായ പരിപോഷണമാണ്. നമ്മുടെ നാട്ടിൽ സാമാന്യജനങ്ങളുടെ ഉന്നമനത്തിനായി ഒരു നിയമനിർമ്മാണം ആവശ്യമാണെന്നുള്ള ആഗ്രഹം ഉള്ളവരായി ഒരുക്കൂട്ടം ആളുകൾ ഉള്ളതുപോലെ ചില സമുദായങ്ങൾക്കു ആദായം ഉണ്ടാക്കുന്നതിനുവേണ്ടിയെങ്കിലും കുടിൽവ്യവസായ പ്രചരണം ആവശ്യമാണ്.

[Sri. K.Balakrishna Marar]

കടിൽവ്യവസായത്തെ സംബന്ധിച്ചിടത്തോളം അതു ഒരു അഖിലേൻഡ്യാ വ്യാപക അടിസ്ഥാനത്തിൽ കൊണ്ടുവരുന്നതിനായി സാമ്പത്തിക വിദഗ്ദ്ധന്മാരിൽ അഗ്രഗണ്യനായ ഒരാളുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിററി രൂപീകരിക്കയും അവർ ഒരു റിപ്പോർട്ട് ഗവമ്മെണ്ടിലേക്കു സമപ്പിക്കയും ചെയ്തിട്ടുണ്ട്. അവരുടെ റിപ്പോർട്ട് അനുസരിച്ചു പ്രവത്തിക്കാൻ ഗവമ്മെണ്ട് സന്നദ്ധമാകണമെന്നാണ് എനിക്കു പറയുവാനുള്ളതു്. ഈ വക കായ്യങ്ങളും കാൺഗ്രസ്സിൻെറ പ്രാഥമിക തത്വങ്ങളിൽ ഉള്ളതാണ്. ഇങ്ങിനെയുള്ള തത്വങ്ങൾ അടിസ്ഥാനമാക്കി പലകായ്യങ്ങളും ചെയ്യാനുള്ള സാദ്ധ്യതയുണ്ട്. അവ പ്രസംഗത്തിൽ ധ്വനിക്കുന്നുമുണ്ട്. പ്രധാനപ്പെട്ട പ്രസ്ഥാനങ്ങളെല്ലാം ദേശീയവൽക്കരിക്കണമെന്നുള്ളതു നല്ലതുതന്നെ. പക്ഷെ ദേശീകരണംകൊണ്ട് ഉണ്ടാകുന്ന ആദായം മുഴുവനും പൊതുജന നന്മക്കുവേണ്ടി വിനിയോഗിക്കേണ്ടതു് ഒരു സ്റ്റേററിൻെറ കടമയാണ്. ദേശീയവൽക്കരണമെന്നുള്ള തത്വത്തെ അല്ലെങ്കിൽ ആദശത്തെ ഒരു മുദ്രാവാക്യമായി അംഗീകരിച്ചിരിക്കുന്നതു് സ്വപ്നത്തിലേക്ക് നമ്മെ ഉയത്തുന്ന ഒരു മാന്ത്രികശക്തിയായിട്ടു മാത്രമായിരിക്കാതെ അതുകൊണ്ടുണ്ടാകാവുന്ന ഗുണങ്ങൾ മുഴുവനും ജനങ്ങൾക്ക് അനുഭവസിദ്ധമാക്കാൻ ഇടയാക്കിത്തീക്കണമെന്നാണ് എൻെറ അഭിപ്രായം. എന്നാൽ കാലോചിതമായ നടപടികളല്ലാതെ ഈ ഗവമ്മെണ്ടിനു സാമ്പത്തികപരമായി പെട്ടെന്ന് ഒന്നുംചെയ്യാൻ സാധിക്കയില്ലെന്നുള്ളതുകൊണ്ടായിരിക്കണം ഇവയ്ക്കുള്ള കാലതാമസം നേരിടുന്നതു്. എന്നാലും രാജപ്രമുഖൻെറ പ്രസംഗത്തിൽ നമുക്കാശിക്കാവുന്ന പല ഗുണങ്ങളും പ്രായോഗികമാകുമെന്നുള്ളതു് തീച്ചയാണ്.

എന്നാൽ ഒരു കായ്യത്തെസംബന്ധിച്ച് അതായത്തു് ദേശീയവൽക്കരണം സംബന്ധിച്ച് ഒരുവാക്കുകൂടി പറയുവാനുണ്ട്. വിദ്യാഭ്യാസസ്ഥാപനങ്ങളെ സംബന്ധിച്ചാണ് എനിക്ക് പ്രധാനമായി പറയുവാനുള്ളതു്. ഈ സംസ്ഥാനത്തു ഇതിനുമുമ്പുണ്ടായിരുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾ വളരെ ആദരണീയമായ വിധത്തിൽ പ്രവത്തനം നടത്തിവന്നിരുന്ന് എന്നുള്ള പരമാത്ഥം മറച്ചുവയ്ക്കാതെ തന്നെ ആ സ്ഥാപനങ്ങളെ ഈ വിദ്യാഭ്യാസ ദേശവൽക്കരണം സംബന്ധിച്ച് മാറേറണ്ടെന്നും എന്നാൽ ആ സ്ഥാപനങ്ങളെ ശരിയായ നിയന്ത്രണത്തിൻ കീഴിൽ കൊണ്ടുവന്നു വിദ്യാത്ഥികൾക്കും രാജ്യത്തിലെ മററു പൗരന്മാക്കും ഗുണപ്രദമായ വിധത്തിൽ പ്രവത്തനം നടത്തിയാൽ മതിയെന്നും നിശ്ചയിച്ചിട്ടു അവയുടെ കൂടുതലായ കായ്യക്ഷമമായ പ്രവത്തനത്തിനു് സാദ്ധ്യമാകത്തക്കവിധത്തിലുള്ള നയം രൂപീകരിച്ചാൽ മാത്രം മതി എന്നും വിശ്വസിച്ചുകൊണ്ടാണ് രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗത്തിൽ ഈ കായ്യം സംബന്ധിച്ചു പറഞ്ഞിട്ടുള്ളതു്. അതുകൊണ്ട് ഞാൻ പറയുന്നതു് ഈ പശ്ചാത്തലം വീക്ഷിച്ചുകൊണ്ടുമാണ നാം രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗത്തെപ്പററി നോക്കേണ്ടതെന്നാണ്. ഈ മാതിരി സ്ഥാപനങ്ങൾ വെറുതെ ദേശവൽക്കരണം ചെയ്യുതുകൊണ്ടു ഫലമില്ലെന്നും എന്നാൽ അവയെ വളരെ പ്രയോജനകരമായ വിധത്തിൽ ഉപയോഗിക്കണം എന്നുമുള്ള ഉദ്ദേശത്തിലാണ് കാൺഗ്രസ്സ് സംഘടനയിലെ പ്രതിനിധികളായ മന്ത്രിമാർ ഇങ്ങനെ ഒരു തീരുമാനം ചെയ്തിട്ടുള്ളതു്. അതാണ് ഇപ്പോഴത്തെ വിദ്യാഭ്യാസകായ്യങ്ങളിൽ കൊണ്ടുവന്നിട്ടുള്ള പുതിയ പദ്ധതി. വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തുന്ന സ്വകായ്യഉടമസ്ഥന്മാക്കു യാതൊരുവിധത്തിലും കോട്ടം വരാത്തവിധത്തിലും എന്നാൽ അതേസമയംതന്നെ അവയുടെ പ്രവത്തനം കൂടുതൽ കായ്യക്ഷമമാക്കുക എന്നുള്ളതാണ് ഗവമ്മെണ്ടിൻെറ നയമെന്നും നമുക്ക് രാജപ്രമുഖൻ തിരുമേനിയുടെ പ്രസംഗത്തിൽനിന്നും മനസ്സിലാക്കാവുന്നതാണ്. അതുകൊണ്ട് ദേശവൽക്കരണം എന്നുള്ളതിനെപ്പററിയാ

ണെങ്കിൽ ഈ കാര്യത്തെ സംബന്ധിച്ചു് കാൺഗ്രസ്സിന്റെ ആദർശങ്ങളിൽ വിശ്വസിക്കാതെ കാലോചിതമായ വ്യതിയാനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ടെന്നും ഉള്ളതിനു് ഈ പ്രസംഗത്തിൽ സൂചനകൾ ഉണ്ടു്. ഇതിനുശേഷം എനിക്കു് ഒന്നു അറിയിക്കുവാനുള്ളതു് ഏററവും അടിയന്തിരമായിത്തീർന്നിരിക്കുന്ന ഭക്ഷ്യപ്രശ്നത്തെ സംബന്ധിച്ചാണു്. ഭക്ഷ്യകാര്യം സംബന്ധിച്ചു ഈ ഗവമ്മെണ്ടിന്റെ നയം എന്താണെന്നുള്ളതിനെപ്പററിയാണു് നമുക്കു് അടുത്തതായി ആലോചിക്കുവാനുള്ളതു്. ഒന്നു പറയുവാനുള്ളതു് ഇതു ഒരു അഖിലേൻഡ്യാനയമായി എടുത്താൽ മാത്രമേ സാധിക്കുകയുള്ളു എന്നാണു്. പുറമെനിന്നും കിട്ടുന്ന ധാന്യങ്ങൾ പരിമിതപ്പെടുത്തി ഇവിടെ ഉൽപാദിപ്പിക്കുന്ന ധാന്യങ്ങൾ എത്ര കൂടുതൽ ഗവമ്മെണ്ടിലേക്കെടുക്കാമോ അത്രയും എടുത്തിട്ടു എല്ലാംകൂടി ഒരു അടിസ്ഥാനത്തിൽ വിതരണം ചെയ്താലെ ഈ കാര്യംസംബന്ധിച്ചു ഇപ്പോഴത്തെ പരിതഃസ്ഥിതിയിൽ ഒരു വിജയത്തിൽ എത്തിച്ചേരാൻ സാധിക്കുകയുള്ളു. ഇതിനു് വിപരീതമായി ഉള്ള ഒരു അഭിപ്രായം ഇതുവരെ ആരും പുറപ്പെടുവിച്ചിട്ടുള്ളതായി തോന്നുന്നില്ല. അതുകൊണ്ടു് ഭക്ഷ്യകാര്യം സംബന്ധിച്ചു് ഗവമ്മെണ്ടു് ഇന്നു് സ്വീകരിച്ചിരിക്കുന്ന നയം ആദരണീയമായിട്ടുള്ളതാണെന്നുള്ളതിനു് യാതൊരു സംശയവുമില്ല. ഭക്ഷ്യകാര്യങ്ങളിൽ വളരെ കാര്യമായി പ്രവർത്തിച്ചിട്ടുള്ള മിസ്റ്റർ സി. പി. കരുണാകരമേനോൻ ജനുവരി ഒടുവിലത്തെ വാരത്തിൽ മാതൃഭൂമിയിൽ പ്രസിദ്ധപ്പെടുത്തിയ ഒരു ലേഖനത്തിൽ "തിരുവിതാംകൂർ-കൊച്ചി സംസ്ഥാനവും അതിനെപ്പോലുള്ള മററുനാട്ടുരാജ്യങ്ങളും ഇൻഡ്യയിലെ പ്രോവിൻസുകളിൽ ഭക്ഷ്യകാര്യം സംബന്ധിച്ചു് നേരിടേണ്ട ഏററവും അടിയന്തിരവും ആദരണീയവുമായ നടപടി, നെല്ലു് ഗവമ്മെണ്ടിലേക്കെടുത്തു് വിതരണം ചെയ്യുക എന്നുള്ളതാണെ"ന്നു് പറഞ്ഞിട്ടുണ്ടു്. ഈ അഭിപ്രായം വളരെ ആദരണീയമാണെന്നാണു് ഞാൻ വിചാരിക്കുന്നതു്. അതുകൊണ്ടു് നെല്ലെടുപ്പിനെസംബന്ധിച്ചും ഭക്ഷ്യധാന്യവിതരണം സംബന്ധിച്ചും നമ്മുടെ ഗവമ്മെണ്ടു് ഇന്നു് അംഗീകരിച്ചിരിക്കുന്ന നയം ആദരണീയമായിട്ടുള്ളതാണെന്നുള്ളതിനു് സംശയമില്ല.

Sri. C. V. Iyyu: Sir, on a point of information. May I know whether the hon'ble Member is supporting the 'levy system' *i.e.*, the present system of procurement in force or the old system?

ശ്രീ. കെ. ബാലകൃഷ്ണമാരാർ: ഞാൻ അനുകൂലിക്കുന്നതു് അതായതു് ഇന്നു നിലവിലിരിക്കുന്ന നയം ആദരണീയമാണെന്നു പറഞ്ഞതു് കഴിവുള്ളിടത്തോളം നെല്ലു ഗവമ്മെണ്ടിലേക്കു് എടുക്കേണ്ട ഒരു നയം ഇവിടെ ഉണ്ടു് എന്നുള്ളതിനെ സംബന്ധിച്ചാണു്. അങ്ങനെ ഉണ്ടായിരിക്കണമെന്നാണു് എന്റെ അഭിപ്രായം. രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗത്തിൽ ഇങ്ങനെയുള്ള നടപടികൾ തുടരുന്നതിനും ഈ കാര്യത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നതിനും ഉള്ള സൂചനകൾ ഉണ്ടു്. സക്കാരിലേക്കു് നെല്ലെടുക്കുന്നതു് വ്യക്തിയുടെ ആവശ്യം കഴിഞ്ഞുള്ളതായാലും ശരി, ഉല്പാദിപ്പിക്കുന്ന നെല്ലിന്റെ ഒരു ഭാഗം സക്കാരിലേക്കെടുക്കുകയും ബാക്കിയുള്ളതു് കൊടുക്കുകയാണെങ്കിൽ സക്കാരിലേക്കു മാത്രമേ പാടുള്ളു എന്നു നിർബന്ധിക്കുന്നതായാലും ശരി, എങ്ങനെയായാലും ഗവമ്മെണ്ടിലേക്കു് ഏററവും കൂടുതൽ നെല്ലു് എടുക്കാനുള്ള ഒരു പദ്ധതി ഉണ്ടായിരിക്കണം എന്നു മാത്രമാണു് ഞാൻ ഉദ്ദേശിക്കുന്നതു്. എന്റെ അഭിപ്രായത്തിൽ ഈ നടപടി എല്ലാ ഗവമ്മെണ്ടുകളും സ്വീകരിക്കാൻ തയാറാകണമെന്നാണു്. അങ്ങനെ ഭക്ഷ്യകാര്യം സംബന്ധിച്ചു് ഈ ഗവമ്മെണ്ടു് സ്വീകരിച്ചിരിക്കുന്ന നയം വളരെ ആദരണീയമായിട്ടുള്ളതാണു് എന്നുള്ളതിനു യാതൊരു സംശയവുമില്ല. ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു ഇവിടെ ഫുഡ്പ്രൊഡക്ഷൻ ബോർഡി

[Sri. K. Balakrishna Marar]

ന്റെ കീഴിൽ പലവിധത്തിലുള്ള പ്രവൎത്തനങ്ങളും ഏൎപ്പെടുത്തിയിട്ടുണ്ടു്. ഈ പ്രവൎത്തനങ്ങൾകൊണ്ടു് നെല്ലു വളരെ കൂടുതൽ ഉല്പാദിപ്പിക്കുന്നതിനു് സാധ്യമായിട്ടുണ്ടെന്നുള്ളതും ഇനിയും കൂടുതൽ ഉല്പാദിപ്പിക്കുവാൻ സാധ്യമാകുമെന്നുള്ളതും ഒരു പരമാൎത്ഥം മാത്രമാണു്. ഒരു സംഗതികൂടി എനിക്കു പറയുവാനുള്ളതു് ഗവൎമ്മെണ്ടിൽനിന്നും ചെലവുചെയ്യാൻ ഉദ്ദേശിക്കുന്ന വമ്പിച്ച തുകകളെപ്പററിയാണു്. ജനായത്ത ഭരണസിദ്ധാന്തം വിജയിക്കണമെങ്കിൽ ആ രാജ്യത്തിലെ പൗരന്മാർ സംസ്കാരസമ്പന്നന്മാരായിരിക്കണം. അങ്ങനെയുള്ള ജനായത്ത ഭരണം ശരിയായി നിൎവ്വഹിക്കപ്പെടണമെങ്കിൽ അതിനു് ആ നാട്ടിലെ വിദ്യാഭ്യാസം പൂൎണ്ണമായിരിക്കേണ്ടതാണു്. ഈ കാൎയ്യം മനസ്സിൽവച്ചുകൊണ്ടു് വിദ്യാഭ്യാസകാൎയ്യത്തിലേക്കുവേണ്ടി ഇന്നു് വളരെ അധികം ചെലവാക്കാൻ നിശ്ചയിച്ചിട്ടുള്ളതു വളരെ ആദരണീയമായിട്ടുള്ള ഒരു പദ്ധതിയാണു്. ഇങ്ങനെ തിരുവിതാംകൂറിലെ ജനങ്ങൾക്കു് ആദരണീയവും ആവശ്യവുമായി തോന്നിയിട്ടുള്ള പല കാൎയ്യങ്ങളും തത്വസംഹിതകളും അടങ്ങിയിട്ടുള്ള പദ്ധതികളാണു് രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗത്തിൽ ഉൾക്കൊണ്ടിട്ടുള്ളതു്. അതിനാൽ ബഹുമാനപ്പെട്ട മെമ്പറന്മാർ ഈ പ്രമേയം സ്വീകരിക്കണമെന്നു് ഞാൻ അഭ്യൎത്ഥിച്ചുകൊള്ളുന്നു

മി. സ്പീക്കർ: ഈ പ്രമേയത്തെയും ഹാജരാക്കിയിട്ടുള്ള ഭേദഗതികളെയും സംബന്ധിച്ചുള്ള വാദപ്രതിവാദങ്ങളുടെ ക്രമീകരണത്തിനുള്ള വ്യവസ്ഥകൾ പ്രസ്താവിക്കാം. ഭേദഗതികൾ അവതരിപ്പിക്കണമെന്നു ആഗ്രഹിക്കുന്ന മെമ്പറന്മാർ ഭേദഗതികൾ ഓരോന്നായി അവതരിപ്പിക്കയും അതിനുശേഷം പ്രധാന പ്രമേയത്തെപ്പററിയും ഹാജരാക്കപ്പെട്ട ഭേദഗതികളെപ്പററിയും മററു മെമ്പറന്മാർ ഓരോരുത്തൎക്കും പ്രസംഗിക്കുകയും ചെയ്യാവുന്നതാണു്. പ്രസംഗം പതിനഞ്ചു മിനിട്ടിൽ കവിയുവാൻ പാടില്ലെന്നാണു് വ്യവസ്ഥ. ഭേദഗതികൾ ഹാജരാക്കുന്നവൎക്കു് പതിനഞ്ചുമിനിട്ടും മററു മെമ്പറന്മാൎക്കു് പത്തു മിനിട്ടുമാണു്. ഇതുവരെ പന്ത്രണ്ടു പ്രമേയങ്ങൾ ഹാജരാക്കിയിട്ടുണ്ടു്. പ്രമേയങ്ങൾ ഏതെങ്കിലും അനുവദിക്കത്തക്കതല്ലെന്നു കാണുന്നതായാൽ ആ വിവരം അപ്പോഴപ്പോൾ പ്രസ്താവിക്കുന്നതാണു്. ശ്രീ. ഇട്ടീര അയ്യൂക്കൻ ൪, ൫, ൬ ഈ പ്രമേയങ്ങൾ ഹാജരാക്കിയിട്ടുണ്ടു്. ഇതെല്ലാം ഒരേ പ്രമേയത്തിന്റെ പല ഭാഗങ്ങളാണു്. അതിനാൽ എല്ലാംചേൎത്തു ഒരേ പ്രമേയമായി കണക്കാക്കി അതിനെ സംബന്ധിച്ചു് പ്രസംഗിക്കാവുന്നതാണു്.

ஸ்ரீ. ஆர். கெ. ராம்: ஸர், நன்றி வழங்கல் தீர்மானத்தின் இறுதியில் பின்வருபவைகளைச் சேர்க்கவும் :—

"ஆனால் அமைச்சர் குழு, தொழிலாளி விவசாயிகளுக்கு இன்னல் விளைவிக்கின்ற நிலையில் அரசாங்கம் நடத்திவருவதும், நெல் உற்பத்தி செய்கின்ற திருவிதாங்கூர் தமிழ் நாட்டில் உள்ள நெல் அங்குள்ள மக்களுக்குக் கிடைக்காமல் செய்துவருவதும், உற்பத்திப் பெருக்கிற்கு ஆவன செய்யாது பெருக்குக் குறைவு ஏற்பட்டு வருவதற்குக் காரணமாய் இருந்துவருவதும், தனிப்பட்ட முதலாளிகளின் சலுகைக்காக, போக்குவரத்து, மின்சாரம் முதலிய பொதுத் தேவைகளைத் தேசீயமாக்குவதற்குத் தயங்கிவருவதும், பிற அரசியல் ஸ்தாபனங்களை உடைக்கும் பொருட்டு பல சூட்சிகள் செய்துவருவதும், ஜனத்தொகை கணக்கெடுப்பில் தமிழர்களையும் மலையாளிகள் என்று குறிக்கத் தூண்டுவதோடு அங்ஙனம் கணக்கெடுப்போர்க்கு உறுதி கொடுத்துவருவதும், காரணமின்றிப் பொதுக்கூட்

டங்களை தடை செய்து மக்களின் அடிப்படை உரிமைக்கு உலைவைப்பதும் ஆட்சியின் திறமையின்மையால் நாட்டில் அமைதி குன்றி அக்கிரமம் அதிகரித்து அரசியல் வாதிகள் அவதியுற அக்கிரமிகள் மேன்மையுற வாழ்வு நடத்த வழி வகுத்துக் கொடுப்பதும் வருந்தத்தக்கது.''

ஸர், சர்தார் பட்டேல் அவர்களின் மரணத்திற்குப் பிறகு சட்டசபை முதன் முதலாகக் கூடுவது இப்போதுதான். கழிந்த சட்டசபைக்குப்பின் இந்நாட்டில் மக்களின் நன்மைக்காக பல காரியங்கள் நடந்திருக்குமென்று நாங்கள் எதிர்பார்த்தோம். ராஜப்பிரமுகருடைய சொற்பொழிவைப் பற்றி, இந்த நாட்டிற்கு இந்த ஜனநாயக சர்க்காரால் என்னென்ன நன்மைகள் செய்யப்பட்டிருக்கிறதென்று பார்த்தால் ஆச்சரியப்படவேண்டிய நிலைமையிலிருக்கிறது. நாட்டில் ஒன்றுமே நடக்காத நிலைமையில் ராஜப்பிரமுகருக்கு என்னதான் சொல்ல முடியும். ஒன்றும் சொல்லமுடியாது. அதைப்பற்றி ஆச்சரியப்படவும் வேண்டியதில்லை.

ராஜப்பிரமுகருடைய சொற்பொழிவில் புதுத்தரைகளில் பயிரிடப்பட்டிருக்கிறது என்று சொல்லப்பட்டிருக்கிறது. அதாவது 'new land is being brought under cultivation' என்று கூறப்பட்டிருக்கிறது. புதிதாக எவ்வளவு தரையில் பயிர் செய்யப்பட்டிருக்கிறது; அந்த தரையிலிருந்து எவ்வளவு உணவுப்பொருள் வருகிறது, முன்னால் எவ்வளவு கிடைத்தது; இப்போது எவ்வளவு மக்கள் பட்டினியில்லாமல் வாழ்கிறார்கள் என்று ஒன்றுமே சொல்லாமல் 'new land is being brought under cultivation' என்று சொல்லப்பட்டிருக்கிறது. அதற்குப் பின்னால் ஒருபூ கிருஷி நிலங்களை இருபூ கிருஷி நிலங்களாக மாற்றப்பட்டிருக்கின்றன என்று சொல்லப்படுகிறது. ஆனால் அது எவ்வளவு ஏக்கர் என்பதைப்பற்றியும், அவைகளில் உற்பத்தி என்ன என்பதும் தெளிவாகக் கூறப்படவில்லை. இவைகளெல்லாம் காங்கிரஸ் ஸ்தாபனம் அரசாங்கத்தில் பொறுப்பேற்ற பிறகு நடந்ததாக பாலகிருஷ்ண மாரார் சொன்னார்கள். நமக்கு ஸ்தாபனத்தைப் பற்றி கவலையில்லை. அரசாங்கம் செய்யும் காரியங்கள் மக்களுக்கு உபயோகமாகவும், உபகாரமான முறையிலும் செய்யப்படுகின்றனவா என்றுதான் பார்க்கவேண்டும்.

Sri. A. Nesamony: May I just bring to the notice of the Speaker that the speech of the hon'ble Member is not being recorded by any Tamil shorthand reporter.

Mr. Speaker: The Tamil reporter is seated very near the hon'ble Member who is speaking.

Sri. A. Nesamony: I am sorry, Sir.

Sri. R. K Ram: I cannot hear what is going on there.

Mr. Speaker: The hon'ble Member Sri. Nesamony was anxious that the hon'ble Member's speech should be correctly recorded and was giving expression to his mistaken impression that no arrangement was made for recording the speech. He has been informed that proper arrangements have been made in the matter. The hon'ble Member may go on.

Sri. R. K. Ram: The system of procurement has been systematised and the procurement price of paddy is being raised wherever possible'

நெல் ஒரு சரியான முறையில் எடுக்கப்படுகிறதென்று சொல்லப்படுகிறது. அந்த முறை மக்களுக்குப் பயன்படக்கூடிய முறையா என்று விரிவாகக் கூறப்படவில்லை. பின்பு லெவி முறை கொண்டுவரப்பட்டிருக்கிறதேயொழிய அதில் கூறப்பட்டிருக்கிற தரையிலிருந்து எடுக்கப்படுகிற

[Sri. R. K. Ram]

நெல் எவ்வளவு, எங்ஙனம் எடுக்கவேண்டும், அது எங்ஙனம் நிச்சயிக்கப்படுமென்றும் ஒன்றும் கூறாமல் அந்தந்த ஸ்தலம் தாசில்தார் தான் ஒவ்வொரு தரையிலிருந்தும் இவ்வளவு நெல்லெடுக்கவேண்டுமென்று குறிப்பிட வேண்டியது என்று சொல்லப்பட்டிருக்கிறது. உண்மையாகவே இந்த நெல்லெடுப்பு சரியாக நடக்கவேண்டும், நாமும் சரியாக நடக்கவேண்டுமென்று தாசில்தார்கள் நினைத்தாலும் மோசமான நிலைமையைத்தான் செய்யும். நல்ல தாசில்தார்கள் கூட சில சமயங்களில் பலவித சூழ்நிலையினால் நெல்லெடுப்பு சமயத்தில் மக்களிடம் சரியாக நடந்துகொள்ள முடியாமல் போய்விடுவார்கள். இதற்குப் பல சான்றுகள் இருக்கின்றன. அதே போல் ஜி. பி. தாசில்தார்கள் மக்களிடம் நல்ல முறையில் நடந்துகொண்டாலும் பல காரணங்களால் அவர்களுக்கு உடனே ஒரு மாற்றம் ஏற்படுகிறது. ஜி. பி. ஆபீசர்கள் நிச்சயிப்பது போல் நெல்லெடுக்கவேண்டுமென்று ஒரு திட்டமிருக்குமானால் அந்த முறை மக்களுக்கு எவ்விதம் உபகாரப்படும் என்பதை ஆலோசிக்கவேண்டும். லெவி முறை என்று சொல்லி இஷ்டம்போல் நெல் எடுப்பது என்பது அரசாங்கம் செய்துவரும் ஒரு சூட்சி. ஸர், ஒருயிடத்தில் எவ்வளவு நெல் விளைகிறது, எவ்வளவு எடுக்கவேண்டும், என்று ஒரு நெல்லெடுப்பு முறையை அனுசரித்து நெல்லெடுப்பார்களானால் அந்த முறை நல்லது என்று சொல்லலாம். அப்படியானால் அரசாங்கம் இப்படியல்ல செய்யவேண்டியது. அந்த ஊர்களில் Peoples Committee. மக்களால் ஒரு கம்மிற்றி ஏற்படுத்தி, அந்தக் கம்மிற்றி அங்கு எவ்வளவு நெல் விளைகிறது, எவ்வளவு நெல் எடுக்கவேண்டுமென்று நிச்சயிக்கும். அப்படி யெடுக்கப்படும் நெல்லை அங்குள்ள ஏழை ஜனங்களுக்கு நல்ல முறையில் கொடுக்கவேண்டும். மீதியை பற்றுக்குறை ஊர்களுக்கு அனுப்பவேண்டும். அல்லாது தாசில்தார் இஷ்டம்போல் எடுக்கவேண்டுமென்று சொன்னால் மக்களுக்குப் பயன்படக் கூடிய முறையில் நெல்லெடுக்கமாட்டார்கள் என்பது அர்த்தம். தாசில்தார்களிடமோ, ஜி. பி. ஆபீசர்களிடமோ நெல்லெடுப்பை விடுவதும், procurement என்று சொல்வதும் தப்பிதமானது. இதெல்லாம் அரசாங்கத்தின் ஒரு சூட்சியாகும்.

ஸர், இனி ரேஷன் முறை சரியாக நடக்கிறதென்றும், நெல் சேமித்து வைத்திருப்பவர்களிடமிருந்து நெல்லெடுக்கப்பட்டு, அது ஏழை ஜனங்களுக்கு விதரணம் செய்யப்படுகிறது என்றும் ஸ்ரீ. மாரார் சொன்னார்கள். இது ஒன்றும் இப்போது நடக்கப்படுவதில்லை. திருவிதாங்கூர்—கொச்சி ஐக்கிய ராஜ்யத்தில் எட்டு லெக்ஷம் ஏக்கரில் நெல் கிருஷி செய்யப்படுகிறது என்று Land policy Committee Report ல் சொல்லப்பட்டிருக்கிறது. அதில் எண்பதினாயிரம் ஏக்கர் கோயில்களுக்கும், சர்ச்சுகளுக்கும், மாஸ்க்குகளுக்கும் சொந்தமானவை என்று குறிப்பிடப்பட்டிருக்கிறது. இந்த எட்டு லக்ஷத்தில் எண்பதினாயிரம் ஏக்கர் நிலத்தில் ஒருவருக்கும் யாதொரு பயன்படாமல் அங்கேயே சேமித்து வைக்கப்பட்டிருக்கிறது. அந்த நெல்லை எடுத்து, மக்களுக்குக் கொடுக்க அரசாங்கம் ஏதாவது ஏற்பாடு செய்திருக்கிறதா என்று கேட்டால் ஒன்றுமில்லை. ஒரு இடத்தில் யாருக்கும் பிரயோஜனமில்லாமல் சேமித்து வைத்திருக்கும் நெல்லை எடுக்காமல் மற்றயிடங்களிலிருந்து எடுப்பது என்பது ஏனென்று தெரியவில்லை. மக்களுக்குப்பிரயோஜனப்படாமல் சேமித்து வைத்திருக்கும் நெல்லை அர

சாங்கம் நியாயமான விலைகொடுத்து அந்தந்த ஊர்களில் நியாயமான விலைக்குக் கொடுக்க கடைகள் திறந்து, அந்தக் கடைகள்மூலம் நெல் சரியான விலைக்குக் கொடுப்பார்களானால் இந்த கருஞ்சந்தையே வராது. அதைச் செய்ய இந்த கவர்மென்டுக்கு மனது வரவில்லை. ஆனால் மக்களைக் கொள்ளையடிக்கக்கூடிய முறையில் ஒரு லெவி ஸிஸ்டத்தை அரசாங்கம் ஏற்படுத்தியிருக்கிறது. சர்வதேச நிலைமை அதிகக் கவலை நிறைந்ததாகவே இருக்கிறது. நம்முடைய நாடும் ஒரு சிக்கலான நிலைமையிலிருக்கிறது. அனேக நாடுகளில் பொருள்களை சேமித்து, குமித்து வைத்தும் வருகிறார்கள். இன்னும் சில நாடுகளில் யுத்தத் தளவாடங்கள் அணுகுண்டுகள் தயாரிப்பு முதலியன திட்டங்களிலிருந்து வருவதால் நம் நாடும் பாதிக்கப்பட்டிருக்கிறது என்று சொற்பொழிவில் கூறப்பட்டிருக்கிறது. ஸர், இவைகளெல்லாம் நம்மை பாதிக்கிறது என்று சொல்ல முடியாது. ஒருவேளை நாம் அதை ஒப்புக்கொண்டாலும் நெல் உற்பத்தியைப் பெருக்க பாதிக்கவே பாதிக்காது. யுத்தத் தளவாட உற்பத்தியில் ஈடுபட்டிருக்கும் ரஷ்யாவிலும் சண்டையில் ஈடுபட்டிருக்கும் சைனாவிலும், உணவு உற்பத்தி பெருகிக்கொண்டே வருகிறது. யுத்த பீதியால் திருவிதாங்கூர்-கொச்சி எவ்வளவு பாதிக்கப்பட்டிருக்கிறது என்று பார்த்தால் ஒன்றுமே காணவில்லை.

ஒரு லக்ஷம் ஏக்கர் நிலத்திற்குப் பலனளிக்கக்கூடிய முறையில் நீர்ப்பாசனத்திற்காக வேலைகள் நடந்துகொண்டிருப்பதாகவும், பீச்சித் திட்டம் சாலக்குடித் திட்டம், பெருஞ்சாணித் திட்டம் முதலிய திட்டங்களில் வேலை நடந்துவருவதாகவும் ராஜப்பிரமுகர் சொற்பொழிவில் கூறப்பட்டிருக்கிறது. பெருஞ்சாணி அணைத் திட்டம் துடங்கி இவ்வளவு வருடங்களாகியும் அதைக் கட்டி முடிக்காமல் இன்னும் கட்டப்பட்டு வருகிறது என்று சொன்னால் உண்மையிலேயே இந்த அணையைக் கட்ட அரசாங்கத்திற்கு முடியவில்லையா அல்லது அதைக் கட்டி முடிக்க மனப்பான்மை இல்லையா என்று கேட்கிறேன். கோதையாற்றுத் திட்டத்தில் ஒரு லக்ஷம் ஏக்கர் பயிர் செய்ய முடியும் என்றறிந்ததுபோக ஐம்பதினாயிரம் ஏக்கர் கூட பயிர் செய்ய முடியுமா என்று கேட்கிறேன். கோதையாற்றிலே இவ்வளவு ஏக்கர்தான் பயிர்செய்ய முடியுமென்றால் பெருஞ்சாணியில் எவ்வளவு ஏக்கர் பயிர்செய்ய முடியுமென்று பார்க்கவேண்டும். பேச்சிப்பாறையில் ஐம்பதினாயிரம் ஏக்கர்தான் பயிர்செய்ய முடியுமென்றால் பெருஞ்சாணியில் ஒன்றுமே முடியாது என்று சொல்லவேண்டும். தண்ணீரை மாத்திரம் தேக்கவைத்தால் போதாது. தேக்க வைக்கும் தண்ணீரை சரியான முறையில் பாய்ச்சுவதற்கு இடமில்லையானால் பிரயோஜனமில்லை. பெருஞ்சாணியும் இது போல்தான் கட்டப்பட்டு வருகிறது. தென் திருவிதாங்கூரிலுள்ள ஒரு சானலும் பழுதுபார்க்கப்படவில்லை என்பதை இங்கு கூறிக்கொள்கிறேன்.

தொழிலாளர்களுக்கு வேண்டுவன செய்யப்பட்டிருப்பதாக ராஜப்பிரமுகர் சொற்பொழிவில் கூறப்பட்டிருக்கிறது. **'My Government have always been keenly alive to the supreme importance of having a happy and contented labour population for the welfare and prosperity of the country.** என்று இந்த நாட்டின் நன்மைக்காகவும், வளர்ச்சிக்காகவும் தொழிலாளர்கள் வர்க்கத்தை வைத்துக்கொண்டிருப்போம் என்று சொல்லப்பட்டிருக்கிறது. ஒரு தொழிலாளி வர்க்கத்தை இப்படி வைத்திருப்போம் என்றால் முதலா

[Sri. R. K. Ram]

ளி வர்க்கம் வாழ என்று குறிப்பாகச் சொல்லப்பட்டிருக்கிறது. இதிலிருந்து அரசாங்கம் தொழிலாளிகளுக்கு எதெல்லாமோ செய்துவிட்டதாக சொற்பொழிவில் காணப்படுகிறது. இதெல்லாம் பெயரளவில் தான் செய்யப்பட்டு வருகிறது. உதாரணமாக எங்கள் நாட்டில் நாகர்கோவில் டவுனில் பயோனியர் என்ற ஒரு முதலாளி Electricity supply செய்து வருகிறார். அவர் தொழிலாளிகளுக்கு செய்துவரும் இன்னல்கள் பல. நாகர்கோவிலிலுள்ள மின்சார விளக்குகள் ஆறு மணிக்கு ஏற்றப்பட்டு உடனே அணைந்து விடுகின்றன. இவ்விளக்குகள் இப்படி அணைவதினால் இருட்டில் கொள்ளைகளும் கொலைகளும் பல நடந்ததுண்டு. இந்த அரசாங்கத்திற்கு கண்ணுமில்லை. இந்தக் கேசுகளை உண்மையாக கண்டுபிடிக்க வேண்டுமென்று போலீஸார் முன்வருவார்களானால் தற்போதிருக்கும் கவர்ன்மென்றின் நிலைமையினால் அவர்களுக்கும் ஒன்றுமே செய்யமுடியாமல் போகிறது. உத்தியோகஸ்தர்கள் பயோனியர் சொல்வதுபோல் தான் கேட்கிறார்கள். ஜனநாயகம் ஜனநாயகம் என்றுபேர் வைத்துக்கொண்டு மக்களை அடிமைப்படுத்தி, மக்களைப் பட்டினியால் வாட்டுகிறார்கள். அதனால் இவைகளையெல்லாம் மாற்றி, உண்மை ஜனநாயக சர்க்காரை நிலவ நாம் யாவரும் சேர்ந்து பாடுபட வேண்டுமென்று கேட்டுக்கொள்கிறேன்.

Sri. T. Kochukrishna Pillai: Sir, I move the following amendment:—

"Add at the end of the thanks-giving motion the following:

"But regret that the policy of Government regarding the collection of land tax disregarding the nature of lands and the wayward way of launching grow more food campaign in Travancore Tamil Nad is unsound and ill-suited".

இந்தத் தீர்மானத்தின் முதல்பாகம் அடிப்படை கரத்தைப்பற்றி. அடிப்படை வரிகள் என்பதெல்லாம் பேரளவில் தானிருக்கவேண்டும்.

இந்த அடிப்படை வரிகள் இன்று விலக்கப்பட்டிருக்கின்றன. ஸென்டுக்கு கால் சக்கரமாக இருந்தது காலணாவாக மாற்றப்பட்டிருக்கிறது. இந்தக் கரமானது சகல பூமிகளிலிருந்தும், விளைவு நிலங்களுக்கும், ஒன்றுமே விளையாத நிலங்களுக்கும் வாங்கப்படுகிறது. தென் திருவிதாங்கூரில் சில ஸ்தலங்களில் ஒன்றுமே உண்டாவதில்லை. அந்த நிலங்களில் ஏதாவது விளைவுப் பொருள்கள் பயிரிடுவதற்கு அரசாங்கம் நீர்பாசன வசதிகள் செய்துகொடுக்க இதுவரை முன்வரவில்லை. முட்டம் முதலிய இடங்களில் 600 ஏக்கருக்குமேல் பூமிகள் யாதொரு பிரயோஜனமுமில்லாமல் கிடக்கின்றன. இந்த பூமிகளுக்குக் கூட சென்றுக்கு காலணா கரம் கொடுக்கவேண்டியிருக்கிறது. இந்த யிடங்களில் ஒருவிதமான புல் மாத்திரமே வளருகின்றது. இந்த அரசாங்கம் இந்த இடத்திற்கு நீர்பாசன வசதி செய்துகொடுக்க முன்வராமலிருக்கும் வரையில் (Grow more Food Campaign) உணவுப் பெருக்குத் திட்டம் எந்த முறையில் தென் திருவிதாங்கூரில் நடந்து வருகிறது என்பதை இந்த சபையில் தெரிவிக்க ஆசைப்படுகிறேன். ஸர், நீர்பாசனத்தைப் பற்றி, ஒரு சட்டம் அமுலிலிருக்கிறது. அந்தச் சட்டத்தின்படி வேண்டிய அமைப்பு ஒன்றுமே அங்கே யில்லாமலிருக்கிறது. நீர்பாசன சட்டத்தின்படி ஒரு கண்டொட்டியை ஆக்கவேண்டுமென்று கூறப்பட்டிருக்கிறது. தென் திருவிதாங்கூரில் கிருஷிகர் சங்கமிருக்கிறது. அதில் இந்த கண்டொட்டித் திட்டம் வேலை செய்து வருகிறது. அரசாங்கத்தாரிடம் இதைப்பற்றி கேட்டபோது அவர்களுக்கு அர்த்தம் தெரியாமல் முழித்தார்கள். கண்டெழுத்து என்பது அங்குள்ள கிருஷிகர்கள் தங்களில் ஒருவனை

தேர்ந்தெடுத்து, அவனைக்கொண்டு அங்கே நீர்பாய்ச்சுவது. இது ஒரு சரியான முறை. ஆனால் இதற்கு மாறாக சில பணக்கார கும்பல்கள் அவர்களது நிலங்களுக்கு அவர்கள் தாங்களாகவே ஒரு கண்டெட்டி ஏற்படுத்தியிருக்கிறார்கள். அது ஜனநாயக முறையல்ல. இப் பணக்காரக் கும்பல் செய்வது நியாயமல்லவென்று சர்க்காரிடம் முறையிட்டிருக்கிறோம். கண்டெட்டி சரியான முறையில் வேலை செய்யாததினாலும், தண்ணீர் வசதி சரியாகயில்லாததினாலும், உள்ள தண்ணீரை சரியானமுறையில் கொடுக்காமலிருப்பதினாலும் தென் திருவிதாங்கூரிலிருக்கிற நிலங்களில் குறுகிய கால பயிர்களைப் பயிரிடவேண்டியதாயிருக்கிறது. இவைகள் நெடுங்கால பயிர்களைப் போல் பலனளிப்பதில்லை. பயறு, உளுந்து, எள்ளுபோலுள்ள தானியங்கள் இவைகளில் பயிரிடப்படுகின்றன. குறுகியகால பயிர்களிலுள்ள கதிர்களை உருவிப் பார்த்தால் ஐம்பது நெல் மணிகளுக்குக் கூடுதலிராது. ஆனால் நெடுங்கால நெல்கதிர்களில் 120 மணிகளுக்கு மேலிருக்கும். பேச்சிப்பாறை அணையை சீர்படுத்தி, கால்வாய்களை செப்பனிட்டு அங்குள்ள கிருஷிகர்களுக்குப் போதுமான தண்ணீர் கொடுங்கள், நீங்களும் வேண்டிய நெல்லைப் பெற்றுக்கொள்ளுங்கள். ராஜப்பிரமுகருடைய சொற்பொழிவில் ஏதெல்லாமோ கூறப்பட்டிருக்கின்றன. இவைகளெல்லாம் பழைய பல்லவிகள் தான். தென் திருவிதாங்கூர் கிருஷிக்காக மேறு எவ்வளவோ அணைத்திட்டங்களையும், நீர்பாசன திட்டங்களையும் வகுத்திருந்தார்கள். கூடுதலாக ஒன்றுமே நடக்கவில்லை. உதாரணமாக மாம்பழத்துறை அணை. அப்போது இருந்த சீப் இன்ஜினீயர் ஹார்வி இந்த அணையைப்பற்றி இங்ஙனம் குறிப்பிட்டு இருக்கிறார் The catchment of the river is such that a slight shower of rain will bring such a quantity of water in P.Puthanar that in a few hours the escape calingulah in the 15th mile which is 120 ft. long will have $1\frac{1}{2}'$ of water going over its crest. The discharge of this river bears an enormous ratio to the rain fall on its catchment and is one of the best adopted for a resurvoir. இந்த இடத்தில் ஒரு அணை கட்டித்தரவேண்டுமென்று அப்போதுள்ள மந்திரியிடம் நாங்கள் தூது சென்றோம். அது கனம் மார்க்கோஸ். அவர் அங்கு வந்து ஒரு சொற்பொழிவாற்றினார். உங்களுக்கு இதையும் செய்து தருகிறேன், அதை சீக்கிரம் முடிக்கிறேன் என்றும் சொன்னார்கள். ஒரு படமும் பிடிக்கப்பட்டது. அது இன்றும் படமாகவே இருந்துவருகிறது. இந்த அணை கட்டாததினால், மழைக் காலங்களில் வள்ளியாற்றில் உடைப்பெடுத்து, இரண்டு மூன்று வருடங்களாக அங்குள்ள சில பூமிகளில் பயிரிட முடியாமலிருக்கிறோம்.

நெல் விவசாயத்திற்கு இவ்வளவு நெல் செலவாகுமென்று கணக்கெடுக்கப்பட்டிருக்கிறது. அது குட்ட நாட்டிற்கு வேறு, நாஞ்ச நாட்டிற்கு வேறு என்றிருக்கிறது. குட்ட நாட்டில் வெள்ளக்கூடுதலினால் சேதம் ஏற்படுகிறது. ஆனால் நாஞ்ச நாட்டில் வெயிலின் கொடுமையால் தேய்வு ஏற்படுகிறது. கூடுதல் நெல் விளைவிக்க குட்ட நாட்டில் தண்ணீர் வேண்டுமென்பது அவசியமில்லை. ஆனால் நாஞ்சநாட்டில் மழைக் குறைவினால் போதிய நெல் விளைவிக்க முடியாமலிருக்கிறது. வேறு ஒரு விஷயம். கூடுதலாக உணவு உற்பத்தி செய்வதற்கு கலப்பு உரம் கொடுக்கப்பட்டு வருகிறது. ஆனால் இந்த உரத்தில் என்னைப்போலுள்ளவர்களுக்கு நம்பிக்கையில்லை. தயவுசெய்து இந்தக் கலப்பு உரத்தை அங்கே அனுப்பவேண்டாம். நல்ல உரத்தை அங்கே அனுப்பி உணவைப் பெருக்க வேண்டு

[Sri. T. Kochukrishna Pillai]

மென்று கேட்டுக்கொள்கிறேன். மேலும் ஒரு விண்ணப்பம். புதுவல் நிலங்கள் அறுவடையாகி இருவாரமாகின்றது. பேச்சுப்பாறையில் பன்னிரண்டு அடிக்குமேல் தண்ணீர் இருக்கிறது. இந்த தண்ணீரை திறந்துவிடுவீர்களானால் அந்த நிலங்களில் குறுகிய கால பயிர்கள் செய்யலாம். தண்ணீர் வசதியுள்ள இடங்களில் இப்பயிர் செய்யப்பட்டு வருகிறது. அதனால் பேச்சுப்பாறை தண்ணீரை குறுகிய காலப்பயிர் செய்ய திறந்துவிட வேண்டுமென்று கேட்டுக்கொள்கிறேன்.

Sri. Ittiera Ambookan: I move the following amendment: "Add at the end of the motion the following:

"But regret to say that the Government policy about maintaining law and order is not comprehensive, that the education policy of the Government is defective, and that the food production and procurement policy of the Government is defective and inefficient."

സർ, ഏതൊരു ഗവമ്മെണ്ടിന്റെയും പ്രഥമവും പ്രധാനവുമായ ചുമതല രാജ്യത്തു നിയമസമാധാനങ്ങൾ പരിപാലിക്കുക എന്നുള്ളതാണ്. എന്നാൽ ഇന്നത്തെ ജനകീയഗവമ്മെണ്ട് തിരു—കൊച്ചി സംസ്ഥാനത്തു അധികാരത്തിൽ വന്നതിനുശേഷം, അതായതു്, ഈ കാൺഗ്രസ് ഗവമ്മെണ്ട് ഇവിടത്തെ ഭരണമേധാവികളായി തീന്നതിനുശേഷം, ഈ രാജ്യത്തു നിയമസമാധാനങ്ങൾ പരിപാലിക്കപ്പെടുന്നതു എപ്രകാരമാണെന്നു ഒരു നിഷ്പക്ഷ നിരീക്ഷകന്റെ നിലയിൽ നിന്നുകൊണ്ട് അല്പം ആലോചിക്കുകയാണെങ്കിൽ തീച്ചയായും ഇൻഡ്യയിൽ മറെറാരു നാട്ടുരാജ്യത്തേക്കാളും പുരോഗമിച്ചിട്ടുള്ളതെന്നു പരക്കെ സമ്മതിക്കപ്പെട്ടിരുന്ന നമ്മുടെ ഈ സംസ്ഥാനം എത്രമാത്രം അധഃപതിച്ചുപോയി എന്ന് മനസ്സിലാക്കാൻ സാധിക്കും. ഏറക്കുറെ ഇന്ന് ഈ രാജ്യത്തു നടമാടുന്ന അസമാധാനത്തിനും അരാജകത്വത്തിനും കാരണക്കാർ ഇന്നു ഭരണം നടത്തുന്ന പാർട്ടിയിലെ അംഗങ്ങളാണെന്നു എനിക്ക് നിസ്സംശയം പറയാൻ സാധിക്കും. അടുത്തകാലത്തു ശ്രീമതി, അല്ല, കുമാരി ആനിമസ്ക്രീൻ മൂത്തകുന്നത്തുവച്ചു് ചെയ്ത ഒരു പ്രസംഗത്തിൽ ഇന്നു ഭരണംനടത്തുന്ന ക്യാബിനററിലെ ഒരു മന്ത്രി പൊതുമുതൽ അപഹരിച്ചു എന്നു പച്ചയായി പറഞ്ഞതിനുശേഷവും ആ മന്ത്രി ക്യാബിനററിൽ തുടരുകയും ഒരു പ്രസ്സ്നോട്ടിറക്കി ആ ആരോപണങ്ങൾ കള്ളമാണെന്നു പറഞ്ഞതിനുശേഷം അവരുടെ മേൽ യാതൊരു നടപടിയും നടത്താതെ ഗവമ്മെണ്ട് കണ്ണടക്കുന്നതും വാസ്തവത്തിൽ എന്തനീതിയാണ്, എന്തസംബന്ധമാണ് എന്നെനിക്ക് മനസ്സിലാകുന്നില്ല. കുമാരി ആനിമസ്ക്രീൻ പറഞ്ഞതു വാസ്തവമാണെങ്കിൽ എന്തുകൊണ്ട് മന്ത്രി ശ്രീ. ഫിലിപ്പോസിന്റെ പേരിൽ ഗവമ്മെണ്ട് നടപടി നടത്തുന്നില്ല? അതല്ല കുമാരി ആനിമസ്ക്രീന് തന്റെ മന്ത്രിപദം നഷ്ടപ്പെട്ടതിൽ ഉള്ള നൈരാശ്യംകൊണ്ടാണ് ഇത്തരം ആരോപണങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതെങ്കിൽ എന്തുകൊണ്ട് അവരുടെ പേരിൽ നടപടി നടത്തുന്നില്ല? ഏതായാലും വളരെ ഒന്നും അറിവില്ലാത്ത സാധാരണ ജനങ്ങളെ വെകളിപിടിപ്പിക്കുന്ന ഇത്തരം പ്രസംഗങ്ങളും ഗവമ്മെണ്ടിന്റെ മൗനംദീക്ഷിക്കലും രാജ്യസമാധാനത്തിനു ഭഞ്ജകമാണെന്നു ഞാൻ സഭയെ ഓമ്മിപ്പിച്ചുകൊള്ളുന്നു. എന്നെപ്പോലെയുള്ളവക്ക്, അല്ലെങ്കിൽ എനിക്ക് ഇവിടെ ആരു ഭരിച്ചാലുംകൊള്ളാം ന്യായവും സമാധാനവും നീതിയും നടക്കണം എന്നേ ഉള്ളു. ഈ അഭിപ്രായമുള്ള അനവധിപേരെ ഈ രാജ്യത്തു കാണാൻ സാധിക്കും. അങ്ങിനെ ന്യായത്തിനും നീതിക്കും സമാധാനത്തിനുംവേണ്ടി നിലകൊള്ളുന്നവക്ക് ഇപ്രകാരമുള്ള പ്രസംഗങ്ങൾ കേൾക്കുമ്പോൾ, അല്ലെങ്കിൽ വായിക്ക

മ്പോൾ, വാസ്തവത്തിൽ ദുസ്സഹമായ ഹൃദയവേദനയാണു് ഉണ്ടാകുന്നതു്. ഒരു പക്ഷേ അവർ പറഞ്ഞതു ശരിയായിരിക്കാം. എന്നാൽ എനിക്കു് അവരോടും, അതുപോലെ മന്ത്രിമാരെ സംബന്ധിച്ചു് തികച്ചും അറിവില്ലാതെ പ്രസംഗമണ്ഡപങ്ങളിൽ ഓരോന്നു പുലമ്പുന്നവരോടും ഒന്നു ചോദിക്കാനുണ്ടു്. അവർ കാൺഗ്രസ്സ് പാർട്ടിയിലെ അംഗമാണു്, പാർട്ടിയിൽ അതിനുള്ള സൗകര്യമില്ലേ, സാവകാശമില്ലേ, സമയമില്ലേ എന്നു്. അവിടെ പറയാതെ രാജ്യത്തെ നിരക്ഷരകുക്ഷികളായ സാധാരണ ആളുകളുടെയിടയിൽ ഇത്തരം പ്രസംഗങ്ങൾ കൊണ്ടു് വിപ്ലവവിത്തുകൾപാകി ഏതെങ്കിലും വിധത്തിൽ വീണ്ടും അധികാരത്തിൽ വരാനാണു് ഭാവമെങ്കിൽ അതു നിശ്ചയമായും ഒരു വഴിപിഴച്ച മാർഗ്ഗമാണു്.

സർ, ഇന്നത്തെ മന്ത്രിസഭയെക്കുറിച്ചു് തികച്ചും ആക്ഷേപാർഹമായ സ്വഭാവത്തിൽതന്നെ എനിക്കു് ഒരു കാര്യം പറയാനുണ്ടു്. ഏതാണ്ടു് ഒരു നല്ല കാലയളവു് കഴിഞ്ഞിട്ടുണ്ടു് ശബരിമലയിലുണ്ടായിട്ടുള്ള ഒരു വലിയ സംഭവം നടന്നിട്ടു്. കഴിഞ്ഞ നിയമസഭകളിലും മററു പലയവസരങ്ങളിലും എന്റെ സ്നേഹിതൻ ശ്രീ. ശങ്കരം മററും ഇതിനെ സംബന്ധിച്ചു് പറഞ്ഞപ്പോൾ എനിക്കും തോന്നിയിട്ടുണ്ടു് അതിനു കുറച്ചു് സമയവും സാവകാശവുമെല്ലാം ആവശ്യമാണെന്നു്. എന്നാൽ വേണ്ടുവോളം സമയവും സാവകാശവും ഉണ്ടായിരുന്നു. എന്നിട്ടും ഇപ്പോഴും യാതൊരു തുമ്പും ഉണ്ടായിട്ടില്ലെന്നു അറിയുമ്പോൾ ഇന്നത്തെ മന്ത്രിസഭ ഇക്കാര്യത്തിൽ ഒരു അലസമനോഭാവമാണു് പ്രദർശിപ്പിക്കുന്നതെന്നു പറയാതെ തരമില്ല. സർ, ഞാൻ ഒന്നു പറയുന്നു. ശബരിമല തീവച്ചതു് ഒരു ക്രിസ്ത്യാനിയാണെങ്കിൽ അവനെപ്പിടിച്ചു് ഇങ്ങോട്ടേല്പിക്കുക, ക്രിസ്ത്യാനികൾതന്നെ അവനെ ചുട്ടുകാണിച്ചുകൊടുക്കാം. അതല്ല, ഒരു ഹൈന്ദവനാണെങ്കിൽ അവനെപ്പിടിച്ചു് അയ്യപ്പഭക്തന്മാരെത്തന്നെ ഏല്പിക്കുക. അവർ അയാളെ ശിക്ഷിച്ചുകൊള്ളട്ടെ. സർ, ഇതു ചിരിക്കാനുള്ള കാര്യമല്ല. ഈ രാജ്യത്തു ഹൈന്ദവരും ക്രിസ്ത്യാനിയുംതമ്മിൽ സംഘട്ടനം ഉണ്ടാക്കാനും രാജ്യത്തു രക്തപ്പുഴ ഒഴുക്കാനും ഇടയാക്കുന്ന ഗൗരവമുള്ള കാര്യങ്ങളാണിവ. ഒരുവശത്തു അയ്യപ്പനെ ചുട്ടെരിക്കുന്നു. മറെറാരുവശത്തു മാതാവിനെ ചുട്ടെരിക്കുന്നു. ഇതാണു് ഇന്നു് രാജ്യത്തു നടക്കുന്നതു്. കാൺഗ്രസ്സ് ഗവമ്മെണ്ടിന്റെ നിയമസമാധാന പരിപാലനം ഈ മട്ടിലാണെങ്കിൽ ഇതു അധികകാലം നില്ക്കുമെന്നു് എനിക്കു് തോന്നുന്നില്ല. രാജ്യത്തു സമുദായവിദ്വേഷം നിർമ്മാർജ്ജനം ചെയ്യണമെന്നു് പ്രസംഗിച്ചുനടക്കുന്ന ഒരുകൂട്ടർ ഇവിടെയുണ്ടു്. ഇങ്ങനെ പ്രസംഗങ്ങൾ നടത്തുന്നതല്ലാതെ അതിലേക്കുവേണ്ടി യാതൊന്നുംതന്നെ ഇവിടത്തെ ഗവമ്മെണ്ടോ മന്ത്രിസഭയോ ഭരണംനടത്തുന്ന പാർട്ടിയോ ചെയ്യുന്നില്ല. സമുദായ വിദ്വേഷം ഈ രാജ്യത്തു അനുദിനമെന്നോണം വർദ്ധിച്ചുവരികയാണു്. ഇതിനെ അമർച്ചചെയ്യുവാൻ ഗവമ്മെണ്ടിനു സാദ്ധ്യമല്ലെങ്കിൽ അവർ ആ കൃത്യം ഇങ്ങു വിട്ടേക്കട്ടെ എന്നാണു് ഞാൻ പറയുന്നതു്. ഞങ്ങളും കഴിയുന്നതു പ്രവൃത്തിച്ചുനോക്കാം. പക്ഷെ ഈ രാജ്യത്തു സമാധാനം ഉണ്ടാകണമെന്നും ക്ഷേമമുണ്ടാകണമെന്നും എല്ലാ ജനവിഭാഗങ്ങളും ഏകയോഗക്ഷേമമായി കഴിയണമെന്നും ആഗ്രഹിക്കുന്നവർക്കു് ഇങ്ങിനെയുള്ള കാര്യങ്ങളിൽ എടുത്തുചാടാൻ അല്പം മടിയുണ്ടു്.

സർ, ഭക്ഷ്യപ്രശ്നത്തെപ്പററിയാണു് ഇനി ചിലതു പറയാൻ ഉദ്ദേശിക്കുന്നതു്. രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗത്തെ സ്വാഗതം ചെയ്തുകൊണ്ടും തിരുമനസ്സിലേക്കു് നന്ദി പ്രദർശിപ്പിച്ചുകൊണ്ടും എന്റെ സ്നേഹിതൻ ശ്രീ. ബാലകൃഷ്ണമാരാർ പറയുകയുണ്ടായി രാജ്യത്തുള്ള ഭക്ഷണസാധനങ്ങൾ ശരിയായി വിതരണം ചെയ്യുന്നതുകൊണ്ടുമാത്രംതന്നെ ഇവിടത്തെ ക്ഷാമം അവസാനിക്കുമെ

[Sri. Ittiera Ambookan]

ന്നു്. സർ, കൃഷിക്കാരിൽനിന്നും ഉള്ളതു പിടിച്ചുപറിച്ചു് ഇല്ലാത്തവനു് സമവീതം വച്ചതുകൊണ്ടു് ഈ രാജ്യത്തെ ഭക്ഷ്യ പ്രശ്നത്തിന്നു് യാതൊരു പരിഹാരവും ഉണ്ടാകാൻ പോകുന്നില്ല. ഇതുവരെയായി ഈ രാജ്യത്തെ പാവപ്പെട്ട കർഷകരുണ്ടാക്കുന്നതു പിടിച്ചെടുത്തു പങ്കുവയ്ക്കാനല്ലാതെ ഒരുമണി നെല്ലുപോലും കൂടുതൽ ഉണ്ടാക്കാൻ ഇവിടത്തെ ഗവമ്മെണ്ടിനു സാധിച്ചിട്ടില്ലെന്നുള്ളതാണു് പരമാർത്ഥം. ഇവിടത്തെ ഭക്ഷ്യോല്പാദന പ്രവർത്തനങ്ങളെക്കുറിച്ചു് രാജ്യത്തു എത്രമാത്രം ആക്ഷേപങ്ങളാണു് നിലവിലിരിക്കുന്നതെന്നു് എനിക്കറിയാം. ഞാൻ ഇതു പറയുമ്പോൾ വ്യക്തിപരമായ വിദ്വേഷംകൊണ്ടാണെന്നു ചിലർ പറഞ്ഞേക്കാം. എങ്കിലും പരമാർത്ഥങ്ങൾ പറയാതെ നിവൃത്തിയില്ല. കൃഷിയെ സംബന്ധിച്ചു് യാതൊരു വിവരവുമില്ലാത്ത ഒരാളെയാണു് ഈ രാജ്യത്തെ ഫുഡ്പ്രൊഡക്ഷൻ ബോർഡിന്റെ ചെയർമാനായി വച്ചുകൊണ്ടിരിക്കുന്നതു്. യാതൊന്നും അറിഞ്ഞുകൂടാത്ത, ചുക്കും ചുണ്ണാമ്പും തിരിച്ചറിഞ്ഞുകൂടാത്ത ഒരാളെ, രാജ്യത്തെ ഭക്ഷ്യനിലയും റേഷനിംഗും അത്യന്തം ഗുരുതരമായ ഒരു ഘട്ടത്തിലെത്തിയിരിക്കുന്ന ഈയവസരത്തിൽ, ഭക്ഷ്യോല്പാദനത്തിന്റെ ചുമതല ഏല്പിച്ചിരിക്കുന്നതു പരിതാപകരമാണു്. ഒരുമണി നെല്ലുപോലും കൂടുതൽ ഉല്പാദിപ്പിക്കാൻ കഴിയാത്ത ഒരു പാവയെപ്പിടിച്ചു് ഇത്ര മർമ്മപ്രധാനമായ ഒരു വകുപ്പിന്റെ മേധാവിയായി വച്ചുകൊണ്ടിരിക്കുക, രാജ്യവ്യാപകമായ ആക്ഷേപങ്ങൾ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരുന്നിട്ടും അതു ഗവമ്മെണ്ട് അറിഞ്ഞില്ലെന്നു നടിക്കുക, സർ, എന്താണിതിന്റെ അർത്ഥമെന്നു് ഞങ്ങൾക്കു മനസ്സിലാകുന്നില്ല.

ശ്രീ. സി. സി. പ്രസാദ്: ഒരു പുതിയ അരി കണ്ടുപിടിച്ചിട്ടുണ്ടെന്നു് അറിയാമോ?

ശ്രീ. ഇട്ടീര അമ്പൂക്കൻ: ഭൂമിയിൽ നെല്ലു വിളയിക്കാൻ സാധിക്കാത്തവർ അത്തരം കണ്ടുപിടിത്തങ്ങൾ നടത്തുക സ്വാഭാവികമാണു്. ഞാൻ യാതൊരു വിദ്വേഷവും വച്ചുകൊണ്ടല്ല ഇതു പറയുന്നതു്. എന്റെ നിയോജകമണ്ഡലത്തിൽ ഒരു ബണ്ടുണ്ടാക്കുന്നതിനു് ഇതിനകം ൮൫,൦൦൦ ഉറുപ്പികയിൽ കൂടുതൽ ചെലവാക്കി കഴിഞ്ഞിട്ടുണ്ടെന്നു പറയുന്നു. ബണ്ടു് കെട്ടിവന്നപ്പോൾ കെട്ടിയിടത്തോളം പൊട്ടിപ്പോയി. അതിനെ സംബന്ധിച്ച വിവരങ്ങൾ സ്ഥലത്തുപോയി അന്വേഷിച്ചറിയാൻപോലും ഇപ്പോൾ നിവൃത്തിയില്ലാതിരിക്കയാണു്. അമ്പൂക്കന്റെ ആളുകൾ രാത്രിയിൽ ബണ്ടു പൊട്ടിച്ചുകളഞ്ഞു എന്നാണു് ഇപ്പോൾ പ്രചരിപ്പിച്ചിരിക്കുന്നതു്. അതുകൊണ്ടു് മാനം മര്യാദയായിട്ടു കഴിയുന്നവർക്കു് ആ ഭാഗത്തേക്കു് ഒന്നു പോകുവാൻപോലും ഇപ്പോൾ നിവൃത്തിയില്ലാതായിട്ടുണ്ടു്. അമ്പൂക്കനാണു് ബണ്ടു് പൊട്ടിക്കുന്നതെങ്കിൽ അതു പകലായിരിക്കും. രാത്രിപോയി പൊട്ടിക്കേണ്ട കാര്യം അമ്പൂക്കനില്ല. പൊട്ടിക്കണമെന്നുണ്ടെങ്കിൽ പകലുതന്നെ പൊട്ടിക്കാൻ അമ്പൂക്കനറിയാം. സർ, ബഹു. കൃഷിവകുപ്പുമന്ത്രിയോടു ഞാൻ തുറന്നു പറയുന്നു, ഇന്നു് മാളയിലെ ജനങ്ങളോടു് ഇതിനെപ്പറ്റിയുള്ള അഭിപ്രായം ആരായുകയാണെങ്കിൽ നൂറേക്കു് തൊണ്ണൂറും ഈ ബണ്ടു് ആവശ്യമില്ലെന്നു പറയുന്നവരാണെന്നു് ബോദ്ധ്യമാകുമെന്നു്. കൃഷിയെസംബന്ധിച്ചു് കുറച്ചെങ്കിലും പരിജ്ഞാനമുള്ള ഏതൊരാളും ഈ ബണ്ടു് ആവശ്യമില്ലാത്തതാണെന്നു പറയുമെന്നുള്ളതു തർക്കമറ്റ സംഗതിയാണു്. ബഹു. മന്ത്രി സ്വീകരിക്കുകയാണെങ്കിൽ ആ സ്ഥലത്തെ ആളുകളിൽ നൂറേക്കു് തൊണ്ണൂറും ഇതിനെതിരാണെന്നുള്ളതു ഒപ്പുശേഖരിച്ചു് അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തിക്കൊടുക്കാൻ ഞാൻ തയ്യാറാണു്. അതല്ല ജനങ്ങളുടെ അഭിപ്രായ

ങ്ങളെ ആദരിക്കാതെ, ആൎക്കും യാതൊരു പ്രയോജനവുമില്ലാതെ ഈവിധം ഇടന്നുപോകുവാനാണ് അനുവദിക്കുന്നതെങ്കിൽ ഈ രാജ്യത്ത് എന്തു നീതിയാണ് നടക്കാൻ പോകുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. രണ്ടു ബണ്ടുകൾ കെട്ടണമെന്നായിരുന്നു ഉദ്ദേശം. പക്ഷെ ഒന്നുകെട്ടിയപ്പോൾ മനസ്സിലായി ഇതപകടമാണെന്ന്. അങ്ങിനെ ഒന്നുകെട്ടി മതിയാക്കി വച്ചിരിക്കയാണ്. അടുത്തതു കെട്ടിയാൽ ഇപ്പോൾ കെട്ടിയതു പൊട്ടിപ്പോകും. ഈ മാതിരിയുള്ള ഇവിടത്തെ ഫുഡ്പ്രൊഡക്ഷൻ പ്രവൎത്തനങ്ങളെക്കുറിച്ച് ഞാൻ കഴിഞ്ഞ നിയസഭയിൽ പറഞ്ഞപ്പോൾ ചിലർ പറയുകയുണ്ടായി അതു വെറും വ്യക്തിവിദ്വേഷമാണെന്ന്. എനിക്കു ഇതുകൊണ്ട് ഏതാണ്ട് നഷ്ടമുള്ളതുകൊണ്ടാണ് ഞാൻ ഇതൊക്കെ പറയുന്നതെന്ന്. പക്ഷെ വാസ്തവം പറഞ്ഞാൽ എനിക്ക് കുറച്ച് ലാഭമാണ്. എന്നാൽ ഇതെല്ലാം കൃഷിയെസംബന്ധിച്ച് പരിജ്ഞാനമുള്ളവരും നിഷ്പക്ഷമായ അഭിപ്രായം പറയുന്നവരുമായ കൃഷിക്കാരോട് ചോദിച്ചു അറിയേണ്ട കാര്യങ്ങളാണ്. ഇതെല്ലാം ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി ശ്രീ. ഫിലിപ്പോസിനും അറിയാം. പക്ഷെ അദ്ദേഹത്തിന് അതൊന്നും ചെയ്യാൻ ധൈൎയ്യമില്ല. അഥവാ പാർട്ടിയെ തൃപ്തിപ്പെടുത്താനൊ പാർട്ടിയംഗങ്ങളുടെ പ്രീതി സമ്പാദിക്കാനോവേണ്ടി അദ്ദേഹം ഇതൊന്നും അറിഞ്ഞില്ലെന്നമട്ടിൽ കണ്ടുകൊണ്ടിരിക്കയായിരിക്കും. സർ, ശ്രീ. ഇക്കണ്ടവാൎയ്യർ പ്രതിനിധീകരിച്ചിരുന്ന ഒല്ലൂർ നിയോജകമണ്ഡലത്തിൽ അടുത്ത കാലത്തു ഒരു തെരഞ്ഞെടുപ്പു നടക്കുകയുണ്ടായി. ഞാൻ പറയുന്ന ആ നിയോജകമണ്ഡലത്തിൽനിന്നും ശ്രീ. ഇക്കണ്ടവാൎയ്യർ തെരഞ്ഞെടുക്കപ്പെട്ട പ്രധാനമന്ത്രി ആയതുകൊണ്ടാണ് ഇത്തവണത്തെ തെരഞ്ഞെടുപ്പിൽ അവിടെ കോൺഗ്രസ്സ് പരാജയപ്പെട്ടതെന്നു.

Mr. Speaker: Those remarks are not relevant for the purpose of the amendment before the House.

ശ്രീ. ഇട്ടിര അമ്പൂക്കൻ: അതെന്തുമാകട്ടെ. ഇപ്പോഴത്തെ ഫുഡ്പ്രൊഡക്ഷൻ ബോർഡ് ചെയർമാനെ മാററി കൃഷിയെസംബന്ധിച്ച് എന്തെങ്കിലും സാങ്കേതികപരിജ്ഞാനമുള്ള ഒരാളെ കണ്ടുപിടിക്കേണ്ടതു എത്രയും അത്യാവശ്യമായിരിക്കുന്നു. ഇതുകളിക്കേണ്ട കാൎയ്യമല്ല. വയറു പൊരിയുന്ന കാൎയ്യമാണ്. വയറുപൊരിഞ്ഞാൽ ആരും ഏതൊരു ഗവമ്മെണ്ടിനേയും എതിരിടുമെന്നുള്ളതു തൎക്കമററകാൎയ്യമാണ്. കൊച്ചിയിൽ അടുത്തു അഞ്ചു തെരഞ്ഞെടുപ്പുകൾ നടന്നു. കാൺഗ്രസ്സ് ഈ തെരഞ്ഞെടുപ്പുകളിൽ പരിതാപകരമായി തോററു. ആരെല്ലാം എന്തെല്ലാം പറഞ്ഞാലും ഈ തോൽവിയുടെ എല്ലാം പ്രധാനകാരണം ഇതാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്തു ഞങ്ങളെപ്പോലുള്ള ചക്ക് ഒരു പ്ലാററഫാറത്തിൽ കയറാൻപോലും സാദ്ധ്യമല്ലായിരുന്നു. അത്രകണ്ടു ജനസമ്മതിയോടും പിൻതുണയോടും കൂടി തെരഞ്ഞെടുപ്പിൽ വിജയിച്ച് കൊച്ചിയിൽ ഭരണഭാരം കയ്യേററ കോൺഗ്രസ്സിന്റെ ഇന്നത്തെ അവസ്ഥ ദയനീയമാണ്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ഗോവിന്ദമേനോനോടു ഞാൻ പറയുന്നു, ഒരു പക്ഷെ അദ്ദേഹത്തിനും കൊച്ചിയിലെ ഒരു പ്രധാന പട്ടണത്തിൽ ഇന്നു പ്രസംഗിക്കണമെങ്കിൽ പോലീസിന്റെ സഹായം തേടേണ്ടിവരുമെന്ന്. ഞാൻ ഇതു അതിശയോക്തിപറയുകയല്ല. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോന്റെ വ്യക്തിപരമായ സാമൎത്ഥ്യവും വാചാലതയുംകൊണ്ട് ഒരുപക്ഷെ അദ്ദേഹത്തിന് പ്രസംഗിക്കാൻ സാധിച്ചു എന്നുവരാം. എങ്കിലും കോൺഗ്രസ്സിന്റെ പൊതുവെയുള്ള സ്ഥിതിയെക്കുറിച്ചാണ് ഞാൻ പറയുന്നതു. അര ഔൺസ്സ് റേഷൻ വൎദ്ധിപ്പിക്കാൻ ഇന്നുവരെ ഇവിടത്തെ ഗവമ്മെണ്ടിനു സാധിച്ചിട്ടില്ല. അടുത്ത

[Sri. Ittiera Ambookan]

ഭാവിയിലെങ്ങും അതു വർദ്ധിപ്പിക്കുന്നതിനുള്ള യാതൊരു ശ്രമവും ചെയ്തിട്ടില്ല. "പെരിഞ്ചാണി—കിരിഞ്ചാണി" ഇങ്ങനെ ചില പദ്ധതികളുടെ പേരുകൾ കൂടക്കൂടെ പറയുന്നതു കേൾക്കാമെന്നല്ലാതെ ഒരു നാഴി നെല്ല് കൂടുതൽ ഉണ്ടാക്കാൻ ഇവിടത്തെ ഗവമ്മെണ്ടിനു കഴിഞ്ഞിട്ടില്ല. ഈ വിധത്തിലാണെങ്കിൽ കഴിയാൻ പോകുന്നുമില്ല. കൃഷിയെപ്പററി പരിജ്ഞാനമില്ലാത്തവരെ കൃഷിയുടെ ചുമതല ഏല്പിച്ചാൽ ഇന്നെന്നല്ല അടുത്ത അഞ്ചു കൊല്ലത്തേക്ക് ഈ കാര്യത്തിൽ ഗവമ്മെണ്ട് യാതൊന്നും സാധിക്കാൻ പോകുന്നില്ലെന്നു എനിക്ക് ധൈര്യമായി പറയാൻ കഴിയും. ഓരോ സ്കീം ആരംഭിച്ചിട്ട് ഉടനെ ഉപേക്ഷിക്കുന്നു. വൈശേരികണ്ടത്തിൽതന്നെ ലക്ഷക്കണക്കിന് രൂപ ചെലവാക്കിയിട്ട ഇപ്പോൾ ആ സ്കീം ഉപേക്ഷിച്ചിരിക്കയാണ്. അതുകൊണ്ട് എനിക്കൊന്നു പറയുവാനുള്ളത് നിങ്ങൾ എപ്പോഴും പ്രസംഗിച്ചു നടക്കുന്ന തൊഴിലാളികൾക്കുവേണ്ടി (മുതലാളിമാരെ അങ്ങു വിട്ടേയ്ക്കുക) അല്പം ആത്മാർത്ഥതയോടുകൂടി ചിന്തിച്ച് ഒരു നല്ലയാളെ, അങ്ങിനെ ഒരാൾ ഈ ഹാളിലില്ലെങ്കിൽ പുറമെനിന്നെങ്കിലും വരുത്തി, ഈ ജോലികളുടെ ചുമതല ഏല്പിക്കണം എന്നാണ്. ഏതാണ്ട് ഇപ്പോൾതന്നെ മാസം ൧,൦൦൦ രൂപയോളം സഞ്ചാരപ്പടിയായിട്ടും മററും ഫുഡ് പ്രൊഡക്ഷൻ ബോർഡ് ചെയർമാന് കിട്ടുന്നുണ്ടെന്നു പറയുന്നു. ൧,൦൦൦ രൂപ പ്രതിമാസം കൊടുത്താൽ എന്തുകൊണ്ട് ഈ കാര്യങ്ങളിൽ പരിജ്ഞാനമുള്ള ഒരു നല്ല ആളെ നമുക്കു കിട്ടുകയില്ല? പക്ഷെ നമുക്കതിൽ താല്പര്യമില്ല, ആത്മാർത്ഥതയില്ല. ഇതാണ് പരമാർത്ഥം. ഈവക കാര്യങ്ങളെ സംബന്ധിച്ചു പറയുമ്പോൾ പാർട്ടിവിദ്വേഷമാണെന്നോ കോൺഗ്രസ്സ് വിദ്വേഷമാണെന്നോ പറയേണ്ട കാര്യമില്ല. എന്നെസംബന്ധിച്ചു പറയുകയാണെങ്കിൽ മറേറതുപാർട്ടി ഭരിക്കുന്നതിനെക്കാളും നല്ലതു ഈ രാജ്യത്തു ഇന്ത്യൻ നാഷനൽ കാൺഗ്രസ്സ് ഭരിക്കുകയാണ് എന്ന് അഭിപ്രായക്കാരനാണ് ഞാൻ. പക്ഷെ കോൺഗ്രസ്സിൻെറ പേരിൽ രാജ്യത്തെ പട്ടിണിയിലേക്കും അരാജകത്വത്തിലേക്കും നയിക്കാൻ ഏതു പാർട്ടി ശ്രമിച്ചാലും അതനുവദിക്കാൻ നിവൃത്തിയില്ല.

സർ, ഞങ്ങൾക്കു നിയമസഭാ മെമ്പർമാർ എന്നു പറയുവാൻപോലും ആക്ഷേപമായി തുടങ്ങി. അവക്ക് ക്ഷൌരം ചെയ്തുകൂടെ എന്നാണ് ആളുകൾ ചോദിക്കുന്നതു്. സാധാരണ ഞങ്ങൾ ബസ്സുകളിൽ യാത്രചെയ്യുമ്പോൾ കേൾക്കുന്ന ചോദ്യമാണിതു്. ഇതെല്ലാം കേട്ടുകൊണ്ട് ഞങ്ങൾ എങ്ങിനെയിരിക്കും? തറവാടിത്തമുള്ള ആളുകൾക്കു ഇനിമേൽ നിയമസഭയിൽ പ്രവേശിക്കാൻ ആഗ്രഹം ഉണ്ടാകയില്ല.

ഇനി ഗവമ്മെണ്ടിൻെറ വിദ്യാഭ്യാസനയത്തെപ്പററിയാണ് എനിക്കു പറയുവാനുള്ളതു്. ഈ രാജ്യത്തു അനവധി ആയിരം കാര്യങ്ങൾ ചെയ്യുവാനുള്ളപ്പോൾ അതൊന്നും ചെയ്യാതെ നിങ്ങൾ വിദ്യാഭ്യാസപ്രചരണത്തിനു പുറപ്പെട്ടിരിക്കുന്നു. അതിൻെറ ഫലമെന്താണ്? ഈ രാജ്യത്തു ഏററവും ചുരുങ്ങിയ ചെലവിൽ ഏററവും ഉയന്ന വിദ്യാഭ്യാസം ഏററവും സാധുക്കളായവക്കു കിട്ടത്തക്കവിധത്തിലായിരിക്കണം ഗവമ്മെണ്ടിൻെറ വിദ്യാഭ്യാസനയം. ഇന്നത്തെ വിദ്യാഭ്യാസനയത്തിൻെറ സ്ഥിതി എന്താണെന്നു ഗവമ്മെണ്ടിനറിയാം. ഗവമ്മെണ്ടിനെക്കൊണ്ടു സാധിക്കാത്ത കാര്യങ്ങൾ ആരെങ്കിലും, ഏതെങ്കിലും പ്രൈവററ് ഏജൻസികൾ നടത്തുന്നുണ്ടെങ്കിൽ അവരെ പ്രോത്സാഹിപ്പിക്കുന്നതിനു പകരം വിദ്യാഭ്യാസത്തിൽ ഒരു ഉയന്നസ്ഥാനം ഉണ്ടായിരുന്ന ഈ തിരുവിതാംകൂർ കൊച്ചി രാജ്യത്തിൻെറ ഭാവി അടുത്തകാലത്തു് ഈ കോൺഗ്രസ്സ്

ഗവൺമെൻറ് കഴിച്ചുകൂട്ടുവാൻ പോകുന്നു എന്നാണ് ഒരു നിഷ്പക്ഷ നിരീക്ഷകൻെറ നിലയിൽ, ഈ സഭയിലെ ഒരു അംഗം എന്ന നിലയിൽ എനിക്കു വിദ്യാഭ്യാസമന്ത്രിയെ അറിയിക്കുവാനുള്ളത്. വിദ്യാഭ്യാസകാര്യത്തിൽ ഇന്നുണ്ടായിട്ടുള്ള, പൊതുവെ രാജ്യത്തിൻെറ പല ഭാഗത്തുനിന്നുമുണ്ടായിട്ടുള്ള ആക്ഷേപങ്ങളെ കേട്ടുകൊണ്ട് ഗവൺമെൻറിൻെറ വിദ്യാഭ്യാസനയത്തെപ്പററി ഒരു പുനരാലോചന ചെയ്ത് അതിനു ശരിയായ ഒരു മാർഗ്ഗം കണ്ടുപിടിക്കേണ്ട ഒരു സമയമാണിത്. ജനകീയ ഗവൺമെൻറാണെങ്കിൽ ജനങ്ങളുടെ ആവലാതികൾ കേൾക്കണം. ആയിരം എതിരുകൾ വന്നാലും ഗവൺമെൻറിൻെറ വിദ്യാഭ്യാസ പദ്ധതി നടപ്പാക്കും എന്നു ശ്രീമാൻ പനമ്പിള്ളി വടക്കാഞ്ചേരിയിൽവെച്ചു പ്രസംഗിച്ചു എന്നുകേട്ടു. അതു വാസ്തവമാണെങ്കിൽ ബുദ്ധിമാനായ അദ്ദേഹത്തോടു ഞാൻ പറയുന്നു അതു അബദ്ധമാണെന്നു. നിങ്ങൾ ജനങ്ങളുടെ പ്രതിനിധികളാണ്. ജനങ്ങളിൽ ബഹുഭൂരിപക്ഷവും എതിർക്കുന്ന കാര്യങ്ങളിൽ അല്ലെങ്കിൽ ജനങ്ങൾ വേണ്ട എന്നു ശാഠ്യംപിടിക്കുന്ന കാര്യങ്ങളിൽ നിങ്ങൾ ശ്രദ്ധചെലുത്തി അതിനു ഒരു പരിഹാരം ചെയ്യില്ലെങ്കിൽ അവസാനം അതു നിങ്ങളുടേയും നിങ്ങളുടെ ക്യാബിനററിൻേറയും ഒരു നിർഭാഗ്യമായി തീരുന്നതാണ്. സമയം ഒന്നും വൈകിയിട്ടില്ല. ആത്മാർത്ഥമായി എന്തെങ്കിലും പ്രവർത്തിച്ചു നിങ്ങൾ അധികാരത്തിൽനിന്നു ഇറങ്ങണം.

Sri. A. Nesamony: Sir, on behalf of my party I move the amendment in the Order Paper standing against my name, namely.

"Add at the end of the motion the following:

"But regret the failure of this Government to maintain law and order, the uncertain policy pursued in the matter of production, procurement and distribution of essential articles and the general deterioration of the morale of the services."

As I listened to the Address of His Highness the Rajpramukh, two sentences in it struck me and left me wondering whether this Government is progresssing. I specially refer to the two sentences where His Highness the Rajpramukh has referred to the maintenance of law and order, "Extraordinary evils call for extraordinary remedies. My Government will not hesitate to exercise to the fullest extent necessary the powers which the law has placed in their hands to rid the country of all subversive forces". Taking this to be the policy of this Government and having in view the impending elections, those of us who belong to the minority political groups are wondering now what is to be their fate in the forthcoming elections. There are ample powers at the hands of the Government under the Emergeney Powers Act to describe the activities of any individual or organisation as subversive and ban them. They can detain, individuals without trial and, keep them in custody as long as it pleases the Government. But if that is the policy that will be followed, as the utterance of His Highness the Rajpramukh seems to indicate, it is ominous.

The popular Government when it came into office was confronted with the huge task of providing for those camp followers, who asserted that they fought for the independence of the country. Posts were created and officers appointed to those posts and such officers who were appointed to those posts made it a point to strengthen the party machine at the expense of maintenance of law and order. It has been more than once stated on the floor of this House that the post of the Commissioner of Deviculam was created to oblige a 'Tyagi' of the Congress and powers one cannot comprehend with equanimity are vested in him, and he reigns the supreme monarch of that wild forest. Instances were brought to the notice of Government that the behaviour of this officer towards the Tamil population of the

[Sri. A. Nesamony]

area was not commendable. More than once it was characterised as political propaganda on the floor of the House but recent events go to show that this Government is bent on suppressing the political activities of the Travancore Tamil Nad Congress in that area and the activities of the South India Plantation Workers, which is sponsored by the Tamil Nad Congress. The Organiser of the I. N. T. U. C., the Commissioner of Devicolam the Labour Inspector, The sub-Inspector of Police have all got together the Harijan Sevak Sangh Volunteers, which is popularly known as the 'Commissioner's Union', whose creed is only violence. In an estate called "Lakshmi" Estate, they openly preached violence and there is evidence they are practising it. They were trained in military drill. They were supplied with uniforms, I understand, out of the political fund of this Government and they have been instructed to disperse all meetings held by the Travancore Tamil Nad Congress and use such violence on the members of the South India Plantation Workers Union that they will not organise themselves. Events moved fast and in Ottapara, near the Sevan Mala Estate, an incident took place wherein six people were injured and carried to the Hospial at Munnar. The rest of the story, probably it may not be right on my part to narrate, because some of the matters are sub-judice, but the only thing that I want to impress on the House is that the Sub Inspector of Police and the Commissioner of Devicolam behaved in such a manner that any Government will be ashamed of their action. The miscreants arrested were let off at the intervention of the Commissioner. Following this he caused the flag staff of the Travancore Tamil Nad Congress at Munnar to be cut down with the tricolor hoisted on it and hoisted the Harijan Sevak Sangh flag instead in the very hole. By these evidence you can find for yourselves what this Commissioner is doing in Devicolam. In a predominantly Tamil area, the Education Minister opens a Malayalam school and forces children to study Malayalam. The other day the Commissioner of Devicolam opened a Malayalam Middle School and boasted that we have reached the first stage in the suppression of the Tamils. If officers who are entrusted with powers for the maintenance of law and order behave in this way, what prevents people from taking law into their own hands and doing all things for the purpose of strengthening the party machiery.

Instances have been brought to my notice that there have been unlawful eviction from holdings, demolition of houses, abuse of the process of law by resorting to Sections 103 and 143 Cr. P. C. If you want to get possession of property and cut the gordian knot of a protracted civil litigation, approach the policeman and he will attend to it in a moment. If you want to remove a tenant from a property, approach the policeman and he will solve it in a moment. If you want to take a property over which you have the least shadow of a claim, approach the police and they will secure it for you. That seems to be the way in which law and order is administered by those whose primary duty is the maintenance of law and order. As the Tamil proverb goes "The fence itself eats away the crop". It is not for political propaganda and it is not for pointing out to this Government that we are being suppressed that I am stating these. I ask the Government, is this the way in which law and order should be administered. It is said more often than once that if these matters are brought to the notice of Government exemplary punishment will be meted to those who are found guilty. But the representations that have been made have fallen on deaf ears. Very often endorsements are given that those allegations are false. If Government will not institute an enquiry into the happenings at Devicolam at the present moment, I am sure that law and order cannot be maintained in that area by that Commissioner in the way in which he is now administering it and the Travancore Tamil

Nad Congress which has passed through blood and fire will be prepared to pass through the same trial in that area as well, come what may.

The second part of my amendment refers to the production, procurement and distribution of essential articles.

Last year I was assured on the floor of this House that an order has been placed with a foreign firm for the construction of the sluice at Perunchani. One year has elapsed since then, and nobody has seen that sluice nor heard of that. As was remarked on the floor of the House just now, three schemes seem to be held up before the public. Government have all along been saying that the Perunchani scheme is coming, the Chalakudi project is coming, the Peechi scheme is under execution. But these assurances are of no avail. We must see these schemes materialise. We were assured on the floor of this House that the channels would be broadened and various other schemes will be considered and recommended for acceptance. A week ago in feverish haste tenders were called for broadening the Thovala channel for just a mile or two. A few days ago the tender for the Thikkanamcode channel was called and I believe it was accepted. This Government has no intention to fulfil its promises. His Highness the Rajpramukh in his address said that this Government propose to do such and such things and that they intend to do many things. This Government will only propose and intend but it has not got the grit to execute its proposals. They must have a determination to go ahead with the schemes. They must have the necessary initiative and drive. I am sure that this Government has not got these. Its history for the past one year has proved it. Perinchani is but one of the dams proposed under the Kodayar irrigation system. Several dams have to be constructed to make the system complete. To meet the food scarcity in the Vilavancode taluk, the Patnam Kal was proposed as part of the Kodayar irrigation project. Recently an investigation was ordered and it is being done. But no serious attempt has been made to complete it. For more than 12 years Vilavancode taluk is suffering from drought. The Vilathara lift irrigation scheme was therefore put up and it is pending with the Government. It is a scheme to utilise the waste water in the Kuzhithurai river. More than a dozen pumps were set up last month to pump out this waste water to irrigate some paddy fields and save them from drought. Very slow progress is made in accepting the scheme and I am sure it is not going to be executed in the near future unless the Government makes up its mind. The problem of food scarcity could not be solved at all so long as these schemes are only on paper. We commended the levy system and we are glad that the one acre man is exempted. But where are the rules to work that system? The cultivator has to hang upon the Grain Purchase Tahsildar. We landowners must know what are the rules by which this system is going to be operated. It should not be left to the whims and fancies of the Government officers.

My next point is about distribution. At least in surplus areas could not this Government consider derationing of food stuffs? It is time they considered it. No villager is buying the full quota of his ration. He purchases only a small quantity and the remaining food goes underground. Government have to consider carefully the derationing of food materials in surplus areas.

Lastly Sir, I have to point out the general deterioration in the morale of the services. This is due to very many causes. First the popular Government had to find out a number of posts to be offered as prize for their followers. For that the age of retirement was necessarily lowered from 58 to 55. That afforded them a few opportunities. Not content with that they created posts and posted some of them over the heads of people who were legitimately entitled to get such

[Sri. A. Nesamony]

posts. Then came the integration of services. Last time when I pressed upon the attention of this House that this integration must be advanced, I pointed out that an impartial tribunal must be appointed so that the two services may be integrated without any dispute. The Secretary to the Madras Government whose services were lent to this State for settling up the finances of this State was entrusted with this work. He had made some recommendations which I understand were not approved by this Government. Then the services of a retired Government officer of the Madras State were requisitioned. This State is a paradise for retired officers from elsewhere. He is now entrusted with the task of integration. I understand Sir, that when vacancies fall in the Travancore cadre of services this officer is slow to act and they are not filled up on the pretext that integration is coming But on the Cochin side when vacancies occur there is haste in filling those places.

The slogan of the Secretariat is now 'follow the paper'; for no officer has confidence that his case is safe in the hands of this Government. He has to follow the paper from desk to desk for there is none on whom he could rely. And so most of the time of these officers is wasted and many grow indifferent to their duties. Without a contented civil service no popular government can function and it is the primary duty of this Government to see that the services are content.

Sri. K. Balakrishna Menon: Sir, I move the following amendment;

"Add at the end: but regret that the Council of Ministers have failed in their duty and forfeited the confidence of the country by their inefficient and corrupt administration by mishandling the food problem, by their interference with the judiciary and by not taking any steps for the eradication of the economic injustice and for the establishment of a socialistic order."

My amendment consists of two parts. The former part deals with the acts of commission and the latter part with the acts of omission.

Sri. K. R. Elankath: Cannot the member speak a little louder?

Sri. K. Balakrishna Menon: This is the utmost that I could do to raise my voice.

Sir, the former part of the amendment cites a few of the many instances which could be enumerated. The latter part of my amendment is the objective for which my party stands. It is the belief of my party that only through the eradication of the econmic injustice and the establishment of a socialistic order that we can remove the evils under which mankind today are suffering. I do not however, propose to dialate upon the points raised in the 1st part as they are sufficiently dealt with by my predecessors. I would like to deal with the latter part. It is only to give a warning to the Government that I propose to do so. And I believe that if I do not do it I will not be discharging my duties fully. The lot of the common man at the present time is such that there is no alternative for him but to revolt against the Government, if he wants to survive. The most important thing that concerns him is food and the policy regarding food of the Government is nothing but a record of bungling. In the name of conserving foreign exchange for getting more important capital goods, in the name of the theory of self-sufficiency of food which does not stand to reason because it is not so simple a problem, as the Government would seem to think in the name of a Grow More Food Campaign which is only effective on paper, today you have allowed foreign markets to be sold off, you have stopped the import of food and depleted the reserve. When you find that there is no food in the country you take shelter under the protection of a Korean war and on the consequent lack of shipping space. Sir,

the last straw on the camel's back is this socalled system of levy which the Government wish to bring about and about which no mention has been made in the Rajpramukh's address.

What is true of food problem is true of every other problem which concerns the common man of India. Unemployment, insanitary conditions, and a thousand other problems are confronting us. You may have your own justification-and I heard my Hon. friend saying that this is a long-standing problem. If the Government feel helpless in regard to the mangement of their food problem I do not want them to echo the words of the Central Government from New Delhi. If you cannot persuade them to review their policy, if you cannot grow sufficient paddy in the country, it is time for you to get out of your places of power. People require no argument. No amount of justification would bring us food. If you do not propose to get any more food, the net result will be that people blinded by a sense of resentment would listen to the violent propaganda of the anarchist and would stoop to resort to arson and looting. I would say that the fault is not theirs but yours. You may, in the name of law and order try to quell them. But in the long run their efforts will succeed. We have read in history that centuries ago feudal law permitted a noble man to kill two slaves at a time so that he may wash his feet with the warm blood of the slaves when he returns home tired after the day's hunt. There was a time when that kind of order and law were justified. But centuries have rolled by and the old order does not fit in with the present day set-up. We are witnessing a radical change in the social order of today. There is a drastic change in the economic life of countries. And if you do not keep pace with the spirit of the times, if you do not propose to advance, I tell you you are not going to bring real peace in the country. The peace which you are hoping to bring, without any consideration for the removal of economic injustice and for the establishment of a socialistic order, will be the peace of the cemetery or the desert.

Sri. C. V. Iyyu: Sir, I want to know whether the hon'ble Member for Vadakancheri has taken his oath of office?

Mr. Speaker: Yes. Otherwise that member would not have been allowed to speak or otherwise function as a member.

Sri. C. V. Iyyu: He has not done so publicly.

Mr. Speaker: That does not matter.

Sri. C. V. Iyyu: Then I would raise a point of order that it was not proper that the Speaker allowed him to take the oath of office privately. I want a ruling from the Chair in the matter.

Mr. Speaker: There is nothing wrong in the procedure followed in regard to this matter.

Sri. C. V. Iyyu: I move that:—

After the word 'Assembly' the following sentences may be added:..

"but regrets that the speech do not contain the efficient ways and means to solve the following problems which have confronted Your Highness's Government:—

(*i*) the effective methods of procurement, import, and distribution of foodgrains;

(*ii*) the hardships due to the bringing in the new secondary education scheme as it is at present;

(*iii*) the administration of medical department;

(*iv*) the maintenance of law and order in the State;

(*v*) the discontent prevalent in the policy of administration as far as certain classes of Government servants;

[Sri C. V. Iyyu]

(*vi*) the injustice done towards the inhabitants of certain areas of the State ;

(*vii*) the hardships likely to happen due to the introduction of the token land tax in the Cochin area.

രാജപ്രമുഖൻ തിരുമനസ്സിലേക്കു് സമർപ്പിക്കുന്നതിനുള്ള അനുമോദനപത്രത്തിൽ ഈ രാജ്യത്തിന്റെ ഭരണത്തിനാവശ്യമായ പല സംഗതികളും വിട്ടുപോയിട്ടുള്ളതായി കാണുന്നതിൽ എനിക്കു നിർവ്യാജം വ്യസനിക്കാതിരിക്കാൻ തരമില്ല. അതിൽ ഏററവും പ്രധാനമായിട്ടുള്ളതു് രാജ്യത്തിന്റെ ഭരണപരമായ കാര്യങ്ങളിൽ അതിപ്രധാനമായ (ഇപ്പോഴത്തെ പരിതഃസ്ഥിതി അടിസ്ഥാനപ്പെടുത്തി) ഭക്ഷണസാധനങ്ങൾ ശേഖരിക്കുക, അവ ഇറക്കുമതി ചെയ്യുക, വേണ്ടതരത്തിൽ വിതരണം ചെയ്യുക, എന്ന വിഷയത്തിൽ ഗവമ്മേണ്ടു് കാര്യക്ഷമരഹിതമായി നടത്തുന്ന പ്രവർത്തനത്തെയാണു് ഞാൻ ആദ്യം വിമർശിക്കുന്നതു്. രാജ്യവാസികൾക്കു് ഏററവും പ്രധാനമായി ആവശ്യമായ ഭക്ഷണസാധനം നമ്മുടെ രാജ്യത്തുതന്നെ ഉൽപ്പാദിപ്പിക്കുന്നതിനു് എത്ര ശ്രമിച്ചാലും സാധിക്കുമോയെന്നുള്ള കാര്യം സംശയമാണു്. സാധിക്കുകയില്ലെന്നുതന്നെ പരിപൂർണ്ണമായി വിശ്വസിക്കാൻ പല കാരണങ്ങളുമുണ്ടെന്നു് എനിക്കറിയാവുന്നതുപോലെ മറെറല്ലാപേക്കുമറിയാം. എന്നാൽ ക്ഷേമോൽപ്പാദനത്തിനു് ദീർഘകാലപദ്ധതികൊണ്ടു് കുറെയൊക്കെ സാധിച്ചെന്നു വരാം. കൂടാതെ ഹ്രസ്വകാലപദ്ധതികൊണ്ടു് അല്പം ചിലതൊക്കെയും സാധിച്ചേക്കാം. എന്നാല്ലാതെ നൂറു ശതമാനവും ഭക്ഷ്യധാന്യങ്ങൾ എത്ര ശ്രമിച്ചാലും ഇവിടെ ഉണ്ടാക്കാൻ സാധിക്കുകയില്ല. എന്നാൽ നമുക്കു് കയററുമതി ചെയ്യുന്നതിനു് സൗകര്യമുള്ള ധാരാളം സാധനങ്ങൾ ഇവിടെ കൃഷിചെയ്തു ഉൽപ്പാദിപ്പിക്കുന്നതിനു് സാധ്യതയുള്ള ഭൂപ്രദേശങ്ങൾ ധാരാളമുണ്ടു്. അങ്ങിനെയുള്ള പ്രദേശങ്ങളിൽ കുരുമുളകു്, റബ്ബർ, തേയില, ഏലം, ഇഞ്ചി മുതലായ സാധനങ്ങൾ കൃഷി ചെയ്തുണ്ടാക്കി വിദേശങ്ങളിലേക്കയച്ചു് ഡാളർ സമ്പാദ്യം ഉണ്ടാക്കാൻ കഴിവുള്ള രാജ്യമാണു് നമ്മുടെ സ്റ്റേററു്. ഇൻഡ്യയിൽ മറെറവിടത്തേക്കാളും ഡാളർ സമ്പാദിക്കുന്നതിനു് സാദ്ധ്യതയുള്ള നമ്മുടെ സ്റ്റേററിൽ അങ്ങനെ ഡാളർ ഉണ്ടാക്കി ഭക്ഷണസാധനങ്ങൾ പുറത്തുനിന്നും ഇറക്കുമതി ചെയ്യുന്ന കാര്യത്തിലാണു് ഗവമ്മേൻറു് ബുദ്ധിപൂർവ്വമായി പ്രവർത്തിക്കേണ്ടതു്. അതുകൊണ്ടു് ഇന്നുള്ള ജലസേചനപദ്ധതി വേണ്ടെന്നു വയ്ക്കണമെന്നോ അതു ഇല്ലാതാക്കണമെന്നോ ഞാൻ അഭിപ്രായപ്പെടുന്നില്ല. ഇൻഡ്യാഗവമ്മേൻറു് ഭക്ഷണ—ധാന്യോൽപ്പാദനത്തിനുവേണ്ടി അനുവദിച്ചിരുന്ന ഇരുപതുലക്ഷം രൂപായോളം അതായതു് പഴയ കൊച്ചിപ്രദേശത്തെ മൈനർ ഇറിഗേഷനും മററുമായി തരാമെന്നു് നിശ്ചയിച്ചിരുന്ന ൨൦ ലക്ഷം രൂപാ മുഴുവനും ലാപ്സാക്കിക്കളഞ്ഞു. എന്നാൽ ലാപ്സാക്കിക്കളഞ്ഞില്ലായെന്നു് മരാമത്തുമന്ത്രി പറയുന്നുവെങ്കിലും യഥാർത്ഥത്തിൽ അതു ലാപ്സായിപ്പോയെന്നാണു് എന്റെ സൂക്ഷ്മമായ അറിവു്. മറെറാരുവിധത്തിൽ പറയുകയാണെങ്കിൽ ഗവമ്മേൻറിന്റെ അനാസ്ഥകൊണ്ടുമാത്രം ആ തുക മുഴുവനും ജനങ്ങൾക്കു് നഷ്ടപ്പെട്ടുപോയിയെന്നുള്ളതാണു് സങ്കടകരം. ആ തുക മുഴുവനും കൊച്ചിരാജ്യത്തുതന്നെ ചെലവിടേണ്ടതായിരുന്നു. തിരുവിതാംകൂർ-കൊച്ചി സംയോജനത്തിൽ പററിയിട്ടുള്ള വലിയ ദൂഷ്യങ്ങളിലൊന്നാണു് കൊച്ചിക്കു കിട്ടാനുള്ള ഇരുപതുലക്ഷം രൂപ നഷ്ടപ്പെടുത്തിയെന്നുള്ളതു്. ഭക്ഷണധാന്യശേഖരത്തെ സംബന്ധിച്ചു് ഇപ്പോഴത്തെ ലവിസിസ്റ്റം സംയോജനത്തെ എതിർത്തിരുന്ന എന്നെപ്പോലെയുള്ളവർ കൊച്ചിയിലെ നെല്ലു് തിരുവിതാംകൂറിന്റെ ഉപയോഗത്തിനു

കൊണ്ടുവരുന്നതിന് ഒരു പ്രതിബന്ധവും ഇല്ലാതാക്കിതീർക്കാനുള്ള ഒരു ഉപാധിയെന്നാണ് വിശ്വസിക്കുന്നത്. കൊച്ചീക്കാരെ നിരുപാധികമായി ദോഷപ്പെടുത്തുന്ന ഒരു നയമാണ് ഇത്. അതുകൊണ്ട് എനിക്കു പറയാനുള്ളത്, കൊച്ചിയിലെ ജനപ്രതിനിധികൾ ആത്മാർത്ഥതയും ധൈര്യവും ഉള്ളവരാണെങ്കിൽ ഉടനെതന്നെ വിയോജനത്തിനുള്ള പരിശ്രമം തുടങ്ങേണ്ടതാണെന്നാണ്.

സർ, ലെവി സിസ്റ്റം സഫലമായിത്തീരുകയില്ലെന്നും അതുകൊണ്ട് അതു നടപ്പിൽവരാൻപോകുന്നില്ലെന്നും മുൻപുണ്ടായിരുന്ന ഭക്ഷ്യകാര്യമന്ത്രി ശ്രീ. ഗോവിന്ദമേനോനുതന്നെ ബോദ്ധ്യമുണ്ടെന്ന് പല പ്രസ്താവനകൾമൂലം തെളിയിച്ചിട്ടുള്ളത് മിക്കവർക്കും അറിയാം. എന്റെ സ്നേഹിതൻ മി. ബാലകൃഷ്ണമാരാർ രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗത്തെ താങ്ങി കുറെയൊക്കെ പറയേണ്ടിവന്നുപോയതിൽ വിഷമിക്കുന്നുണ്ടായിരിക്കാം. പറഞ്ഞതുതന്നെ ഗവമ്മെന്റിന്റെ വക്കാലത്തുപിടിച്ചുകൊണ്ടാണെന്നു തോന്നിപ്പോകുന്നു. ഏതു പക്ഷക്കാരൻ എന്ന നിലക്കു എനിക്കു അതിനെ എതിർക്കാതിരിക്കാൻ തരമില്ല. ഏതായാലും ഈ സിസ്റ്റം അനുസരിച്ച് നോക്കുകയാണെങ്കിൽ കൊച്ചിയിലെ കർഷകരുടേയും തൊഴിലാളികളുടേയും പ്രയത്നഫലം അന്യായമായി തിരുവിതാംകൂർകാർ ചൂഷണം ചെയ്യുകയാണ് ഇതു എന്നു വിശ്വസിക്കാവുന്നതാണ്. ഈ സിസ്റ്റത്തിൽ ഒരു വിശേഷമുള്ളത് ചെറുകൃഷിക്കാരിൽനിന്നും നെല്ലെടുക്കുന്നില്ലെന്നുള്ളതാണ്. ആ ഏർപ്പാട തിരുവിതാംകൂർകാർക്ക് കുറെക്കൂടി സഹായകമാണ്. കാരണം, തിരുവിതാംകൂറിലെ പല കൃഷിക്കാരും കുടുംബഭാഗത്താൽ നിലം തുണ്ടുതുണ്ടാക്കി കൃഷിചെയ്തുവരുന്നവരാണ്. അതായത് അവർ മിക്കവാറും ഒരേക്കറിന് താഴെയുള്ളവരാണ്. എന്നാൽ കൊച്ചിയിൽ അങ്ങിനെയല്ല. ഒരു ഏക്കർ സ്ഥലമുള്ളവൻ നാലൊഅഞ്ചോ ഏക്കർ സ്ഥലംകൂടി പാട്ടത്തിനെടുത്തു കൃഷിചെയ്യുന്നു. അങ്ങിനെവരുമ്പോൾ ഈ സിസ്റ്റപ്രകാരം അവൻ ഗവമ്മെണ്ടിലേക്ക് ഉള്ള നെല്ല് കൊടുക്കേണ്ടതായിവരുന്നു. ഗവമ്മെൻണ്ട വിചാരിക്കുന്നതുപോലെ ഒരു വിഡ്ഡിയും പ്രദർശനത്തിന്ന് കൊണ്ടുനടക്കുന്നതുപോലെ വില്ലാതെ നെല്ല് ഒരു പ്രദേശത്തും കൊണ്ടുനടക്കുകയുമില്ല. ഏതായാലും ഈ ഏർപ്പാടുകൊണ്ട് കൊച്ചിയിൽ ഉൽപ്പാദിക്കപ്പെടുന്ന നെല്ല് ഇവിടെ കൊണ്ടുവരാൻ കൂടുതൽ സൗകര്യമുണ്ടാക്കിയെന്നേ എനിക്കു പറയുവാനുള്ളു.

ഇനിയും മറെറാരു സംഗതി പറയുവാനുള്ളത്, ഈ അടുത്തകാലത്തു രൂപീകരിച്ച സെക്കണ്ടറിസ്കൂൾ വിദ്യാഭ്യാസപദ്ധതിയെപ്പററിയാണ്. ഈ പദ്ധതി നടപ്പിൽ വന്നതിന്റെ ഫലമായിട്ട് രാജ്യത്തു പൊതുവെ അദ്ധ്യാപകന്മാർക്ക് ശമ്പളം കിട്ടാതെയും കിട്ടുന്നതു വേണ്ട സമയങ്ങളിൽ കിട്ടാതെയും വളരെ വിഷമതകൾ അനുഭവിക്കുന്നു. തന്നിമിത്തം വിദ്യാഭ്യാസവിഷയത്തിൽ ഒരു സ്തംഭനംതന്നെ ഉണ്ടായിട്ടുണ്ട്. സ്വകാര്യമാനേജ്മെന്റിൽ ഉള്ളതായ സെക്കണ്ടറി സ്കൂളുകളിലാണ് ഈ വിഷമങ്ങൾ. അങ്ങിനെയുള്ള സ്കൂളുകളിലെ അദ്ധ്യാപകന്മാർ അവരുടെ മുഴവൻ സമയവും അദ്ധ്യയനത്തിന് ചെലവാക്കാതെ പ്രക്ഷോഭണത്തിന്നായി ഉപയോഗപ്പെടുത്തുന്നു. ഈ പദ്ധതിയനുസരിച്ച് പ്രവൃത്തിക്കാത്ത പ്രൈവററ സെക്കണ്ടറിസ്കൂളുകളിലെ അദ്ധ്യയനം ശരിക്കു നടക്കാനുംകൂടി ഗവമ്മെണ്ട നിവൃത്തിമാർഗ്ഗം ഉണ്ടാക്കിക്കൊടുക്കേണ്ടതായിരുന്നു. ഇതിന്റെയും പുറമെ ഈ പദ്ധതി നടപ്പിൽവരുത്തിയതിന്റെ അനന്തരഫലമായി പ്രൈമറി സ്കൂൾ അദ്ധ്യാപകന്മാർക്ക് അവരുടെ ഗ്രാൻറ് നഷ്ടപ്പെട്ടു. അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളം നന്മ ചെയ്യുന്ന ഗവമ്മെണ്ടാണെന്നു പറഞ്ഞുകൊണ്ട് അവർക്കു ഗ്രാൻറുകൂടി കൊടുക്കാതിരിക്കുന്നതു വളരെ സങ്കടമുള്ള ഒരു കാര്യമാണ്. അർദ്ധപട്ടിണിക്കാരായ ഈ അദ്ധ്യാപകന്മാർക്ക് ശമ്പളം കിട്ടുന്നതിനുവേണ്ടിയെ

[Sri. C. V. Iyyu]

യെങ്കിലും ഈ രീതി ഭേദപ്പെടുത്തുന്നതു് നന്നായിരിക്കും. ഇതിനുപുറമെ പുതിയ പദ്ധതി നടപ്പിൽ വന്നിട്ടും കൊച്ചിയിൽ തിരുവിതാംകൂറിനെക്കാളും കൂടുതൽ ഫീസ് പിരിച്ചുവരുന്നു. അവിടത്തെ സെക്കണ്ടറിസ്കൂളിൽ പ്രതിമാസം അഞ്ചേകാൽ രൂപ ഫീസും അതല്ലാതെ കൊല്ലംതോറും കൂടുതലായി മൂന്നു രൂപയും കൊടുക്കേണ്ടിയിരിക്കുന്നു. തിരുവിതാംകൂറിൽ അങ്ങിനെയില്ല. അതുപോലെതന്നെ ലോവർ സെക്കണ്ടറി സ്കൂളിൽ കൊച്ചിയിൽ പ്രതിമാസം മൂന്നു രൂപയും തിരുവിതാംകൂറിൽ ഒന്നര രൂപയുമാണ്. ഈ ഒരു അസമത്വം എത്രയും വേഗത്തിൽ മാറേറണ്ടതാണ്. കൊച്ചിയിൽ ഈ വിധത്തിൽ കൂടുതൽ ഫീസു പിരിക്കുന്നതുകൊണ്ട് സാധുക്കളായ പല കുട്ടികൾക്കും മാനേജ്മെൻറു സ്കൂളുകളിൽ പഠിക്കാൻ സാധിക്കാതെവരുന്നു. അതുകൊണ്ട് ഈ കാര്യങ്ങൾ ആലോചിച്ച് സ്കൂളുകളെ സംബന്ധിച്ചിടത്തോളം തൽക്കാലത്തേക്കെങ്കിലും നിലവിലിരിക്കുന്ന വ്യവസ്ഥ ഒന്നു മാറേറണ്ടതാണെന്ന് ഞാൻ ഗവമെൻറിനോട് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും വീണ്ടും ൨ മണിക്കു കൂടുന്നതുമാണ്.

The House adjourned for lunch at 1.00 p.m. and re-assembled at 2.00 p.m., with Mr. Speaker in the Chair.

Sri. C. V. Iyyu: It was not 1o'clock when you adjourned the House.

Mr. Speaker: The House adjourned for lunch at 1 and has now assembled at 2.

Sri. C. V. Iyyu: I did not take 15 minutes.

Mr. Speaker: Order, order. The member did actually take 15 minutes. Does the member want a little more time? If so, he may say so.

Sri. C. V. Iyyu: Yes, sir. (Laughter).

ഒടുവിൽ എനിക്കു അത്യാവശ്യമായി പറയുവാനുള്ളതു് കൊച്ചി-തിരുവിതാംകൂർ സംയോജന ഫലമായി സർവ്വീസ് ഇൻറിഗ്രേഷൻ അഥവാ സർവ്വീസ് സംയോജനം എന്നു പറയുന്ന ഒരു കാര്യത്തെപ്പററിയാണ്. സർവ്വീസ് സംയോജനം എന്നു പറഞ്ഞു ഇതിനുമുമ്പ് പല അവസരങ്ങളിലും ഇതിനെക്കുറിച്ചു പ്രസ്താവന ഉണ്ടായിട്ടും ഉണ്ട്. എനിക്കു കിട്ടിയിടത്തോളം അറിവുവച്ചുകൊണ്ടു നോക്കുകയാണെങ്കിൽ സർവ്വീസ് സംയോജനത്തിൻെറ ഗുണകരമായ ഭാഗങ്ങൾ മിക്കവാറും തിരുവിതാംകൂർ വിഭാഗത്തിൽ ഉള്ള ഉദ്യോഗസ്ഥന്മാരുടെ നന്മയെ പരിഗണിച്ചാണ് തീരുമാനിക്കപ്പെട്ടിട്ടുള്ളതെന്നു ശരിയായൊ തെററായൊ പലരും വിശ്വസിക്കുന്നുണ്ട്, അവരിൽ ഒരാളാണ് ഞാനും. ഇതിൻെറ ഫലമായി കൊച്ചിക്കാർ തിരുവിതാംകൂർകാരുടെ അടിമകളായി തീരത്തക്കവണ്ണമാണ് ഈ സംയോജനം കലാശിച്ചിരിക്കുന്നതു്. കൊച്ചിക്കാരായ ഉദ്യോഗസ്ഥന്മാർക്കു ഇതുകൊണ്ടു വളരെ പ്രയാസങ്ങൾ ഉണ്ടായിട്ടുണ്ട്. പബ്ലിക്ക സർവ്വീസുകമ്മീഷൻ മുഖാന്തിരം ആളുകളെ തിരഞ്ഞെടുക്കുന്ന വിഷയത്തിലും എല്ലാ ആനുകൂല്യങ്ങളും തിരുവിതാംകൂർകാർക്കു മാത്രം കിട്ടുന്നുണ്ട്. സർവ്വീസ് കമ്മീഷനിലെ കൂടുതൽ അംഗങ്ങൾ തിരുവിതാംകൂർകാരായതുകൊണ്ടാണ് ഇങ്ങനെ വരുന്നതു്. ഞാൻ പറയുന്നതു് കൊച്ചിക്കാരായ ക്രിസ്ത്യാനികൾക്കു കൊടുക്കണമെന്നല്ല. ജാതിവിഭാഗമനുസരിച്ചു കൊടുക്കണമെന്നല്ല ഞാൻ പറയുന്നതു്. എല്ലാം നായന്മാരായാലും ശരി എല്ലാം മഹമ്മദിയരായാലും ശരി, എല്ലാം ഈഴവരായാലും ശരി കൊച്ചിക്കാർക്കു് ഇതിൽ ശരിയായ അവർ അർഹിക്കുന്ന വിഹിതത്തിൻെറ പ്രാതിനിധ്യം കിട്ടിയെ കഴിയൂ. അടുത്തകാലത്തു മജിസ്ട്രേട്ടന്മാരുടെ തെരഞ്ഞെടുപ്പു നടന്നു. പഴയ തിരുവിതാംകൂർകാരായ അപേക്ഷകരെപ്പോലെയുമോ

അവരേക്കാൾ എത്രയോകൂടുതൽ പരീക്ഷായോഗ്യതകളുള്ള അനവധി അപേക്ഷകന്മാർ പഴയകൊച്ചീക്കാരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. സർവ്വീസുകമ്മീഷനിലെ അംഗങ്ങൾ സ്വർഗ്ഗത്തുനിന്നും വന്ന ആളുകളല്ല. അവരിൽ ഒരാൾ കൊച്ചിയിലെ ഒരു തമ്പുരാൻ ആണെന്നുള്ളതു് ശരിതന്നെ. എന്നാൽ തമ്പുരാൻ ആയതുകൊണ്ടാണു് കൂടുതൽ അബദ്ധം. അദ്ദേഹത്തിന്റെ പേരു പറഞ്ഞുകൊണ്ടു് സർവ്വീസുകമ്മീഷനിലെ മററംഗങ്ങൾ പഴയ തിരുവിതാംകൂർകാരായ അപേക്ഷകരെ അനുകൂലിക്കുകയാണു് ചെയ്യുന്നതു്. മുൻസിഫുമാരുടെ സെലക്ഷൻ നടന്നു. പഴയകൊച്ചിക്കാരായ രണ്ടുമൂന്നു മുൻസിഫുമാരെ തെരഞ്ഞെടുത്തു. അതിൽ കൊച്ചീക്കാരനായ രണ്ടുമൂന്നാളെ മുൻസിഫായി തെരഞ്ഞെടുത്തതു് ഹൈക്കോടതി ജഡ്ജിമാരുടെ കൂട്ടത്തിൽ ഒരു കൊച്ചീക്കാരനും ഉണ്ടായിരുന്നതുകൊണ്ടാണു്. പ്രതിമാസം എൺപതു രൂപാക്കുമുകളിൽ ശമ്പളമുള്ള ഒരു ഉദ്യോഗത്തിലും സ്റ്റേററ് സംയോജനം കഴിഞ്ഞു പുതുതായി ഒരു കൊച്ചീക്കാരനേയും നിയമിച്ചിട്ടില്ല. ഞാൻ ഇതിനെസംബന്ധിച്ചു് പല അവസരങ്ങളിലും നിയമസഭയിൽ ചോദിച്ചിട്ടുണ്ടു്. അതിനു് ശരിയായിട്ടുള്ള മറുപടി കിട്ടീട്ടില്ല. ഒരിക്കൽ മേശപ്പുറത്തു വച്ചിട്ടുണ്ടെന്നു പറഞ്ഞു, എന്നാൽ അവിടെ ചെന്നുനോക്കിയപ്പോൾ കണ്ടില്ല. ഏതായാലും സംയോജനംകൊണ്ടു് കൊച്ചീക്കാർ കുറെ പേർ ഇവിടെ മെമ്പറന്മാരായിട്ടുണ്ടു്, ഒരു മന്ത്രിയും ഉണ്ടു്. എന്നാൽ സംയോജനത്തിനു് സമ്മതിച്ച ഈ മഹാനുഭാവന്മാർ കൊച്ചിയെ ഒരു കുടുക്കിലാക്കിയിരിക്കയാണു്. ഈ രീതിക്കു ഒരു പത്തുപതിനഞ്ചുകൊല്ലം കഴിയുമ്പോൾ തിരു-കൊച്ചി സ്റ്റേററിൽ തിരുവിതാംകൂർകാരായ ഉദ്യോഗസ്ഥന്മാരല്ലാതെ കൊച്ചീക്കാർ ആരും കാണുകയില്ല. അടുത്തകാലത്തു സർവ്വീസുകമ്മീഷൻ മുഖാന്തിരം എട്ടു വില്ലേജ് ഉദ്യോഗസ്ഥന്മാർ നിയമിക്കപ്പെട്ടു. അതിൽ കൊച്ചീക്കാർ ആരുമില്ല. ശിപായിമാരുംകൂടി കൊച്ചീക്കാരായി പുതിയ നിയമനങ്ങളിൽ അധികം കാണുകയില്ലെന്നാണു് എനിക്കു തോന്നുന്നതു്. അടുത്ത പൊതുതിരഞ്ഞെടുപ്പു കഴിയുമ്പോൾ തിരുവിതാംകൂർ-കൊച്ചി നിയമസഭയിൽ അനുദ്യോഗസ്ഥന്മാരായി തനി പഴയ കൊച്ചീക്കാരിൽനിന്നും ഉദ്ദേശം ൧൮ മെമ്പറന്മാർ മാത്രമെ കാണുകയുള്ളു.

Sri. R. Sankar stood up.

Minister for Education, Labour and Civil Supplies

(Sri. Panampilli Govinda Menon:) Before the hon'ble Member moves his amendment, I wish to raise a point of order. In the motion standing in the name of Mr. Sankar, there is the use of the words "hesitant and cowardly educational and labour policy." I wish to know, Sir, whether it is parliamentary on the part of this hon'ble Member to call a Government policy 'cowardly.'

Mr. Speaker: In regard to the word "cowardly" probably some more appropriate expressions could have been used. But I cannot say it is un-parliamentary in so far as the word is made applicable not to a Minister but to the policy.

Sri. R. Sankar: Sir, I move *:*

"Modify the full stop at the end of the resolution into a semi-colon and add the following:—

'but regrets that by their indiscreet, inconsistent and vague policy in handling the food problem of the State, by their hesitant and cowardly educational and labour policy; by their unscrupulous interference in the recruitment and promotion of public servants resulting in grave discontent and corruption among them: by their incapacity to give security to life and property and sacred places of worship; by their reckless squandering of public money in the name of industrialization, nationalization and grow more food schemes; and by their allowing persons of doubtful integrity to occupy positions of the highest responsibility contravening all healthy constitutional precedents; Your Highness's Government have not only failed to inspire confidence in the public but also have undermined the very foundations of **democracy.'**"

[Sri. R. Sankar]

സർ, എന്റെ പാർട്ടിക്കുവേണ്ടി ഞാൻ ഹാജരാക്കിയിട്ടുള്ള ഈ ഭേദഗതിയിലെ പല വിഷയങ്ങളെ സംബന്ധിച്ചും സംസാരിക്കേണ്ടതുണ്ടെങ്കിലും എല്ലാററിനെയുംപ്പററി അല്പമെങ്കിലും പറയുന്നതിന് എനിക്കു നിശ്ചയിച്ചിട്ടുള്ള സമയം മതിയാകാത്തതുകൊണ്ടു് ആ കാര്യങ്ങളുടെ ചില വശങ്ങളെപ്പററിമാത്രമെ സംസാരിക്കുന്നുള്ളു. സർ, ഈ രാജ്യത്തു മൂന്നു വർഷങ്ങൾക്കുമുമ്പ് ജനകീയഭരണം നിലവിൽ വന്നതിനുശേഷം ഇവിടത്തെ ജനങ്ങൾ അന്ന് അനുഭവിച്ചുവന്നിരുന്ന പല അവശതകൾക്കും അവമതികൾക്കും സമൂലമായ ഒരു പരിഹാരമുണ്ടാകുമെന്ന് ആത്മാർത്ഥമായി വിശ്വസിച്ചിരുന്നു. ഈ രാജ്യത്തെ ജനങ്ങളുടെ എല്ലാംവിധ അവശതകൾക്കും ഒരു പരിഹാരം ഉണ്ടാകുമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് അന്ന് ആളുകൾ ഉത്തരവാദഭരണത്തിനുവേണ്ടി ആത്മാർത്ഥമായ പിൻതുണ നല്കിക്കൊണ്ടിരുന്നതു്. ആ പ്രതീക്ഷകൾ വച്ചുകൊണ്ടു മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ അന്ന് ഇവിടെ നടന്ന സ്വാതന്ത്ര്യസമരത്തിനു ആത്മാർത്ഥമായ പിൻതുണ ഇവിടത്തെ ജനങ്ങൾ നല്കുകയുണ്ടായിട്ടുണ്ടു്. അങ്ങനെയാണ് കാൺഗ്രസ്സ് ഇവിടെ അധികാരത്തിൽ വന്നതു്. കാൺഗ്രസ്സ് അധികാരത്തിൽവന്ന ഈ മൂന്നുകൊല്ലക്കാലംകൊണ്ടു് എന്തു വ്യത്യാസമാണ്, എന്തു നിരാശയാണ് ജനങ്ങളിൽ ഉണ്ടായിട്ടുള്ളതു് എന്ന് യാതൊരു പാർട്ടിയിലും ഉൾപ്പെടാത്ത ആളുകൾക്കുപോലും അറിയാവുന്ന സംഗതിയാണ്. ഇന്ന് ജനകീയഭരണം നടത്തപ്പെടുത്തുന്ന രീതിമൂലം, പാർട്ടിയോടുമാത്രമല്ല ജനകീയഭരണത്തോടുപോലും ആളുകൾക്ക് വിശ്വാസം ഇല്ലാതായിത്തീർന്നിട്ടുണ്ടു്. അന്നു കിരാതനെന്ന് വർണ്ണിക്കപ്പെട്ടുവന്ന സർ, സി. പി. യുടെ ഭരണവും ഇന്നു ജനകീയമെന്നു പറഞ്ഞുവരുന്ന ഇപ്പോഴത്തെ ഭരണവും നോക്കുകയാണെങ്കിൽ ജനങ്ങൾ കിരാതഭരണം കൂടുതൽ ആത്മാർത്ഥമായി സ്വാഗതം ചെയ്യുകയില്ലെ എന്നുപോലും സംശയിക്കത്തക്കവണ്ണം ഇന്നത്തെ ഭരണം അത്ര അധഃപതിച്ചുപോയിട്ടുണ്ടെന്നു ഞാൻ വ്യസനസമേതം പറയുന്നു. അധികാരത്തിലിരിക്കുന്ന പാർട്ടിയെ ഏതെങ്കിലും തരത്തിൽ എതിർക്കണമെന്ന ഒരു ഉദ്ദേശത്തിലല്ല ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നതു്. ആത്മാർത്ഥമായ രാജ്യസ്നേഹം വച്ചുകൊണ്ടു് ഞാൻ ചിലതു പറയുകയാണ്. എനിക്കു പറയുവാനുള്ള ചില കാര്യങ്ങൾ എന്റെ സ്നേഹിതന്മാർക്ക് വിട്ടുകൊടുത്തുകൊണ്ടു് രണ്ടുമൂന്നു വിഷയത്തെപ്പററി മാത്രമെ ഞാൻ ഇപ്പോൾ പറയുവാൻ ഉദ്ദേശിക്കുന്നുള്ളു. എനിക്കു ആദ്യമായി ഗവമ്മെണ്ടിന്റെ വിദ്യാഭ്യാസനയത്തെപ്പററിയാണ് പറയുവാനുള്ളതു്. ഈ രാജ്യത്തു് ഏതാനും വർഷങ്ങൾക്കു മുമ്പ്—ജനകീയഭരണം വരുന്നതിനുമുമ്പ്—സ്വേച്ഛാധിപത്യത്തിന്റെ കാലമായിരുന്നപ്പോൾ വിദ്യാഭ്യാസകാര്യത്തിൽ ഒരു പദ്ധതിയുണ്ടായി. ഞാൻ ഉദ്ദേശിക്കുന്നതു് പ്രൈമറി വിദ്യാഭ്യാസത്തെ സംബന്ധിച്ചാണ്. ഈ രാജ്യത്തെ കുഞ്ഞുങ്ങൾക്ക് പ്രാഥമിക വിദ്യാഭ്യാസം നിർബന്ധമായി നല്കുന്നതിന് ഗവമ്മെണ്ടു് പരിപൂർണ്ണമായ ചുമതല എടുക്കുകയും ഗവമ്മെണ്ടാഭിമുഖ്യത്തിൽതന്നെ അതു് കൊടുക്കണമെന്നു തീരുമാനിക്കുകയും ചെയ്തു. പത്തുവർഷംകൊണ്ടു് നിശ്ചിതമായ ഒരു പദ്ധതിയനുസരിച്ചു ഇപ്പോഴത്തെ തിരുവിതാംകൂർ മുഴുവനും ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിന് തക്കവിധത്തിലാണ് അതു് ആസൂത്രണം ചെയ്തിരുന്നതു്. ആണ്ടുതോറും മൂന്നു താലൂക്കുകളിൽ ഇതു് വ്യാപിച്ചു അങ്ങനെ പത്തുകൊല്ലത്തിൽ ഇതു് പൂർത്തിയാക്കണമെന്നായിരുന്നു ഗവമ്മെണ്ടു് ഉദ്ദേശിച്ചിരുന്നതു്. കുറേ കഴിഞ്ഞതിനുശേഷമാണ് ജനകീയഗവമ്മെണ്ടു് വന്നതു്. ആദ്യത്തെ മന്ത്രിസഭ ആ നയത്തിനു് വിപരീതമായി ഒന്നും ചെയ്തില്ലെന്ന് പറയേണ്ടിയിരിക്കുന്നു. വളരെ ആത്മാർത്ഥമായി അവർ

ഈ വിഷയത്തിൽ പ്രവർത്തിച്ചുവന്നിരുന്നുവോ എന്നുള്ളതു് സംശയാസ്പദമാണെങ്കിലും വിപരീതമായി ഒന്നും ചെയ്തില്ല. എന്നാൽ രണ്ടാമതു് അധികാരത്തിൽ വന്ന, അതായതു് ഇന്നു് അധികാരത്തിലിരിക്കുന്ന ഗവൺമെണ്ടു് വന്നതോടുകൂടി ആ കാര്യത്തിൽ മൗലികമായ വ്യത്യാസം വരുത്തിയെന്നുള്ളതിനു് സംശയമില്ല. വളരെ ചെറിയ ഒരു വ്യത്യാസം മാത്രമെ വരുത്തിയിട്ടുള്ളു എന്നാണു് അവർ പറയുന്നതു്. അതായതു് State auspicious-ൽ എന്നു മാററി എങ്കിലും ആ നയം തുടർന്നുകൊണ്ടിരിക്കുന്നു എന്നു് അവർ പറയുന്നു. അങ്ങനെ പറയാറുണ്ടെങ്കിലും വാസ്തവത്തിൽ ഇതു് ഒരു വലിയ മാററമാണു്. വിദ്യാഭ്യാസം ദേശവൽക്കരിക്കുക എന്നുള്ളതു് വളരെ പ്രയാസമേറിയ ഒരു കാര്യമാണെന്നു് ഇവിടത്തെ അനുഭവംകൊണ്ടു കാണുന്നു. മററു ദേശവൽക്കരണ പദ്ധതികൾ ഏതെങ്കിലും എടുക്കുന്നതിനുമുമ്പേ ദേശവൽക്കരിക്കേണ്ടതാണു് വിദ്യാഭ്യാസം. എന്നാൽ അതു് മുഴുവൻ ചെയ്യുവാൻ ഇവിടെ ആരും മുതിർന്നിട്ടില്ല. പ്രാഥമിക വിദ്യാഭ്യാസം മാത്രമേ ഇവിടെ എടുത്തുള്ളു. അതു് രാജ്യസ്നേഹികൾ എല്ലാവരും സ്വാഗതം ചെയ്യുന്ന ഒരു സംഗതിയുമാണു്. എത്രയോ സ്ഥാപനങ്ങളും വ്യക്തികളും അവരുടെ വിദ്യാലയങ്ങൾ നാമമാത്രമായ ഒരു പ്രതിഫലം പററിക്കൊണ്ടു് അതു് വിട്ടുകൊടുക്കുകയാണു് ചെയ്തിട്ടുള്ളതു്. അങ്ങനെ ഈ രാജ്യത്തു ജനങ്ങൾ ആത്മാർത്ഥമായി സ്വാഗതം ചെയ്ത ഒരു പദ്ധതിയെ ഒരു ന്യൂനപക്ഷത്തിൽപെട്ട ആളുകൾ, അതായതു് ഒരു പ്രത്യേകമായ വിഭാഗം, വിദ്യാഭ്യാസകാര്യം അവരുടെ പ്രത്യേകാവകാശമാണെന്നുള്ള ഒരു വാദവുമായി മുന്നോട്ടുവന്നു് തകിടംമറിക്കുവാൻ ശ്രമിക്കുകയുണ്ടായി. ആ വാദങ്ങളുടെ അടിയിൽ ഇരിക്കുന്ന തത്വങ്ങൾ എന്താണെന്നു് നാം ആലോചിക്കേണ്ടതാണു്. ഒരു വിഭാഗത്തിനുമാത്രം പ്രത്യേകമായ അന്തരീക്ഷത്തിൽ വിദ്യാഭ്യാസം നടത്തുന്നതിനു് അവകാശമുണ്ടെന്നുള്ള വാദമാണു് ഇതിൽ അടങ്ങിയിട്ടുള്ളതു്. ഇന്നത്തെ ഗവൺമെണ്ടു് അതു് എത്രമാത്രം അർത്ഥശൂന്യമാണെന്നു് ആലോചിക്കാനും തയ്യാറില്ല. അങ്ങനെ ഒരു വിഭാഗക്കാരുടെ അവകാശങ്ങളുടെ ന്യായം പറഞ്ഞുകൊണ്ടാണു് ഈ പദ്ധതി താറുമാറായി ചിന്നിക്കിടക്കുന്നതു്. ഇങ്ങനെയാണെങ്കിൽ ദേശീയപദ്ധതികൾ ഒന്നുംതന്നെ ഇവിടെ വളർന്നുവരുവാൻ സാദ്ധ്യമല്ല. ആദ്യം ഉണ്ടായിരുന്ന പദ്ധതി കളഞ്ഞു എന്നു മാത്രമല്ല ആ പദ്ധതിയെ എതിർത്തവരെ ഗ്രാൻറു കൂട്ടി കൊടുത്തു സഹായിക്കയും ചെയ്തു. ഗ്രാൻറു് കൂടുതൽ കൊടുക്കുന്നതുകൊണ്ടു് അദ്ധ്യാപകന്മാരുടെ ശമ്പളം അവർ കൂട്ടുകയാണെങ്കിൽ ഞാനും അതിനനുകൂലിയാണു്. എന്നാൽ ഗവൺമെണ്ടു് അധീനതയിൽ ഈ വിദ്യാലയങ്ങൾകൊണ്ടുവരികയും എന്നാൽ അതേസമയം അദ്ധ്യാപകന്മാർക്കു് ശമ്പളം കൂട്ടിക്കൊടുക്കുവാനുള്ള ഒരു പദ്ധതി ഉണ്ടാകയും ചെയ്തിരുന്നെങ്കിൽ നന്നായിരിക്കുമായിരുന്നു. അതിനുപകരം പദ്ധതിയിൽനിന്നു് പിന്നോട്ടു മാറുകയാണു് ഗവൺമെണ്ടു് ചെയ്തതു്. ഇതു് പൊതുജനാഭിപ്രായത്തെ ആദരിച്ചാണു് ചെയ്യുന്നതെന്നു് വിദ്യാഭ്യാസമന്ത്രി പറയുകയുണ്ടായി.

ഞാൻ ചോദിക്കുന്നതു് ഈ പൊതുജനങ്ങൾ ആരാണെന്നാണു്. ഈ ഇഷ്യുവിന്മേൽ രാജ്യത്തു് ഒരു റഫറണ്ടം നടത്തുന്നതിനു് ഗവൺമെൻേറാ മന്ത്രിയോ തല്പരരാണോ എന്നു ഞാൻ ചോദിക്കുന്നു. അങ്ങനെ ഒരു റഫറണ്ടം എടുക്കുന്നപക്ഷം ഇവിടത്തെ മുക്കാൽഭാഗം ആളുകളും പദ്ധതിയിൽ വ്യതിയാനം വരുത്തിയ ഗവൺമെണ്ടിനു് എതിരായിട്ടായിരിക്കും നിൽക്കുക. അതുപോലെ തന്നെ ഈയിടെ വരുത്തിയ സെക്കൻഡറി വിദ്യാഭ്യാസപദ്ധതിയും. ആ പദ്ധതിയിൽ ദേശവൽകരണമൊന്നും ഞാൻ കാണുന്നില്ല. എന്നിരുന്നാലും കുറച്ചു ഗുണം അതുകൊണ്ടു് അദ്ധ്യാപകന്മാർക്കു ഉണ്ടാകുന്നുണ്ടു്. ഒരുവിധം സംതൃപ്ത

[Sri. R. Sankar]

രായി കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള ഒരു സാഹചര്യം ആ പദ്ധതികൊണ്ടു ഉണ്ടാകുമായിരുന്നു. അതിനേയും മുൻപറഞ്ഞ വിഭാഗക്കാർ ചില മൗലികാവകാശങ്ങളുടെ പേരിൽ എതിർക്കുകയാണു് ചെയ്യുന്നതു്. തികഞ്ഞ ദേശീയവാദികളാണെന്നു ഭാവിക്കുകയും അല്പമെങ്കിലും ദേശീയമായ പദ്ധതിയെ എതിർക്കുകയും ചെയ്യുന്നു. ആ എതിർപ്പിനു് ഇതുവരെ കീഴ്പ്പെട്ടിട്ടില്ലെന്നു വിദ്യാഭ്യാസമന്ത്രി ചിലടത്തുവച്ചു് പ്രഖ്യാപിച്ചിട്ടുണ്ടു്. ഈ പദ്ധതി നാലഞ്ചുമാസം മുമ്പു ആരംഭിച്ചതാണു്. ഫീസ് പിരിവിന്റെ ൧൦ ശതമാനം ട്രഷറിയിൽ അടക്കണമെന്നുള്ളതിനെ വകവക്കാതെ പണം ഇഷ്ടംപോലെ വിനിയോഗിക്കുന്ന മാനേജരന്മാരുടെ പേരിൽ ഏതെങ്കിലും നടപടി എടുക്കാൻ ഇതുവരെ ഗവമ്മെണ്ടു് മുതിൎന്നിട്ടില്ല അതിലേക്കു് ആവശ്യമായ എന്തെങ്കിലും നിയമങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഭാവം ഈ സെഷനിലും ഉള്ളതായി തോന്നുന്നില്ല. എങ്കിലും വിദ്യാഭ്യാസമന്ത്രി വളരെ ധൈര്യമായി പ്രഖ്യാപിക്കുന്നതു് ഒരിഞ്ചുപോലും വിട്ടുകൊടുക്കാൻ പോകുന്നില്ലെന്നാണു്. വിട്ടുകൊടുക്കാത്തതുകൊണ്ടുമാത്രം അവരെ ഒടുവിൽ വഴിക്കു വരുത്തുന്നതിൽ കവിഞ്ഞു് ഒന്നുമില്ലെങ്കിലും ഈ ചെറിയ പദ്ധതിയെങ്കിലും ഉറപ്പോടുകൂടി പ്രയോഗത്തിൽ വരുത്തട്ടെ എന്നു ഞാൻ ആശംസിക്കുന്നു.

ഇവിടത്തെ ഉന്നത വിദ്യാഭ്യാസത്തിൽ ചില പരിഷ്കാരങ്ങൾ നാലഞ്ചു കൊല്ലങ്ങൾക്കു മുമ്പു വരുത്തി. ആർട്ടിലും സൈൻസിലും ഉന്നത വിദ്യാഭ്യാസം ചെയ്യുന്നതിനു് പ്രാപ്തിയും വാസനയും ഉള്ളവരെമാത്രം തെരഞ്ഞെടുക്കുകയും, മററുള്ളവൎക്കായി ഒരു ടെക്നോളജിക്കൽ ഇൻസ്ററിററ്യൂട്ടു നടത്തണമെന്നു തീരുമാനിക്കുകയും ചെയ്തു. അതിലേക്കാണു് ഒരു പ്രീയൂണിവേഴ്സിററി ഏൎപ്പാടും ത്രിവത്സരഡിഗ്രികോഴ്സും ഉണ്ടായതു്. അതും പിന്നീടു് നിറുത്തുകയും ചെയ്തു ടെക്നോളജിക്കൽ എഡ്യൂക്കേഷൻ ഇപ്പോഴും തുടങ്ങിയിട്ടില്ല. വിദ്യാഭ്യാസനയം അങ്ങനെ എന്നും മാറിക്കൊണ്ടിരിക്കുകയാണു്.

രണ്ടാമതായി എനിക്കു പറയാനുള്ളതു് രാജ്യത്തെ ജനങ്ങൾക്കു് അവരുടെ ജീവനും മാനവും വസ്തുവകകളും അവരുടെ ക്ഷേത്രങ്ങൾ മുതലായ ആരാധനാസ്ഥലങ്ങളും ഒരുവിധം സുരക്ഷിതമായിരിക്കുന്നുവെന്നുള്ള ബോധം ഇല്ലാതിരിക്കുന്നു എന്നുള്ളതിനെപ്പററിയാണു്. കഴിഞ്ഞ സെഷനിൽ ലാക്കപ്പുകളിൽ നടന്ന മർദ്ദനങ്ങളെപ്പററിയും അതിന്റെ ഫലമായി നടന്ന മരണങ്ങളെപ്പററിയും ഇവിടെ പല ചോദ്യങ്ങളും ചോദിക്കുകയുണ്ടായി. അന്നു അന്വേഷണങ്ങൾ നടത്തുന്നുണ്ടു്; ഗവമ്മെണ്ടിന്റെ ശ്രദ്ധ തീവ്രമായി അതിൽ പതിച്ചിട്ടുണ്ടെന്നാണു് പറഞ്ഞതു്. ചിലടത്തൊക്കെ അന്വേഷണത്തിന്റെ ഒരു പ്രഹസനം നടക്കുകയുണ്ടായി. എന്നാൽ അതിന്റെ ഫലമെന്തായി എന്നു അറിയുന്നില്ല. കൊട്ടാരക്കര സുരേന്ദ്രൻ ലാക്കപ്പിൽവെച്ചു് മരിച്ചതിനെപ്പററിയുള്ള അന്വേഷണത്തിന്റെ റിപ്പോർട്ടു സമർപ്പിച്ചുകഴിഞ്ഞു. പൊതുജനങ്ങളോടു ബഹുമാനമുണ്ടെങ്കിൽ ആ സംഗതിയിൽ ഇത്ര അലസത കാണിക്കേണ്ട ആവശ്യമുണ്ടോ? റിപ്പോർട്ടു് കിട്ടിക്കഴിഞ്ഞാൽ ആരെങ്കിലും കുററക്കാർ ആണെന്നു കണ്ടിട്ടുണ്ടെങ്കിൽ അവരെ മാതൃകാപരമായി ശിക്ഷിക്കാതിരിക്കുന്നതു വളരെ തെററാണു്. റിപ്പോർട്ടു സമർപ്പിച്ചു ഇത്രയും ദിവസമായിട്ടും അതു സംബന്ധിച്ചു് ഒരു വിവരവും വെളിക്കുവന്നിട്ടില്ല.

ശബരിമല ക്ഷേത്രത്തിനും അതുപോലെ മററു പതിനേഴു ക്ഷേത്രങ്ങൾക്കും ആപത്തുണ്ടായി. അതിനെപ്പററിയുള്ള അന്വേഷണങ്ങൾ വികൃതമായിരുന്നു എന്നുള്ള കാര്യം ഞാൻ ഈ സഭയെ അറിയിക്കുന്നു. വളരെ വലിയ കാര്യമെന്നോണം

ചീഫ്മിനിസ്റ്ററും വേറെ ഒരു മന്ത്രിയും ശബരിമലക്ഷേത്രത്തിൽ പോവുകയും ആ കേസ് സംബന്ധിച്ച തെളിവ് പെട്ടെന്നുതന്നെ ഉണ്ടാകുമെന്നും അപരാധികളെ ബുക്കുചെയ്യുമെന്നും പറയുകയും ചെയ്തിരുന്നു. അവിടെ പോയിരുന്ന ഐ. ജി.യും അപ്രകാരംതന്നെ ഒരു സ്റ്റേറ്റുമെൻറ് പുറപ്പെടുവിച്ചു. പക്ഷെ കുറെ ദിവസം കഴിഞ്ഞപ്പോൾ അതിൽനിന്നും തെറിച്ചു മാറുകയാണ് ചെയ്തതു്. പിൽക്കാലത്തു് ഇവിടത്തെ ഐ. ജി. ക്ക് ഈ കേസ് സംബന്ധിച്ച് യാതൊരു ചുമതലയും കൊടുത്തിരുന്നില്ല.

ஸ்ரீ. ஏ. சிதம்பரநாத நாடார்: அப்படியானால் ஐ. ஜி. க்கு அந்தக் கேசை கண்டுபிடிப்பதற்குள்ள சாமர்த்தியம் இல்லையென்று சொல்கிறீர்களா?

ശ്രീ. ആർ. ശങ്കർ: സാമർത്ഥ്യം ഇല്ലെന്നു വിചാരിച്ചാണോ സാമർത്ഥ്യം കൂടിപ്പോയെന്നു വിചാരിച്ചാണോ എന്നറിയാൻ പാടില്ല. ഒരു സ്പെഷ്യലാഫീസറെ ഈ കേസിന്റെ അന്വേഷണത്തിന് ഗവമെന്റു വരുത്തുകയും ആ ആഫീസർക്ക് ഈ ജോലിമാത്രം കൊടുക്കുകയും ചെയ്തു. അദ്ദേഹം അന്വേഷണത്തിനുശേഷം ഒരു റിപ്പോർട്ടു് ഗവമെന്റിനു് സമർപ്പിച്ചിട്ടു് അന്തർദ്ധാനം ചെയ്യുകയാണുണ്ടായതു്. അദ്ദേഹത്തിന്റെ പ്രവർത്തനത്തെപ്പററിയും കാര്യക്ഷമതയെപ്പററിയും ഈ അസംബ്ലിയിൽതന്നെ ഗവമെന്റു ഭാഗത്തുനിന്നും വളരെ ഭംഗിയായി പറഞ്ഞിട്ടുണ്ടു്. എന്നാൽ അങ്ങനെയുള്ള ആൾ കേസ് അന്വേഷണം കഴിഞ്ഞശേഷം അന്തർദ്ധാനം ചെയ്യുകയാണുണ്ടായതു്. ആ ഉദ്യോഗസ്ഥൻ സമർപ്പിച്ച റിപ്പോർട്ടു് എന്തായി എന്നറിയാൻ പാടില്ല. ഇപ്പോൾ അതിനെപ്പററി ആരു് അന്വേഷണം നടത്തുന്നു എന്നും അറിയാൻപാടില്ല. ആ കേസിനു് ഉണ്ടാകുമായിരുന്ന തെളിവുകൾപോലും ഉണ്ടാകാതിരിക്കുന്നതിനാണു് ഗവമെന്റു് ശ്രമിച്ചിട്ടുള്ളതെന്നു ഈ രാജ്യത്തെ ജനങ്ങൾ വിശ്വസിക്കുന്നു. അങ്ങനെ ഒരു വിശ്വാസം ജനങ്ങളിൽ വരുത്തിയതാണു് വളരെ കഷ്ടം. ഇക്കാര്യത്തെപ്പററി പറഞ്ഞു പൊളിററിക്കൽ ക്യാപ്പിററൽ എടുക്കുന്നു എന്നു ചിലർ പറയുന്നുണ്ടു്. ഇങ്ങനെ പറയുന്നതിനേക്കാൾ ഒരു തോൽവി ഒരു ഗവമെന്റിനും ഉണ്ടാകാനില്ല. അതുകൊണ്ടു് ആരെങ്കിലും പൊളിററിക്കൽ ക്യാപ്പിററൽ എടുക്കുന്നു എന്നു പറയുന്നതുകൊണ്ടു് ഒരു വിശേഷവും ഇല്ല. തിരുവിതാംകൂറിൽ പല ക്ഷേത്രങ്ങളിൽ കയ്യേററം ഉണ്ടായി. ആലപ്പുഴവെച്ചു് ഒരാൾ ഒരു ക്ഷേത്രം കുത്തി ഇടിച്ചുകൊണ്ടിരുന്നപ്പോൾ ആയുധത്തോടുകൂടി അയാളെ പിടികൂടി. പിറേറദിവസത്തെ മനോരമയിൽ ആ ആൾ ഭ്രാന്തനാണെന്നു ഒരു റിപ്പോർട്ട് കണ്ടതിൽ കൂടുതലായി ഒന്നുംതന്നെ അതിനെപ്പററി അറിവില്ല. മറെറാരു കേസിലെ ഒരു പ്രതിയെ രാഷ്ട്രീയകാരണങ്ങളാൽ ചീഫ്മിനിസ്റ്റർ മോചിപ്പിച്ചതായി ഒരു പത്ര റിപ്പോർട്ടും കാണുകയുണ്ടായിട്ടുണ്ടു്. അതു സംബന്ധിച്ചു് പബ്ലിക്ക് റിലേഷൻസ് ആഫീസറുടെ ഒരു നിഷേധവും വന്നു. പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെണ്ടിൽനിന്നും എന്തെങ്കിലും പറഞ്ഞാൽ ജനങ്ങൾ അതിനാസ്പദമായ കാര്യത്തെ ഒന്നുകൂടി വിശ്വസിക്കുകയേയുള്ളു. ഗവമെന്റിനു് വിഷമം ഉള്ള കാര്യമാണെന്നു കണ്ടാൽ അതിനെ നിഷേധിക്കുകയാണു് ആ ഡിപ്പാർട്ടുമെൻറ് ചെയ്യുന്നതു്. ആ സ്ഥിതിക്കു് ആ ഡിപ്പാർട്ടുമെണ്ടു് നിറുത്തൽ ചെയ്യുന്നതായിരിക്കും നല്ലതു്. ഒന്നു രണ്ടു ക്രിസ്തീയ ദേവാലയങ്ങളിലും കയ്യേററമുണ്ടായതായി റിപ്പോർട്ടുകൾ കണ്ടു. അതുസംബന്ധിച്ചുള്ള അന്വേഷണങ്ങൾ വളരെ ഊർജ്ജിതത്തിൽ നടത്തിവരുന്നു എന്നും സമീപദേശത്തുള്ള പാവപ്പെട്ട പല ഹിന്ദുക്കളേയും കേസെടുക്കാതെതന്നെ പോലീസ് ഉപദ്രവിക്കുന്നു എന്നും

[Sri. R. Sankar]

റിപ്പോർട്ട് കിട്ടിയിട്ടുണ്ടു്. ആ വിവരം ഐ. ജി. അവർകളെ ഞാൻ അറിയിച്ചു. അദ്ദേഹം അതിനെപ്പററി അന്വേഷിക്കാമെന്നു പറഞ്ഞിട്ടുണ്ടു്. കായംകുളത്തു് ഒരു ഫാത്തിമാ മാതാവിന്റെ പ്രതിമ കല്ലെറിഞ്ഞു് ഉടച്ചെന്നോ മററോ കേട്ടു. അതിനെ തുടർന്നു അവിടെ ഒരു ലഹളതന്നെ ഉണ്ടായി.

മി. സ്പീക്കർ: ആ കാര്യം ഇവിടെ സംഗതമല്ല.

ശ്രീ. ആർ. ശങ്കർ: എന്തായിരുന്നാലും ആ പ്രതിമ സൂക്ഷിക്കാൻ ഇപ്പോൾ പോലീസ് കാവൽ നില്ക്കുന്നുണ്ടു്. ഇവിടത്തെ പല ക്ഷേത്രങ്ങൾക്കും ആപത്തു വന്നിട്ടു് സൂക്ഷിക്കുന്നതിനും കാവൽ നില്ക്കുന്നതിനും ആരുമില്ലെന്നു മാത്രമല്ല അതിനെപ്പററി അന്വേഷിക്കുന്നതിനും ആരുമില്ല.

സർ സി. പി. രാമസ്വാമി അയ്യരുടെ കാലത്തുതന്നെ യുദ്ധംമൂലം വളരെ വൈഷമ്യങ്ങളുണ്ടായിരുന്നെങ്കിലും ഒരുവിധം എല്ലാ മാസങ്ങളിലും നൂലും തുണിയും ഇവിടെ വിതരണം ചെയ്യുന്ന ഒരേർപ്പാടുണ്ടായിരുന്നു. ജനകീയം വന്നതിനുശേഷം അക്കാര്യങ്ങൾ പരിപൂർണ്ണമായി പരാജയപ്പെട്ടിരിക്കുകയാണു്. അന്നു ആയിരത്തി അഞ്ഞൂറ ബേൽ നൂൽ കോട്ടാ ഇവിടെ കിട്ടിക്കൊണ്ടിരുന്നു. ഇപ്പോൾ കേൾക്കുന്ന കണക്കു് അതിനു് താഴെയാണു്. ജനകീയം വന്നതിന്റെ ഫലം ഇതാണോ എന്നാണു് ജനങ്ങൾ ചോദിക്കുന്നതു്. ഏതാണ്ടു് ഒരു ലക്ഷത്തോളം കുടുംബങ്ങൾ ജീവിക്കുന്നതിനു് ഉപകരിക്കുന്ന ഒരു തൊഴിലാണു് നെയ്ത്തുതൊഴിൽ എന്നു പറഞ്ഞാൽ അതിൽ യാതൊരു അതിശയോക്തിയുമില്ല. ഇപ്പോൾ ആ തൊഴിൽകാർക്കു് ഏതാണ്ടു് രണ്ടും മൂന്നും മാസത്തിലൊരിക്കൽ ഒരു കഴി അതായതു അര റാത്തൽ നൂലാണു് കൊടുക്കുന്നതു്. അതു് കൊടുക്കുന്നതിനേക്കാൾ ഭേദം കൊടുക്കാതിരിക്കുകയാണു്. പല പ്രാവശ്യവും തറികളുടെ സെൻസസ് എടുക്കുകയും മററും ചെയ്യുന്നുണ്ടെങ്കിലും നൂൽ അവർക്കു് കൊടുക്കുന്നില്ല. ഈ സംസ്ഥാനത്തുണ്ടാക്കുന്ന നൂൽ വിതരണം ചെയ്യുന്നതിനു് നൂൽ ഉണ്ടാക്കുന്നവരെത്തന്നെ ഏല്പിച്ച വിചിത്രമായ ഒരു കഥയുണ്ടു്. അവർ സ്വല്പം നൂൽ വിതരണം ചെയ്യുകയും ബാക്കി ബ്ലാക്കുമാർക്കററിൽ വില്ക്കുകയും ചെയ്യുന്നു എന്നാണു് ജനങ്ങൾ വിശ്വസിക്കുന്നതു്. എന്തെന്നാൽ ബ്ലാക്കുമാർക്കററിലാണെങ്കിൽ നൂൽ കിട്ടും. തുണിയുടെ കാര്യം പറയുകയാണെങ്കിൽ ഈ നഗരത്തിൽ തന്നെ പഴവങ്ങാടിയിലുള്ള ചിത്രാമിൽ ഡിപ്പോവിൽ പത്തായിരമാളുകൾ തുണിവാങ്ങുന്നതിനായി തള്ളിക്കേറുന്നതായി കണ്ടു. അടുത്തകാലത്തു് ഇൻഡ്യാഗവൺമെണ്ടു് ശർക്കരക്കു് ഒരു നിയന്ത്രണംവച്ചു. അതോടുകൂടി ശർക്കര കിട്ടാതായിരിക്കുന്നു. വൈദ്യന്മാർക്കു് ഔഷധങ്ങൾ ഉണ്ടാക്കുന്നതിനുപോലും ശർക്കര കിട്ടാതെ വിഷമിക്കുകയാണു് ചെയ്യുന്നതു്. അവർ വളരെ വിഷമിച്ചു അമിതമായ വില കൊടുത്താണു് ഇപ്പോൾ ശർക്കര വാങ്ങുന്നതു്. തൊണ്ടിനു് ഒരു നിയന്ത്രണം വെക്കാൻ പോകുന്നു എന്നു പറഞ്ഞതോടുകൂടി തൊണ്ടിന്റെ വിലയും കൂടുന്നുണ്ടു്. ഇപ്പോൾ അല്പം കുറഞ്ഞിരിക്കുന്നതു് കയറിന്റെ വിലക്കുറവുകൊണ്ടാണു്.

ഇവിടെ കോവാപ്പറേററീവ് സൊസൈററി പ്രസ്ഥാനം ഉണ്ടായിട്ടു് ഒരു തലമുറയോളം ആയി എന്നാണു് എനിക്കു തോന്നുന്നതു്. ഇവിടത്തെ മണ്ണിൽ ശരിയായി വിളയാത്ത ഒരു ലക്ഷണമാണു് അതിനു് കാണുന്നതു്. പല ആളുകളും അതിനെ ദുരുപയോഗപ്പെടുത്തിയിട്ടുണ്ടു്. അപൂർവ്വം ചില സൊസൈററികൾ മാതൃകാപരമായി പ്രവർത്തനം നടത്തിയിട്ടുമുണ്ടു്. ഈ അടുത്ത കാലത്തു് ഇവിടെ കെട്ടിടം കെട്ടുന്നതിനു് കോവാപ്പറേററീവ് സൊസൈററീസിനെ

ഏല്പിക്കുകയും, ഭൂമി പതിച്ചു സൊസൈററിസിനു് കൊടുക്കുകയും ചെയ്യുന്നുണ്ടു്. അങ്ങനെ ആകുമ്പോൾ ഒരു വ്യക്തിയെ സഹായിച്ചു എന്നു വരുന്നതല്ലല്ലോ. എന്നാൽ രണ്ടു മൂന്നു പേർ ചേർന്നു ഒരു സൊസൈററി രജിസ്റ്റർ ചെയ്തു് സൊസൈററിക്കു കിട്ടാനുള്ള ആനുകൂല്യങ്ങളെല്ലാം വാങ്ങി കുറെ വ്യക്തികൾ അനുഭവിക്കുകയാണു് ചെയ്യുന്നതു്. കഴിഞ്ഞ സെഷനിൽ കയറു വ്യവസായം സംബന്ധിച്ചുണ്ടാകുന്ന കോവാപ്പറേററീവ്‌ സൊസൈററിയെപ്പററി ചോദിച്ചപ്പോൾ ധനവാന്മാക്കു് അതിൽ ആവശ്യമുള്ളിടത്തോളം ഷെയർ എടുക്കുന്നതിനു് തടസ്സമായി യാതൊന്നുമില്ലെന്നാണു് പറഞ്ഞതു്. ചുരുക്കിപ്പറഞ്ഞാൽ അതും ഒരു വലിയ പരാജയത്തിൽ എത്താൻ പോവുകയാണു്. ഇപ്പോൾ ഡെമോക്രസിയിൽപോലും ഈ രാജ്യത്തെ ജനങ്ങൾക്കു വിശ്വാസമില്ലാത്ത ഒരു സ്ഥിതിയാണു് വന്നിരിക്കുന്നതു്. കോവാപ്പറേററീവ്‌ സൊസൈററി പ്രസ്ഥാനത്തെപ്പററിപ്പോലും ജനങ്ങൾക്കു് അവജ്ഞത ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇതിനെല്ലാം ഉത്തരവാദികൾ ഗവൺമെണ്ടാണു്. ഈ ജനകീയ ഗവൺമെണ്ടിനു് ഇതുപോലെയുള്ള കുററങ്ങൾ പരിഹരിച്ചു മുന്നോട്ടുപോവാൻ ധാരാളം അവസരം ഉണ്ടായിരുന്നു. ആ അവസരം ഉപയോഗിച്ചിട്ടില്ലെന്നു മാത്രമല്ല അധികാരത്തിലിരിക്കുന്ന പാർട്ടിയിലെ പ്രമുഖന്മാരായ അംഗങ്ങൾ തമ്മിൽ പരസ്പരം ചീത്ത പറഞ്ഞു് പാർട്ടിയെപ്പററിയും ജനകീയ ഗവൺമെണ്ടിനെപ്പററിയും ജനങ്ങൾക്കു ബഹുമാനമില്ലാത്ത അവസ്ഥയാണു് സൃഷ്ടിച്ചിരിക്കുന്നതു്. ഈയിടെ മുൻമന്ത്രിയായിരുന്ന കുമാരി ആനിമസ്‌ക്രീൻ ശ്രീ. ജാൺ ഫിലിപ്പോസിനെപ്പററി ഒരു സ്റ്റേററുമെണ്ടു് പരസ്യം ചെയ്തു. കുറെ ദിവസത്തേക്കു് അതിനെപ്പററി മാത്രമായിരുന്നു പത്രങ്ങളിൽ ഉള്ള എഴുത്തെല്ലാം. ആ പത്രങ്ങളിൽ പലതിലും മുഖപ്രസംഗങ്ങളും എഴുതിയിട്ടുണ്ടായിരുന്നു. ആ സ്റ്റേററുമെണ്ടിന്റെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട മന്ത്രി മി. ഫിലിപ്പോസിനു് രണ്ടിലൊന്നു മാത്രമെ ചെയ്യാനുണ്ടായിരുന്നുള്ളു. ഒന്നുകിൽ രാജിവെച്ചു മാറുക; അല്ലെങ്കിൽ ശ്രീമതി മസ്‌ക്രീനെ പ്രാസിക്യൂട്ടുചെയ്തു തന്റെ നിരപരാധിത്വം തെളിയിക്കുക. ബഹുമാനപ്പെട്ട മന്ത്രി അതുരണ്ടും ചെയ്തില്ല. എന്നാൽ ബഹുമാനപ്പെട്ട മന്ത്രി നിരപരാധിയാണെന്നു കാണിച്ചു് ഗവൺമെണ്ടു് ഒരു പ്രസ്സ്‌നോട്ടു് ഇറക്കി. അങ്ങനെ മന്ത്രിസഭ മുഴുവൻ അതിനെ ഏറെറടുത്തു് ഒരു പ്രസ്സ്‌നോട്ടു് ഇറക്കുകയാണു് ചെയ്തതു്. ഇൻഡ്യാഗവൺമെണ്ടു് പ്രൈംമിനിസ്റ്ററോടു് ഈവക ആരോപണങ്ങളെപ്പററി അന്വേഷണം നടത്തുന്നതിനു് ഒരു ഉദ്യോഗസ്ഥനെ അയച്ചുതരണമെന്നു കമ്പിമൂലം ആവശ്യപ്പെട്ടിട്ടുള്ളതായി ചീഫ്‌മിനിസ്റ്റർ പ്രഖ്യാപിച്ചു. പല കമ്പികളും സ്റ്റേററുമിനിസ്ട്രിയിൽ പോയാൽ തങ്ങിക്കിടക്കും. അതുപോലെ ഇതും തങ്ങിക്കിടക്കുകയാണോ എന്നു സംശയിക്കുന്നു. പണ്ഡിററു ജവഹർലാൽ നെഹ്‌റുവിനു് ഇങ്ങനെ ഒരു അറിയിപ്പു കിട്ടിയാൽ അതിനു് മറുപടി പോലും അയക്കാതിരിക്കുമെന്നു ആരും വിശ്വസിക്കാൻ കഴിയുന്നതല്ല. എനിക്കു് ഏററവും സ്നേഹവും ബഹുമാനവുമുള്ള ഒരാളാണു് ശ്രീ. ഫിലിപ്പോസ്‌. അദ്ദേഹം ഈ മന്ത്രിസഭയിൽ ഇരിക്കുന്നതു് ഈ രാജ്യത്തിന്റെ ഉത്തമ താല്പര്യങ്ങൾക്കും ഡെമോക്രസിയുടെ പ്രസിഡൻറിനും നല്ലതാണോ എന്നു എല്ലാവരും ആലോചിക്കണം.

ഋണബാദ്ധ്യതയുള്ള ഉദ്യോഗസ്ഥന്മാർ അവരുടെ കടങ്ങൾ തീർത്തതിനുശേഷമല്ലാതെ ഉദ്യോഗത്തിൽ തുടരുന്നതിനു് അനുവദിക്കയില്ല. ഒരു പോലീസ്‌ ഇൻസ്പെക്ടറുടെ കാര്യം എനിക്കറിയാം. അദ്ദേഹത്തിന്റെ പേർ ഇപ്പോൾ എനിക്കോർമ്മയില്ല. അദ്ദേഹത്തിന്റെ കടങ്ങൾ തീർത്തതിനുശേഷം ജോലിയിൽ

[Sri. R. Sankar]

In this connection there is one other matter which I would like to point out to this House. It was openly alleged that in the recent election at Nedumangad and Neyyattinkara the Government interferred in the elections. Sir, in the newspaper "Navasakthi", dated 24th January 1951, published by Sri. Balaramapuram Raman Pillai, this passage occurred:

അവർ നിത്യമെന്ന വിധം ജനങ്ങളുടെ മുമ്പിൽ പകൽ സമയം കള്ളം പറയുന്നു. അതിനുള്ള ഒടുവിലത്തെ ഉദാഹരണമാണു് അരകനാട്ടു ശാസ്താക്ഷേത്ര ധ്വംസകനെ ജാമ്യത്തിൽ വിട്ട കാര്യം. യഥാർത്ഥത്തിൽ മന്ത്രിമാരുടെ പ്രേരണ ആ ജാമ്യക്കാര്യത്തിൽ ഉണ്ടായിരുന്നു എന്നു് ഇതെഴുതുന്ന ആളിനു ധൈര്യമായി പറയാൻ കഴിയും. അതു് ഇലക്ഷനുവേണ്ടി ചെയ്തതുമായിരുന്നു.

Sir, interference in the judiciary is wrong and should be put an end to. Here is an allegation that the Government interfered in the recent elections and that the Ministers actively helped to get bail to a man involved in a criminal case for the purpose of getting votes in the election. This is an interference in the judiciary of the worst type for an illegal purpose. And that is, I say, one of the worst crimes any Government can do. No principle, no self-interest can justify this.

Sri. D. Gnanasigamony: Is the interference...

Sri. P. S. Nataraja Pillai: I am not yielding. We talk of democracy. What is democracy when elections are interfered with by the executive? They are interfering in the work of judiciary, they are interfering in the elections. This Cabinet has betrayed the country and themselves. Therefore I once more implore to the members of the Cabinet to clear themselves from the allegations that have been made and set up a precedent which will be wholesome and correct.

ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: സർ, ഞാൻ ശ്രീ. ആർ. ശങ്കറിന്റെ ഭേദഗതിയോടു് അനുകൂലിക്കുന്നു. അതോടുകൂടി ഏതാനും ചില സംഗതികൾ ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു് ആഗ്രഹിക്കയും ചെയ്യുന്നു. ഈ സംസ്ഥാനത്തെ—പിന്നോക്ക സമുദായങ്ങളുടെ ഉന്നമനത്തിനുവേണ്ടി ഇന്നത്തെ ഗവമ്മെണ്ടു് അനുവത്തിച്ചുവരുന്ന നയത്തെസംബന്ധിച്ചു് എന്തെങ്കിലും പറയുക എന്നതു് ഏററവും ലജ്ജാവഹമായ സംഗതിയാണു്. അവശതയനുഭവിക്കുന്ന സമുദായങ്ങളുടെ ഉന്നമനത്തിനുവേണ്ടിയുള്ള ഏതെങ്കിലും പരിപാടി ഗവമ്മെണ്ടിന്റെ ആലോചനയിൽ പെട്ടിട്ടുണ്ടോ എന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു.

[Sri. P. K. Krishnan Sastri]

ഈ സമ്മേളനം ഉൽഘാടനം ചെയ്ത രാജപ്രമുഖൻ തിരുമനസ്സുകൊണ്ടു് തിരുവിതാംകൂർ രാജ്യത്തിലെ മഹാരാജാവായിരുന്നപ്പോൾ അദ്ദേഹം പിന്നോക്കസമുദായക്കാരുടെ പ്രത്യക്ഷദൈവം ആയിരുന്നു എന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണു്. പിന്നോക്കസമുദായങ്ങളുടെ ഇന്നു കാണുന്ന ഉൽക്കർഷത്തിനുള്ള പ്രധാന കാരണക്കാരനും അദ്ദേഹമാണു്. അദ്ദേഹം രാജ്യത്തെ വിവിധങ്ങളായ മാർഗ്ഗങ്ങളിൽകൂടി അഭിവൃദ്ധിപ്പെടുത്തുന്നതിനും മററും വളരെ ശ്രദ്ധിച്ചിട്ടുണ്ടു്. എന്നാൽ പിന്നോക്കസമുദായക്കാരുടെ ഉന്നമനത്തിനു് എന്തെങ്കിലും ചെയ്യുന്നതായിട്ടോ ചെയ്യാൻ പോകുന്നതായിട്ടോ ഒന്നുംതന്നെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കാണുന്നില്ല. മുമ്പു് അങ്ങനെ പ്രവർത്തിച്ചു വന്നിരുന്നു എന്നു മാത്രമേ അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്നും മനസ്സിലാക്കുവാൻ സാധിക്കുന്നുള്ളു. വ്യക്തമായി അദ്ദേഹം പറയുകയുണ്ടായി, അദ്ദേഹത്തിന്റെ ഗവമ്മെണ്ടു് പിന്നോക്കസമുദായക്കാരുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരുന്നു എന്നു്. എന്നാൽ ഇന്നു് അതു ഉപേക്ഷിച്ചിരിക്കയാണു്. പിന്നോക്കസമുദായങ്ങളെക്കുറിച്ചു് പറയുന്ന അദ്ദേഹത്തിന്റെ പ്രസംഗഭാഗം ഞാൻ വായിക്കാം. "പിന്നോക്കസമുദായങ്ങളുടെ സാമുദായികവും സാമ്പത്തികവും ആയ സ്ഥിതിയുടെ ഉന്നമനം എന്റെ ഗവമ്മെണ്ടിന്റെ മുമ്പിൽ എപ്പോഴും ഉണ്ടായിരുന്ന ലക്ഷ്യങ്ങളിൽ ഒന്നാണു്". 'ഉണ്ടായിരുന്നു' എന്നാണദ്ദേഹം ഉപയോഗിച്ചതു്. അതു് സത്യവുമാണു്. എന്നാൽ ഇന്നു ഗവമ്മെണ്ടു് ആ കാര്യത്തിൽ ഏതു നിലയാണു് അനുവർത്തിച്ചുവരുന്നതു് എന്നു പ്രസംഗത്തിൽനിന്നും വ്യക്തമാണു്. പിന്നോക്കസമുദായക്കാരുടെ ഉന്നമനത്തിനുവേണ്ടി ൧൱൨൦ – ൨൧-ലെ ബഡ്ജററിൽ പന്ത്രണ്ടു ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഇതുവരെയായിട്ടും ഈ കാര്യത്തിൽ മൂന്നുലക്ഷം രൂപായോളം മാത്രമേ ചെലവാക്കിയിട്ടുള്ളു, ബാക്കിയുള്ളതു് ലാപ്സായിത്തീരുന്നതുമാണു്. ഗവമ്മെണ്ടിലേക്കു് തിരിയെ ചെന്നു ചേരുന്നതും ആണു്. പിന്നോക്കസമുദായോന്നമനത്തിനു് ഇതുപോലെതന്നെ ഭീമമായ തുകകൾ നീക്കിവെയ്ക്കുന്നു എന്നു ആ വകുപ്പിന്റെ മന്ത്രി പറയും. ഇതുമാത്രമാണു് ഗവമ്മെണ്ടു് ചെയ്യുന്നതും. ഇപ്രകാരമുള്ള ഒരേർപ്പാടുകൊണ്ടു് യാതൊരു ഗുണവും ഉണ്ടാകാൻ പോകുന്നില്ല. അനുവദിക്കുന്ന തുകതന്നെ മതിയാകാതിരിക്കെ അതു് ലാപ്സാക്കി കളയുകയുംചെയ്താൽ ആ കാര്യത്തിൽ എന്തു പ്രവർത്തനമാണു് നടത്താൻ സാധിക്കുക. ഈ കൊല്ലം അവസാനിക്കാറായി. കൂടിയാൽ ഒന്നൊന്നര മാസത്തോളം മാത്രമേ ഉള്ളു. ഇതിനിടക്കു് എന്തു ചെലവാക്കാൻ സാധിക്കും? രണ്ടുമൂന്നുലക്ഷം രൂപാകൂടി ഇക്കാര്യത്തിൽ ചെലവാക്കുന്നതിനുള്ള ഒരു സ്കീം ഗവമ്മെണ്ടിനുണ്ടെന്നു പറയുന്നു; അതു് ഗസററിലും മററും പരസ്യം ചെയ്തിട്ടുമുണ്ടു്. എന്നാൽ ഇതിൽ ഒരു കൊച്ചുകാശുപോലും ഈ വർഷം ചെലവാകുകയില്ല. ഈ കാര്യങ്ങൾ വച്ചുനോക്കുകയാണെങ്കിൽ ഗവമ്മെണ്ടു് പിന്നോക്കസമുദായക്കാരോടു് ഒരു ചിററമ്മനയമാണു് അനുവർത്തിച്ചുവരുന്നതെന്നു് കാണാൻ കഴിയുന്നതാണു്. സർ, പിന്നോക്കസമുദായക്കാരുടെ സാമ്പത്തികവും വിദ്യാഭ്യാസപരവുമായ ഉയർച്ചയ്ക്കുവേണ്ടി പറയത്തക്ക എന്തെങ്കിലും ചെയ്തിട്ടുണ്ടോ എന്നു പറയുവാൻ, ഞാൻ പിന്നോക്കസമുദായ സംരക്ഷണത്തിന്റെ ചാർജ്ജുവഹിക്കുന്ന മന്ത്രിയോടും ക്യാബിനററിനോടും ചോദിച്ചുകൊള്ളുന്നു. അവരുടെ സാമ്പത്തികോന്നമന വിഷയത്തിൽ എന്താണു് പ്രവർത്തിച്ചിട്ടുള്ളതു്? ഒന്നും അവർക്കുവേണ്ടി ഈ ഗവമ്മെണ്ടു് ചെയ്തിട്ടില്ലെന്നു് തീർത്തുപറയാം. ഗവമ്മെണ്ടിന്റെ പ്രത്യേക മേൽനോട്ടത്തിൽ നടന്നിട്ടുള്ള നിയമനങ്ങൾ മുതലായവയിൽനിന്നും ഈ വസ്തുത കാണാൻ കഴിയുന്നതാണു്. പോലീസ് ഇൻസ്പെക്ടരുടെ സെലക്ഷൻ നടന്നു.

അതിനെപ്പററി നാം പത്രങ്ങളിൽ വായിച്ചു. അധികാരത്തിലിരിക്കുന്ന കക്ഷിനേതാക്കളുടെ അടുത്ത ബന്ധുക്കളേയും മററും നിയമിക്കുന്നതിലുണ്ടായ പ്രത്യേകതയും, തൻനിമിത്തം പാർട്ടിയോഗങ്ങളിൽ ഉണ്ടായ കശപിശകളും നമുക്കറിയാം. അടുത്തകാലത്തു് മജിസ്ട്രേട്ടന്മാരുടെ തിരഞ്ഞെടുപ്പു നടന്നു. ആ കൂട്ടത്തിൽ പിന്നോക്കസമുദായത്തിൽ നിന്നും യോഗ്യതകളുള്ള ഒരു അപേക്ഷകനുണ്ടായിരുന്നു. അദ്ദേഹം ഒരു ബി. എൽ. ബിരുദധാരിയാണു്. സെക്രട്ടറിയേററിൽ സർ സി. പി. രാമസ്വാമി അയ്യരുടെ ഭരണകാലത്തു് നിയമിക്കപ്പെട്ട ആളും എന്നാൽ ജനകീയ ഗവമ്മെണ്ടു് വന്നതോടുകൂടി പിരിച്ചുവിടപ്പെട്ട ആളുമാണദ്ദേഹം. ആ ഒരു ഒററ വ്യക്തിമാത്രമാണു് പ്രൊബേഷണറി മജിസ്ട്രേട്ടായി നിയമിക്കപ്പെടുന്നതിനു് അപേക്ഷിച്ചിട്ടുള്ളതു്. ഈ അപേക്ഷയെ ഗവമ്മെണ്ടു് എങ്ങനെ കരുതി എന്നു ഞാൻ ചോദിക്കുന്നു. ഒരു മജിസ്ട്രേട്ടാകാനുള്ള സകല യോഗ്യതയും അദ്ദേഹത്തിനുണ്ടു്. അദ്ദേഹം മാത്രമാണു് അവശസമുദായത്തിൽ നിന്നും ഇതിനപേക്ഷിച്ചിട്ടുള്ള ഒരു വ്യക്തി. അദ്ദേഹം മുമ്പു് സെക്രട്ടറിയേററിൽ ഉദ്യോഗം ഉണ്ടായിരുന്ന ആളുമാണു്. എന്നിട്ടും അദ്ദേഹത്തിനു് ഒരു ചാൻസുകൊടുക്കുവാൻ ഈ ഗവമ്മെണ്ടിനു് കഴിഞ്ഞില്ല. ഇതൊക്കെ വച്ചുകൊണ്ടാണു് ഞാൻ പറയുന്നതു് പിന്നോക്കസമുദായക്കാരോടു് ഗവമ്മെണ്ടു് ഒരു ചിററമ്മനയമാണു് അനുവർത്തിച്ചുവരുന്നതെന്നു്.

പിന്നോക്കസമുദായ ഡിപ്പാർട്ടുമെൻറിനെ ഉപദേശിക്കുന്നതിനായിട്ടു് ഒരു കമ്മിററി രൂപീകരിച്ചിട്ടുണ്ടു എന്നു് ഗവമ്മെണ്ടു് പറയും, ആ കമ്മിററി എത്ര തവണ കൂടിഎന്നും, എന്തെങ്കിലും ആലോചിച്ചിട്ടുണ്ടോ എന്നും ഞാൻ ചോദിക്കുന്നു. ഇൻഡ്യൻ ഭരണഘടനയിൽ പിന്നോക്കസമുദായക്കാരുടെ ഉന്നമനം പത്തുകൊല്ലംകൊണ്ടു് സാധിക്കണമെന്നു് പറഞ്ഞിട്ടുണ്ടു്. അതനുസരിച്ചു് അവരുടെ സാമ്പത്തികവും സാമുദായികവും വിദ്യാഭ്യാസപരവുമായ സ്ഥിതിഗതികളെപ്പററി പഠിച്ചുറിപ്പോർട്ടുസമപ്പിക്കുന്നതിനു് ഒരു കമ്മിററി ഉണ്ടാക്കണമെന്നുള്ള ഒരു പ്രമേയം കഴിഞ്ഞ അസംബ്ലിയിൽ അവതരിപ്പിക്കുകയും അതിനെക്കുറിച്ചു് ചച്ച് ചെയ്യുകയും ഉണ്ടായിട്ടുണ്ടു്. ഇതിനുമുമ്പുണ്ടായിരുന്ന നിയമസഭയിലും ഇതുപോലെ ഒരു പ്രമേയം വാദപ്രതിവാദത്തിനു വന്നിട്ടുണ്ടു്. ആ സന്ദർഭങ്ങളിൽ എല്ലാം തന്നെ ഇതിനു് ഒരു മറുപടി പറയുന്നതിനുള്ള സന്മനസ്സുപോലും ഈ ഗവമ്മെണ്ടിനുണ്ടായിട്ടില്ല. ഇന്നത്തെ അധികാരികളുടെ സേവകരായ ചിലരെ ചേത്തു ഒരു കമ്മിററി രൂപീകരിച്ചിട്ടുള്ളതായി കേൾക്കുന്നു. ഈ കമ്മിററി എന്തെങ്കിലും റിപ്പോർട്ട് സമപ്പിക്കുകയോ, അതേപ്പററി പര്യാലോചിക്കുകയോ ഇന്നുവരെ ചെയ്തിട്ടില്ലെന്നും പ്രത്യുത ഭീമമായ ഒരു തുക ഈ കമ്മിററി ചെലവാക്കിയിട്ടുണ്ടെന്നു് കേൾക്കുകയും ചെയ്യുന്നു. അവർ എന്താണു് ചെയ്യുന്നതു എന്നു് ആക്കും അറിഞ്ഞുകൂടാ. സർ, ഇത്തരത്തിൽ പിന്നോക്കസമുദായക്കാർ ഒരു വലിയ വൈഷമ്യം അനുഭവിക്കുകയാണു്. അതുപോലെതന്നെ കുടിയേറിപ്പാക്കുവാൻ വസ്തു ഇല്ലാതെ വിഷമിക്കുന്ന പിന്നോക്കസമുദായക്കാരുടെ കാര്യത്തിലും കാര്യമായി ഒന്നും പ്രവത്തിച്ചുവരുന്നതായി കാണുന്നില്ല. നാട്ടിൽ തുണികിട്ടാതെ ആളുകൾ വിഷമിക്കുന്നതിനെപ്പററി പ്രത്യേകിച്ചു പറയണമെന്നില്ല. ഇത്ര വൈഷമ്യം ഈ കാലഘട്ടത്തിൽ ഉണ്ടാകുവാനുള്ള കാരണങ്ങൾ പ്രത്യേകം അന്വേഷിക്കേണ്ടതു് ഗവമ്മെണ്ടിൻെറ ഒരു കടമയാണു്.

എനിക്കു ഇനി പറയുവാനുള്ളതു് ഇന്നത്തെ ഗതാഗതസൗകര്യത്തെ സംബന്ധിച്ചാണു്. ഗതാഗതസൗകര്യത്തെ സംബന്ധിച്ചാണെങ്കിൽ ഇക്കഴിഞ്ഞ രണ്ടു മൂന്നു ദിവസങ്ങളായി യാത്രക്കാക്കു് നേരിട്ടുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ ബസ്സിൽ സഞ്ചരിക്കുന്നവക്കുമാത്രമേ അറിയാൻ സാധിക്കുകയുള്ളു. ഇന്നു് നെയ്യാ

[Sri P, K, Krishnan Sastri]

റിൻകരമുതൽ തിരുവനന്തപുരംവരെ വിദ്യാർത്ഥികൾ ബസ്സുകൾക്കുവേണ്ടി പല സ്ഥലങ്ങളിലുംനിന്ന് കൈകാണിച്ചുകൊണ്ടിരുന്നു. എന്നാൽ ആ സ്ഥലങ്ങളിൽ എല്ലാം അവർക്ക് നിരാശപ്പെടേണ്ടിവന്നു. ഒററസ്ഥലത്തും ബസ്സുകൾ നിറുത്തിയില്ല. ഞാൻ ബസ്സിൽ വരുന്ന അവസരത്തിൽ ഇരുപതു ഇരുപത്തഞ്ചു വിദ്യാർത്ഥികൾ ഒരു ബസ്സു തടഞ്ഞുനിറുത്തിയിരിക്കുന്നു. അവർക്കും കാളേജിൽ പോകുവാനുള്ള സമയം കഴിഞ്ഞിരിക്കുന്നു. അവരെ വണ്ടിയിൽ കയററുകയും ഇല്ല. ഇന്ന് ൫൦ പേരെ മാത്രമേ കയററാൻ പാടുള്ളുവെന്നു നിശ്ചയിച്ചിരിക്കുന്നതായി കേട്ടു. എന്നാൽ അതേസമയംതന്നെ കൂടുതൽ ബസ്സുകളുമില്ല. ഇങ്ങനെയാണ് ഇപ്പോഴത്തെ സ്ഥിതി. ഉത്തരവാദിത്വമുള്ള ജനകീയഭരണം കിട്ടിക്കഴിഞ്ഞതിനുശേഷം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് കയ്യുംകണക്കുമില്ല. ഇതുപോലെ എത്രഎത്ര സംഗതികൾ വേണമെങ്കിലും പറയുവാനുണ്ടാകും. ഈ നിലയിലുള്ള ഭരണം തുടർന്നുപോകുന്നതു് ഏററവും ആപൽകരമാണ്.

വിദ്യാഭ്യാസവും, തൊഴിലും, സിവിൾസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): സർ, ഇന്ന് ഇവിടെ നടന്ന വാദപ്രതിവാദത്തിന് മറുപടി പറയുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഹാജരാകാൻ കഴിഞ്ഞിട്ടില്ല. അതു് അദ്ദേഹത്തിന്റെ ഈ ബഹുമാനപ്പെട്ട സഭയോടുള്ള ആദരക്കുറവുകൊണ്ടാണെന്ന് ആരും തെററിദ്ധരിക്കരുതു്. ഒഴിച്ചുകൂടാൻ പാടില്ലാത്ത ചില ചടങ്ങുകൾ അദ്ദേഹത്തിന്റെ മാതാവിന്റെ നിര്യാണം സംബന്ധിച്ച് അദ്ദേഹത്തിന് നിവ്വഹിക്കേണ്ടതുള്ളതുകൊണ്ടാണ് അദ്ദേഹത്തിന് ഇവിടെ ഹാജരാകാൻ കഴിയാത്തതു്. അദ്ദേഹം ഇവിടെ ഹാജരില്ലാത്തതുകൊണ്ട് അദ്ദേഹം മാത്രം പറയേണ്ട പല കാര്യങ്ങളെപ്പററിയും ഇന്ന് പറയുവാൻ അസൗകര്യം ഉണ്ട്. എങ്കിലും സാമാന്യമായി ഇവിടെ ഉന്നയിച്ച ചില കാര്യങ്ങളെപ്പററി ചില വിശദീകരണങ്ങൾ നല്കുവാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്താൻ ആഗ്രഹിക്കുന്നു. പല വിഷയങ്ങളെപ്പററിയും ആക്ഷേപങ്ങൾ ഇവിടെ ഉണ്ടായിട്ടുണ്ട്. മൂന്നു ബഹുമാനപ്പെട്ട മെമ്പറന്മാർ അതായതു് ശ്രീ. അമ്പൂക്കൻ, ഇയ്യു, ശങ്കർ—ഈ മൂന്നു മെമ്പറന്മാരും സാമാന്യം ഗവമ്മെണ്ടിന്റെ ഇപ്പോഴത്തെ വിദ്യാഭ്യാസനയത്തെപ്പററി പ്രസ്താവിക്കുകയുണ്ടായി. സെക്കൻററി വിദ്യാഭ്യാസനയത്തെപ്പററി ശ്രീ. ഇയ്യു പറഞ്ഞതു് അതു് വേഗം നടപ്പിൽ വരുത്തണമെന്നാണ്. ശ്രീ. ശങ്കർ അതിനെപ്പററി ആക്ഷേപം ഒന്നും പറഞ്ഞില്ല, കഥ ഒന്നും ഇല്ലെങ്കിലും അതിൽ ആക്ഷേപം ഒന്നും ഇല്ലെന്നാണ് അദ്ദേഹം പറഞ്ഞതു്. ഈ അഭിപ്രായത്തിന് ഞാൻ അവരോടു് കൃതാർത്ഥതയുള്ളവനാണ്. ശ്രീ. അമ്പൂക്കൻ പറഞ്ഞതു് തെററാണ്. അതു് അദ്ദേഹംതന്നെ പറയേണ്ട ഒരു കാര്യമാണ്. അദ്ദേഹം ഒരു കല്ലേറു നടത്തിയിട്ട് ഇവിടെനിന്നും പോയിരിക്കയാണ്. അദ്ദേഹം പണ്ട് ഒരു വാദ്ധ്യാർ ആയിരുന്നു എന്നു കേട്ടിട്ടുണ്ട്. അങ്ങനെ ഒരു വാദ്ധ്യാരായിരുന്നതിനുശേഷം ആ പുഴുവിൽനിന്ന് വികസിച്ച് എം. എൽ. എ. ചിത്രശലഭമായി തീന്നിരിക്കുകയാണ്. പണ്ട് ഒരു കവി പറഞ്ഞിട്ടുണ്ട്, ചിത്രശലഭം അതിന്റെ പുരാതന നിലയായ പുഴുവിനെ പുച്ഛിക്കുമെന്ന്. അതിനു പകരമാണ് ചിത്രശലഭത്തിന് അല്പായുസ്സ് വിധിച്ചിട്ടുള്ളതു്. അതുകൊണ്ട് അദ്ദേഹത്തോടു് എനിക്ക് ഒന്നും പറയുവാനില്ല. അദ്ദേഹത്തിന്റെ പുഴുക്കളെ അദ്ദേഹത്തിനോടു് സമധാനം പറഞ്ഞുകൊള്ളുമെന്നു മാത്രമേ എനിക്കു പറയുവാനുള്ളു. പ്രൈമറി വിദ്യാഭ്യാസത്തിന്റെ കാര്യം ആശാസ്യമല്ലെന്നും മററും ശ്രീ. ശങ്കർ ആക്ഷേപിക്കുകയുണ്ടായി. ഈ സംഗതി ഞാൻ പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്. പ്രൈമറി

വിദ്യാഭ്യാസം സാർവ്വത്രികമാക്കണമെന്നുള്ള നയത്തിൽനിന്ന് ഗവർമ്മെണ്ട് പിൻമാറിയിട്ടില്ല. നേരെമറിച്ച് ഈ കൊല്ലം രണ്ടു താലൂക്കുകളിൽക്കൂടി അതു വ്യാപിപ്പിക്കണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിനുമുമ്പ് പ്രൈമറി വിദ്യാഭ്യാസത്തെപ്പററി ഈ ഗവർമ്മെണ്ട് എടുത്തിട്ടുള്ള ചില നയങ്ങളെപ്പററി അദ്ദേഹം ആക്ഷേപിക്കുകയുണ്ടായി. പ്രധാനമായി ചെയ്തത് കഴിഞ്ഞ കൊല്ലം പ്രൈമറി വിദ്യാഭ്യാസം പുതിയ താലൂക്കുകളിലേക്ക് പ്രചരിപ്പിച്ചില്ല. ഷിഫ്ററു സിസ്റ്റം നിറുത്തൽ ചെയ്യുന്നതാണെന്നു പ്രഖ്യാപനം ചെയ്തു. പ്രൈവററു പ്രൈമറി സ്കൂളിലെ വാദ്ധ്യാന്മാരുടെ ഗ്രാൻറ് അല്പം വർദ്ധിപ്പിച്ചു. ഇതെല്ലാം കേവലം സ്വേച്ഛയായി ഞാൻ ചെയ്തതല്ല. അങ്ങനെ ചെയ്യുന്നതിനുമുമ്പ് ആ വിധത്തിൽ ചെയ്വാൻ ഗവർമ്മെണ്ടിനെ വളരെ ശക്തിയായി ഉത്ബോധിപ്പിക്കുന്ന ഒരു റിപ്പോർട്ട് ഗവർമ്മെണ്ടിന്റെ കൈവശം ഉണ്ടായിരുന്നു. ആ റിപ്പോർട്ടിൽ അടങ്ങിയിരുന്ന വസ്തുതകൾ ഗ്രാൻറു വർദ്ധിപ്പിക്കണം, മററു താലൂക്കുകളിലേക്ക് കമ്പൽസറി പ്രൈമറി എഡ്യൂക്കേഷൻ വ്യാപിപ്പിക്കുനാതിനുമുമ്പ് ഗവർമ്മെണ്ടു കുറച്ച് ആലോചിക്കണം എന്നെല്ലാമായിരുന്നു. ഷിഫ്ററു സിസ്റ്റം നിറുത്തണമെന്നും ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ആ റിപ്പോർട്ട് എഴുതിയവരിൽ എന്റെ ബഹുമാന്യന്മാരായ പല മിത്രങ്ങളും ഉണ്ട്. പക്ഷെ അവർ മാത്രമാണു ആ റിപ്പോർട്ട് എഴുതിയിരുന്നതെങ്കിൽ ഞാൻ ഇത്രമാത്രം അതിനെ ആദരിക്കയില്ലായിരുന്നു. ഇന്നത്തെ ഡെമോക്രാററിക്ക് പാർട്ടിയിലെ ഒരു പ്രമുഖാംഗംകൂടി അതിൽ ഒപ്പുവച്ചിട്ടില്ലായിരുന്നെങ്കിൽ എനിക്ക് അല്പം ശങ്ക തോന്നിയേനേ.

ശ്രീ. ആർ. ശങ്കർ: ആ മെമ്പർ അതിൽ ഒപ്പുവച്ചിട്ടുണ്ടോ?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്. ഇവിടത്തെ കമ്പൽസറി പ്രൈമറി എഡ്യൂക്കേഷൻ പുതിയ താലൂക്കുകളിലേക്കു വ്യാപിപ്പിക്കുന്നതിനുമുമ്പ് കുറച്ച് ആലോചിക്കണം, വാദ്ധ്യാന്മാൎക്ക് ശമ്പളം കൂട്ടികൊടുക്കണം എന്നൊക്കെ പറഞ്ഞതിനുശേഷം അതു ചെയ്തതുകൊണ്ട് ഗവർമ്മെണ്ടിന്റെ വിദ്യാഭ്യാസനയം 'ഹെസിറേറൻറ്' ആണെന്നും 'കവേർഡിലി' ആണെന്നുമൊക്കെ പറഞ്ഞാൽ പാർലമെൻററി ഭാഷ ഉപയോഗിച്ച് അതിനു മറുപടി പറയാൻ എനിക്കു സാദ്ധ്യമല്ല. അതുകൊണ്ട് ഞാൻ ആ കാര്യം വിട്ടിട്ട് അടുത്തതിലേക്കു കടക്കാം

രണ്ടു മൂന്നു മെമ്പറന്മാർ തുണിയുടേയും നൂലിന്റേയും ക്ഷാമത്തെപ്പററി ശക്തിയായി ആക്ഷേപിക്കുകയുണ്ടായി. ആ ആക്ഷേപങ്ങളെല്ലാം യാതൊരു ഉപാധികളും കൂടാതെ ഞാൻ സമ്മതിക്കുന്നു. കാരണം ആക്ഷേപങ്ങളിൽ അടങ്ങിയിട്ടുള്ള കാര്യങ്ങൾ മിക്കതും ശരിയാണ്. മാത്രമല്ല ആ ആക്ഷേപങ്ങൾ സ്വീകരിച്ചാൽ മാത്രമേ അതു നേരെയാക്കാൻ സാധിക്കയുള്ളുവെന്നും ഞാൻ കരുതുന്നു. നിർഭാഗ്യവശാൽ വേണ്ടിടത്തോളം നൂലും തുണിയും വിതരണം ചെയ്യുന്നതിന് നമുക്കു കിട്ടുന്നില്ല. സർ സി. പി. രാമസ്വാമി അയ്യരുടെ കാലത്ത് കിട്ടിയിരുന്നു, ഇപ്പോൾ കിട്ടുന്നില്ല എന്നുള്ളതും വാസ്തവമാണ്. നൂലിന്റേയും തുണിയുടേയും കാര്യത്തിൽ ഇപ്പോൾ ഇൻഡ്യയിൽ വലിയ വ്യത്യാസം വന്നിട്ടുണ്ട്. അവ കിട്ടുന്നതിനു ഇപ്പോൾ ബുദ്ധിമുട്ടു കൂടുതലുണ്ട്. അങ്ങനെ കിട്ടുന്നതിനു ബുദ്ധിമുട്ടുണ്ടായത് പുതുതായിവന്ന കാൺഗ്രസ് ഗവർമ്മെണ്ടുകളുടെ കൊള്ളരുതായ്മകൾ കൊണ്ടാണെന്നു സോഷ്യലിസ്ററുകാരോ മറേറാ പറയുകയാണെങ്കിൽ അതിനു മറുപടി പറയാൻ എനിക്കു ശക്തിയില്ല. അതുകൊണ്ടു ഞാൻ അതിനു മറുപടി പറയുന്നില്ല. ഇൻഡ്യക്ക് ഫോറിൻ എക്സ്ചേഞ്ച് വാങ്ങാൻ ഇവകൾ കയററി അയക്കുന്നെന്നും അതു തെററാണെന്നും പറഞ്ഞാൽ അതിനു മറുപടി പറയുക എന്നാൽ സാദ്ധ്യമല്ല. എന്തെന്നാൽ ആവക കാര്യ

[Sri. Panampilli Govinda Menon]

ങ്ങൾ നിയന്ത്രിക്കാനുംമററും ശക്തിയുള്ള ഒരു ഗവമ്മെണ്ടിലെ അംഗമല്ല ഞാൻ. നമുക്ക് നൂലും തുണിയും മതിയാകാത്തതിനെപ്പററി ശക്തിയായി ഇൻഡ്യാ ഗവമ്മെണ്ടിനോട് നിവേദനം നടത്തുന്നതിന് ധനകാര്യമന്ത്രി ഡൽഹിയിൽ പോയപ്പോൾ പ്ലീഡ് ചെയ്തിരുന്നു. അദ്ദേഹത്തിൻെറ നിവേദന ഫലമായിട്ട് കൂടുതൽ തുണിയും നൂലും അലോട്ട് ചെയ്തുതരാമെന്നു വാഗ്ദാനം കിട്ടിയിട്ടുണ്ട്. അതിനാൽ ഉടൻതന്നെ കാര്യങ്ങൾക്ക് ഒരു തീരുമാനമുണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു. ശ്രീമാൻ നടരാജപിള്ള ചെയ്ത വിമർശനങ്ങളിൽ ചില അബദ്ധങ്ങൾ വന്നിട്ടുണ്ട്. അദ്ദേഹം തിരുവിതാംകൂറിൽ ഇരു മില്ലുകളുണ്ട്, അതിലെല്ലാംകൂടി ഇത്ര തുണി ഉണ്ടാക്കുന്നുണ്ട്, ഇതു ചെയ്യുന്നതു മുഴുവൻ ഇൻഡ്യാഗവമ്മെണ്ടാണ്, അതുകൊണ്ട് ഈ ഗവമ്മെണ്ടിന് ഒരു നിവൃത്തിയുമില്ല എന്നൊക്കെ പറഞ്ഞു. നൂലിൻെറയും തുണിയുടേയും കാര്യത്തിൽ നമ്മുടെ ഗവമ്മെണ്ടിന് പ്രാദേശികമായി യാതൊന്നും തനിച്ചു ചെയ്യാൻ പാടില്ല. ഇവിടെയുള്ള മില്ലുകളിലുണ്ടാക്കുന്ന നൂലും തുണിയും മുഴുവൻ നാം എടുക്കുകയാണെങ്കിൽ ആ മില്ലുകൾക്ക് പരുത്തി കിട്ടിയില്ലെന്നുവരും. അതുകൊണ്ട് ഈവക കാര്യങ്ങളെല്ലാം അഖിലേന്ത്യാ അടിസ്ഥാനത്തിൽ പ്രവൃത്തിക്കാനേ നിവൃത്തിയുള്ളു. അതിനാൽ ചിലപ്പോൾ ബുദ്ധിമുട്ടുകൾ വരുന്നുണ്ട്. അതു നമുക്കു തടുക്കാവുന്നതല്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: നാം കടം കൊടുത്തിട്ടുള്ള മില്ലുകളിൽ ഉണ്ടാക്കുന്ന നൂൽ നമുക്കു തരണമെന്നു പറയാൻ പാടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ. പാടില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: അങ്ങനെ ടെക്സ്റ്റയിൽ കമ്മീഷണറാഫീസിൽ എഗ്രിമെൻറ് എഴുതണമെന്നു വ്യവസ്ഥയില്ലായിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതല്ല പ്രശ്നം. ഇൻഡ്യയിൽ ഉണ്ടാക്കുന്ന നൂൽ മുഴുവൻ പൂൾ ചെയ്തു് അതിൽനിന്നും ഓരോ സ്ഥലത്തേക്കും അലോട്ട് ചെയ്യുകയാണു ചെയ്യുന്നതു്. നമ്മുടെ രാജ്യത്തു് കൂടുതൽ നൂൽ ഉണ്ടാക്കുന്നുണ്ടെങ്കിൽ അന്യ സ്റ്റേറവകളിലേക്ക് അതു് അലോട്ട് ചെയ്യേണ്ടിവരും. ഇവിടെ പോരെന്നുണ്ടെങ്കിൽ വേറെ സ്റ്റേറവകളിൽ ഉണ്ടാക്കുന്ന നൂൽ നമുക്കു തരും. ഇൻഡ്യാ-പാക്കിസ്ഥാൻ വിഭജനത്തെ തുടൎന്നു നൂലിൻേറയും പരുത്തിയുടേയും കാര്യത്തിൽ പല വിഷമതകളും ഉണ്ടായിട്ടുണ്ട്. ആ വിഷമങ്ങൾ ഇന്നുള്ളവരല്ലാതെ മററു വല്ലവരുമായിരുന്നെങ്കിൽ കൂടുതൽ ശരിയായി തരണം ചെയ്യുമായിരുന്നോ എന്നു ഇപ്പോൾ അറിഞ്ഞുകൂടാ. അങ്ങനെയുള്ളവർ വരുമ്പോൾ മാത്രമേ അതിനെപ്പററി പറയാൻ നിവൃത്തിയുള്ളു. ഈ ഗവമ്മെണ്ടിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ കഴിഞ്ഞ രണ്ടു മൂന്നു മാസമായി നൂലും തുണിയും ആവശ്യത്തിനു കിട്ടിയിട്ടില്ല. കൂടുതൽ കിട്ടാനുള്ള പല പരിശ്രമങ്ങളും നടത്തിയിട്ടുണ്ട്. ആ പരിശ്രമങ്ങൾ മിക്കവാറും വിജയിച്ചിട്ടുമുണ്ട്.

അടുത്തതായി എനിക്കു പറയുവാനുള്ളതു് ഭക്ഷ്യകാര്യത്തെപ്പററിയാണ്. ഭക്ഷ്യകാര്യത്തെപ്പററി പല മെമ്പറന്മാരും വാദിച്ചപ്പോൾ ഈ നിയമസഭയിലും പത്രങ്ങളിലുമൊക്കെ നടക്കുന്ന വാദപ്രതിവാദങ്ങൾ മിക്കതുംതന്നെ നെല്ലെടുപ്പിനെപ്പററിയാണെന്നു കാണാം. നെല്ലെടുപ്പ് എങ്ങനെയാണ് വേണ്ടതു്, കൂടുതലെടുക്കണമോ കുറവെടുക്കണമോ എന്നുള്ള കാര്യത്തെപ്പററി കലശലായ വാദപ്രതിവാദം നടക്കുന്നുണ്ട്. ഈ നാട്ടിലെ ൭൫ ലക്ഷം ജനങ്ങളിൽ ഭൂരിപക്ഷം ജനങ്ങളും നെല്ല് സ്വന്തമായി ഇല്ലാത്തവരാണ്. അങ്ങനെയുള്ളവൎക്ക്

ആഹാരത്തിനു് നെല്ലു് അല്ലെങ്കിൽ അരി വിതരണം ചെയ്യാതെ നിവൃത്തിയില്ല. അപ്രകാരം ചെയ്യേണ്ടതു് ഗവൺമെണ്ടിന്റെ ചുമതലയുമാണു്. അതിലേക്കു് രണ്ടു വഴികളിൽക്കൂടി മാത്രമേ ചരക്കുകൾ കിട്ടാനുള്ളു. ഒന്നു ഇൻഡ്യാ ഗവൺമെണ്ടിൽനിന്നും തരുന്ന ചരക്കു്; മറ്റൊന്നു് ഇവിടത്തെ കൂടുതലായി ഉല്പാദിപ്പിക്കുന്ന കൃഷിക്കാരിൽനിന്നും എടുക്കുന്ന നെല്ലു്. ഇവിടെ നടന്ന വിമർശനങ്ങളിലെല്ലാംകണ്ടതു് എടുക്കേണ്ട നെല്ലു് എങ്ങനെയാണെന്നാണു്. അല്ലാതെ പാവപ്പെട്ടവനു് നെല്ലോ അരിയോ കിട്ടുന്നുണ്ടോ എന്നുള്ള പ്രശ്നത്തെപ്പററി അധികമാരും പറഞ്ഞുകേട്ടില്ല. എല്ലാവർക്കും നെല്ലോ അരിയോ കിട്ടാൻ ഉതകുന്ന വിധത്തിലായിരിക്കണം ഇവിടത്തെ ഫുഡ് ഡിപ്പാർട്ടുമെണ്ടിന്റെ പ്രവർത്തനം നടക്കേണ്ടതു്. ചില ആളുകൾ നെല്ലെടുപ്പിനെപ്പററി പറഞ്ഞുകേൾക്കുമ്പോൾ അവർ നെല്ലു് എടുപ്പു് വിരുദ്ധസംഘത്തിന്റെ പ്രതിനിധികളാണോ എന്നു തോന്നിപ്പോകും. ശ്രീമാൻ നേശമണി റൂറൽ ഏരിയാസിൽ ഡിറേഷനിംഗ് വേണമെന്നു പറയുകയുണ്ടായി. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനംപോലെയുള്ള ഒരു രാജ്യത്തു് റൂറൽ പ്രദേശങ്ങളിൽ ഡിറേഷനിംഗ് നടത്തുന്നതു് ആപല്ക്കരമാണു്. അങ്ങനെയുള്ള റൂറൽ പ്രദേശങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടോ എന്നുതന്നെ സംശയമാണു്. ഇവിടെ കന്യാകുമാരിമുതൽ ചെറുതുരുത്തിവരെ ഒരു നഗരമാണു്. തിരുവനന്തപുരം പട്ടണത്തിൽ റേഷൻ കൊടുക്കണമെന്നും കഴക്കൂട്ടത്തു റേഷൻ കൊടുക്കാൻ പാടില്ലെന്നും പറഞ്ഞാൽ അതു ശരിയാകുന്നതല്ല. എല്ലാവർക്കും റേഷൻ കൊടുക്കണം. നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ആ പദ്ധതി ഒരിക്കലും സ്വീകരിക്കത്തക്കതല്ല.

ലെവി സിസ്റ്റത്തെപ്പററിയും ഇവിടെ ആക്ഷേപങ്ങൾ ഉണ്ടായി. ചിലർ കൂടുതൽ നെല്ലെടുക്കുന്നു എന്നു പറഞ്ഞു് ആക്ഷേപിക്കുന്നു. ശ്രീമാൻ ബാലകൃഷ്ണമേനോൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഈ ലെവി സിസ്റ്റം വലിയ അബദ്ധമാണു് എന്നു പറയുകയുണ്ടായി. ശ്രീ. നടരാജപിള്ളയാണെങ്കിൽ ഈ സിസ്റ്റത്തെപ്പററി അല്പം തൃപ്തിയോടുകൂടി സത്യസന്ധന്മാരായ ആഫീസറന്മാരെ വയ്ക്കണമെന്നാണു് പറഞ്ഞതു്. ഇതാണു് വടക്കാഞ്ചേരി സോഷ്യലിസവും തിരുവനന്തപുരം സോഷ്യലിസവും തമ്മിലുള്ള വ്യത്യാസം.

Sri. P. S. Nataraja Pillai: I said both were wrong. I never decried one party or the other. I said it was not run properly by the officers.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഈ ലെവി സിസ്റ്റത്തെപ്പററി രാഷ്ട്രീയപാർട്ടിതന്നെ ഓരോ പ്രദേശത്തു് ഓരോ വിധത്തിലാണു് പറയുന്നതു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: സോഷ്യലിസ്റ്റ് പാർട്ടിക്കു് ഒരഭിപ്രായമേയുള്ളു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ഗവൺമെണ്ടിനെ സംബന്ധിച്ചിടത്തോളം ഗവൺമെണ്ടിൽനിന്നും പുറപ്പെടുവിച്ചിട്ടുള്ള പ്രസ്നോട്ടു നോക്കിയാൽ അറിയാം ഓരോരുത്തരുടേയും കൈയ്യിൽ നിന്നെടുക്കുന്ന നെല്ലിനു് ഒരു സുനിശ്ചിതത്വം വേണമെന്നു്. സർക്കാരിലേക്കല്ലാതെ വേറെ ആർക്കും നെല്ലു വില്ക്കാൻ പാടില്ലെന്നു പറഞ്ഞിട്ടുണ്ടു്. കൃഷിക്കാർക്കു് എന്താണു വേണ്ടതു്. അവരുടെ സ്വന്തം ആവശ്യത്തിനും കൃഷി ആവശ്യത്തിനും ഉള്ള നെല്ലുവേണം. അതു കഴിച്ചു് സർക്കാരിലേക്കു് അളക്കുന്ന നെല്ലിനു് തക്കതായ ഒരു വിലയും കിട്ടണം. എത്ര നെല്ലാണു് സർക്കാരിലേക്കു കൊടുക്കേണ്ടതെന്നുള്ള അനിശ്ചിതാവസ്ഥ അവർക്കു് ഉണ്ടാകാൻ പാടില്ല. ഇവയല്ലാതെ നെല്ലു് സർക്കാരിലേക്കു് കൊടുക്കരുതെന്ന ഉദ്ദേശം പ്രസ്നോട്ടിൽ കാണുന്നില്ല. ആ പ്രസ്നോട്ടുപോലും വായി

[Sri. Panampilli Govinda Menon]
ക്കാതെയാണ് ചിലർ ഇതിനെപ്പററി ആക്ഷേപിച്ചിട്ടുള്ളത്. ശ്രീ. ബാലകൃഷ്ണ മേനോൻ മാത്രമേ അതിനെപ്പററി പറഞ്ഞുള്ളു എന്നു തോന്നുന്നു.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: വടക്കാഞ്ചേരി സോഷ്യലിസത്തേയും തിരുവനന്തപുരം സോഷ്യലിസത്തേയും പററി പറഞ്ഞതല്ലോ. തിരുവിതാംകൂർ കാൺഗ്രസ്സുകാരും കൊച്ചി കാൺഗ്രസ്സുകാരും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ബഹുമാനപ്പെട്ട മെമ്പർ പ്രസംഗിച്ചപ്പോൾ പറയേണ്ടതായിരുന്നു. ഏതുകൊണ്ടു് എനിക്കു പറയാനുള്ളതു്, ഭക്ഷ്യവിതരണം ചെയ്യേണ്ട കാര്യത്തിൽ ഗവമ്മെണ്ടിനു് എല്ലാ ചുമതലയും ഏറെറടുക്കാതെ നിവൃത്തിയില്ല. അതിനുവേണ്ടി നെല്ലെടുക്കുകയും ചെയ്യണം. നെല്ലെടുപ്പു് വലിയ കഷ്ടമാണെന്നു തെക്കൻ തിരുവിതാംകൂറിൽ നിന്നുവന്ന ചിലർ പറയുകയുണ്ടായി. അതു സാധാരണ കേൾക്കാറുണ്ടു്. എന്തായാലും നെല്ലു് സക്കാരിലേക്കു് എടുക്കാതെ നിവൃത്തിയില്ല.

ஸ்ரீ. எ. சிதம்பரநாத நாடார்: சிலர் அல்ல. தென் திருவிதாங்கூரி லுள்ள அநேக பேர்களும் சொல்கிறார்கள்.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എല്ലാവരും അതു ശരിയാണെന്നു വിശ്വസിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ചിലരെങ്കിലും നല്ലതാണെന്നു വിശ്വസിക്കുമെന്നു ഞാൻ വിചാരിച്ചു. ഇന്നു സക്കാരിൽനിന്നും നെല്ലും അരിയും ഇല്ലാത്തവക്കു കൊടുക്കുന്നതുകൊണ്ടാണു് നെല്ലുള്ളവരുടെ അറയിൽ ഇന്നു നെല്ലു ഭദ്രമായി ഇരിക്കുന്നതു്. അതു് സക്കാരിലേയ്ക്കു എടുക്കരുതെന്നു പറയുന്നതിന്റെ അത്ഥം എന്താണെന്നു മനസ്സിലാകുന്നില്ല. ഇതു് മററുള്ളവക്കു ഭക്ഷണത്തിനുള്ള നെല്ലും അരിയും ഞങ്ങൾ വിതരണം നിവ്വഹിച്ചുകൊള്ളാമെന്നു പറയുന്നതിനു തുല്യമാണു്. അങ്ങിനെയുള്ള വാദം വളരെ അബദ്ധവുമാണു്. മററുള്ള സംസ്ഥാനങ്ങളോടു തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ ഉപമിക്കരുതു്. മററുള്ള സംസ്ഥാനങ്ങളിൽ കിട്ടുന്നതുപോലെ അല്ല നമ്മുടെ സംസ്ഥാനത്തു ഈ ഭക്ഷ്യധാന്യങ്ങൾ കിട്ടുന്നതു്. ൧൯൫൦-ൽ ഈ സംസ്ഥാനത്തു നാലുലക്ഷത്തിൽ ചില്വാനം ടൺ നെല്ലാണു് റേഷൻ ഷാപ്പുകൾ മുഖാന്തിരം വിതരണം ചെയ്തിട്ടുള്ളതു്. അതിൽ മൂന്നുലക്ഷത്തിലധികം ടൺ നെല്ലു വിദേശങ്ങളിൽനിന്നും കിട്ടിയതാണു്. അപ്പോൾ ഇവിടം എത്ര കമ്മിപ്രദേശമാണെന്നാണു് നാം ചിന്തിക്കേണ്ടതു്. ഇത്രയധികം കമ്മിയുള്ള ഒരു രാജ്യത്തു ആവശ്യക്കാക്കു നെല്ലും അരിയും കൊടുക്കാനുള്ള ചുമതല കൃഷിക്കാരെമാത്രം ഏല്പിക്കുവാൻ ഗവമ്മെണ്ടിനു നിവൃത്തിയില്ല. അതുമാത്രമല്ല കുറച്ചു സ്ഥലങ്ങളിൽ എങ്കിലും അപ്രകാരം കൊടുക്കുവാനും പാടില്ല. അതിൽനിന്നും വലിയ കുഴപ്പങ്ങൾ ഉണ്ടാകും. അങ്ങിനെ വരുത്തരുതെന്നു വിചാരിച്ചാണു് ഗവമ്മെണ്ടു് ആ ചുമതല മുഴുവനും ഏടുത്തിരിക്കുന്നതു്.

ബഹുമാനപ്പെട്ട മെമ്പറന്മാരിൽ ചിലർ പുറപ്പെടുവിച്ച ആക്ഷേപങ്ങളിൽ ചിലതുകൂടി സ്പശിച്ചാൽ കൊള്ളാമെന്നു ഞാൻ വിചാരിക്കുന്നു.

Sri. P. S. Nataraja Pillai: I would like to know from the hon'ble Minister whether uniformity in rationing was maintained throughout the State?

Sri. Panampilli Govinda Menon: I do not recollect.

ബഹു. വടക്കാഞ്ചേരി മെമ്പർ, അദ്ദേഹത്തിന്റെ പ്രമേയത്തിൽ ഇവിടെ ഒരു സോഷ്യലിസ്ററ വ്യവസ്ഥിതി വരുത്താനായി അപേക്ഷിച്ചു. അദ്ദേഹം അപ്രകാരം പ്രസംഗിച്ചതു് ഒരു സോഷ്യലിസ്ററു് പുതുക്രിസ്ത്യാനിയായി മാർഗ്ഗം കൂടിയ ആവേശത്തോടുകൂടിയാണു്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഈ രാ

ജ്യത്തു നെല്ലും അരിയും ശരിയായി വിതരണം ചെയ്യാൻ സാദ്ധ്യമാകത്തക്ക വ്യവസ്ഥിതി നടപ്പാക്കാൻ സാധിക്കാത്തപക്ഷം ഇവിടെ ഭരണം നടത്തുന്ന മന്ത്രിമാർ രാജിവെയ്ക്കണമെന്നാവശ്യപ്പെട്ടു. ഒരിക്കൽ അദ്ദേഹം അങ്ങിനെ ആവശ്യപ്പെട്ടതു കേട്ടതുകൊണ്ടു ഒരബദ്ധം പററി. ഞാൻ ഒരിക്കൽ മന്ത്രിയായിരിക്കുമ്പോൾ എന്നോടു രാജിവയ്ക്കു എന്നു പറഞ്ഞു. അന്നു ഭക്ഷ്യകാര്യത്തിന്റെ ചുമതല ഞാൻ വഹിച്ചുകൊണ്ടിരിക്കുകയായിരുന്നു. പിന്നീടു വേറെ ചില കാരണങ്ങൾകൊണ്ട് ഞാൻ രാജിവെച്ചു. അദ്ദേഹം മന്ത്രിയായപ്പോൾ റേഷൻ നാലൗൺസ് അരിയായി. ഈ കാര്യങ്ങൾ എല്ലാം ചിന്തിച്ചുനോക്കുന്നപക്ഷം ഇന്നദ്ദേഹം പറയുന്നതുപോലെ ഉടനെതന്നെ രാജിവയ്ക്കുവാൻ നിവൃത്തിയില്ലെന്നു അദ്ദേഹത്തോടു ബഹുമാനപൂർവ്വം അറിയിച്ചുകൊള്ളുന്നു.

പിന്നെ വേറെ ഒരു സംഗതി കൂടി പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനു സാധിക്കാതെവന്നപ്പോൾ കപ്പൽ ഇല്ലാ എന്നും മററും പറയുന്നു എന്നും ഈ മാതിരിയുള്ള അവസരങ്ങളിൽ അതില്ല, ഇതില്ല എന്നെല്ലാം സമാധാനങ്ങൾ പറഞ്ഞൊഴിയുന്നു എന്നൊക്കെയാണ് അദ്ദേഹത്തിന്റെ മറെറാരാക്ഷേപം. അതിനുള്ള സമാധാനം ശ്രീ. ജയപ്രകാശ് നാരായണന്റെ ഭാഷയിൽതന്നെ പറയാമെന്നാണ് ഞാൻ വിചാരിക്കുന്നതു്. ഇന്നു കാൺഗ്രസ്സു ഭരണമാണ് നടക്കുന്നതു്. അതു മാറി ഒരു സോഷ്യലിസ്ററു ഭരണം വന്നാൽതന്നേയും കപ്പൽ ഇല്ലാത്തിടത്തു കപ്പൽ ഉണ്ടാക്കുന്നതിനും, അരിയില്ലാത്തിടത്തു അരിയും; തുണിയില്ലാത്തിടത്തു തുണിയും, നൂൽ ഇല്ലാത്തിടത്തു നൂലും കൊടുക്കുന്നതിനേപ്പററിയും നാലു ദിവസം മുമ്പു മദ്രാസ്സിൽവച്ചു് അദ്ദേഹം ചെയ്ത ഒരു പ്രസംഗത്തിൽ അർത്ഥപൂർണ്ണമായി പ്രസ്താവിക്കപ്പെടുകയുണ്ടായി. സോഷ്യലിസ്റ്റായ മിസ്റ്റർ മേനോൻ അതിന്റെ പാഠങ്ങൾ മുഴുവൻ പഠിച്ചുകഴിഞ്ഞിട്ടില്ലാത്തതുകൊണ്ടു് ഇപ്രകാരം പറയുന്നതാണ്. (ചിരി).

ശ്രീ. ജയപ്രകാശ് ചെയ്തതായ പ്രസംഗത്തിന്റെ ഏതാനും ഭാഗം ഈ സഭയുടെ അറിവിലേയ്ക്കായി ഞാൻ വായിക്കാം.

"Earlier Mr. Jayaprakash Narayan referred to the numerous internal problems facing the country and stated that the Socialist Party had well defined and clearcut policies with regard to the major problems, although its plans were not so readily laid in regard to all the difficulties facing us to-day."......

ഇതാണ്. അരി, നെല്ല്, തുണി, നൂലു ഈ സാധനങ്ങളുടെ ക്ഷാമം പരിഹരിക്കുന്നതിന് തല്ക്കാലം സോഷ്യലിസ്ററു പാർട്ടിക്കു പ്ലാൻ ഒന്നുമില്ല എന്നദ്ദേഹം പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു്, ബുദ്ധിപൂർവ്വമായും പരിചയം വച്ചുകൊണ്ടും നോക്കുന്നപക്ഷം അദ്ദേഹം പറഞ്ഞിട്ടുള്ള രീതിയിൽ ഞങ്ങൾക്ക് പ്രവർത്തിക്കുവാൻ നിവൃത്തിയില്ല. അവസാനമായി, ഈ രണ്ടൊന്നാളുകളുള്ള ഒരു പാർട്ടിയുടെ അഭിപ്രായം പത്തുനൂറോളം ആളുകൾ ഉള്ള ഒരു പാർട്ടിയെ റെപ്രസന്റു ചെയ്തു ഭരണം നടത്തുന്ന ഒരു ഗവമ്മെണ്ടു് ആദരിക്കണമെന്നു പറയുന്നതിൽ എന്തൊരു വകതിരിവാണുള്ളതെന്നാണ് ഞാൻ ചോദിക്കുന്നതു്.

പിന്നീടെനിക്കു പറയുവാനുള്ളതു്, നിയമസമാധാനപാലനത്തെ സംബന്ധിച്ചാണ്. നിയമസമാധാനപാലനത്തെപ്പററി രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗത്തിൽ പ്രസ്താവിച്ചിരുന്ന ഒരു വാചകം ബഹുമാനപ്പെട്ട രണ്ടു മെമ്പറന്മാർ ഉദ്ധരിക്കയുണ്ടായി. എതു സന്ദർഭത്തിലാണ് അതു് പറഞ്ഞിട്ടുള്ളതു് എന്നു ശ്രദ്ധിക്കാതെയാണ് അവർ അതിവിടെ പറയുകയുണ്ടായതു്. അവർ ഇവിടെ വായിച്ച വാചകം ഇതാണ്.

"Extraordinary evils call for extraordinary remedies. My Government will not hesitate to exercise to the fullest extent necessary the powers which the law has placed in their hands to rid the country of all subversive forces."

[Sri. Panampilli Govinda Menon]

ആ വാചകം വായിക്കുന്നതിനുമുമ്പുള്ള രണ്ടു വാചകങ്ങൾകൂടി അവർ വായിച്ചിരുന്നുവെങ്കിൽ ഇപ്രകാരം അവർ പറയുകയില്ലായിരുന്നു. അതിനുമുമ്പുള്ള രണ്ടു വാചകങ്ങൾ ഇതാണ്.

"The Constitution has conferred on every citizen of the State certain invaluable rights and privileges like freedom of speech, freedom of association and freedom of the Press. No one is more jealous than my Government in maintaining these rights and privileges unimpaired. But my Government cannot tolerate the licentiousness which passes for freedom of speech or freedom of the Press. It undermines the decencies of public life and tends to create ill-will and hatred among the different classes of the community. Extraordinary evils call for extraordinary remedies."

അതായതു്, ഈ അടുത്തകാലത്തു ആഭാസങ്ങളായി പ്രസംഗിക്കുകയും എഴുതി പരസ്യപ്പെടുത്തുകയും മററും ധാരാളമായി നടന്നുവരുന്നതുകൊണ്ടു് വർഗ്ഗീയ കലഹങ്ങളോ മററോ ഉണ്ടാകുന്നതിനിടയാവുകയാണെങ്കിൽ അങ്ങിനെയുള്ള അസാധാരണ പരിതസ്ഥിതികളിൽ അവയെ നേരിടുന്നതിനു വേണ്ട നടപടികൾ എടുക്കുമെന്നാണ് പറഞ്ഞിട്ടുള്ളതു്. അതേപ്പററി ആക്ഷേപിക്കാൻ യാതൊരു കാരണവും ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

പിന്നെ നിയമസമാധാനങ്ങൾ പാലിക്കുന്നില്ല എന്നൊരാക്ഷേപവും പുറപ്പെടുവിക്കയുണ്ടായി. ഇപ്പോൾ ഏതു കാര്യങ്ങൾക്കും ആക്ഷേപങ്ങൾ പുറപ്പെടുവിക്കുന്നതൊരു ഫാഷനായിത്തീർന്നിട്ടുണ്ടു്. ഞാൻ ഈ നിയമസഭയിൽ വന്നതുമുതൽ ശ്രീമാൻ ചിതംബരനാഥനാടാർ, ഇൻസ്പെക്ടർ ജനറൽ ശ്രീമാൻ ചന്ദ്രശേഖരൻനായരെ ആക്ഷേപിക്കുന്നതു കേട്ടിട്ടുണ്ടു്. അതു് അദ്ദേഹത്തിന്റെ എല്ലാ പ്രസംഗങ്ങളിലും ഉണ്ടാകാറും ഉണ്ടു്. അതുപോലെതന്നെ മിസ്റ്റർ നേശമണിക്കു് ദേവികുളം കമ്മീഷണറെ സംബന്ധിച്ചും. തമിഴ്നാട്ടിലെ . . . . . .

Sri. A. Nesamoni: Can the hon'ble Minister deny the incident that took place during the last month at Devicolam?

Sri. Panampilli Govinda Menon: Several incidents might have taken place.

Sri. A. Nesamoni: That is why I put that specific point. Whenever I say so the hon'ble Members of the Treasury Bench characterise it as propaganda. Now I ask, have the Ministers inquired into that matter? I know they are not prepared to do that.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പിന്നെ തെക്കൻ തിരുവിതാംകൂറിൽ അഴിമതി ഉണ്ടായി എന്നെല്ലാം പറയുകയുണ്ടായി. ഇന്നു് നിയമസമാധാനകുഴപ്പങ്ങൾ എല്ലാദിക്കിലും ഉണ്ടാകുന്ന കാലമാണു്. ഇവിടേയും ഉണ്ടാകുന്നുണ്ടു്. പ്രധാനമായി ഇവിടെ അമ്പലങ്ങൾ നശിപ്പിച്ച കാര്യങ്ങളെപ്പററിയാണു്. അതിനെ സംബന്ധിച്ചു അന്വേഷണത്തിൽ ഗവമ്മെണ്ടിനു ലഭിച്ചതായ വിവരങ്ങൾ ബഹുമാനപ്പെട്ട സഭയെ അറിയിക്കുവാൻ ഞാനാഗ്രഹിക്കുന്നു. തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനുശേഷം ഏകദേശം ഇരുപത്തിയഞ്ചു കേസുകൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടു്. അതിൽ ഇരുപത്തിരണ്ടു കേസുകളുടെ ഇൻവെസ്റ്റിഗേഷനിൽ കുററം ചെയ്തതിന്റെ മോട്ടീവ് കളവാണെന്നും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടു്. പതിനാറു കേസുകൾ ഇതിനകം ഡിറെക്ഷനിൽ കൊണ്ടുവന്നിട്ടുണ്ടു്.

ശ്രീ. ആർ. ശങ്കർ: ഈ ഇരുപത്തിരണ്ടു കേസുകളും എങ്ങിനെയാണു് അതിന്റെ മോട്ടീവ് കളവാണെന്നു മനസ്സിലാക്കിയതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പോലീസിന്റെ ഇൻവെസ്റ്റിഗേഷനിൽനിന്നും ലഭിച്ചിട്ടുള്ള കാര്യങ്ങളാണ് ഇവിടെ പറഞ്ഞതു്.

ശ്രീ. കെ. അയ്യപ്പൻ: അതിലെ ആളുകൾ ആരാണെന്നും ഏതു് ജാതിക്കാരാണെന്നും പറയാൻ ദയവുണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിൽ പല ആളുകളും ഉണ്ടു്. അതിന്റെ ശരിയായ വിവരം ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: മതി, മതി, ഞങ്ങൾക്കു് തൃപ്തിയായി.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതുതന്നെയല്ല ഓർക്കാനുള്ളതു്, രാജപ്രമുഖൻ തിരുമനസ്സു ഓരോ നിയമസഭ തുടങ്ങുമ്പോഴും ഒരു പ്രസംഗം ചെയ്യുകയെന്നുള്ളതു് ഒരു പതിവാണു്. അതിനു നന്ദിപറയുന്നതിനു ഔദ്യോഗികഭാഗത്തുനിന്നും ഒരു പ്രമേയം കൊണ്ടുവരികയും അതിനു ഓപ്പസിഷൻ പാർട്ടികളിൽനിന്നും ഇന്നയിന്ന ദോഷങ്ങൾ ഉണ്ടെന്നു ചൂണ്ടിക്കാണിക്കേണ്ടതും ആണു്. ഇതിനൊക്കെയുള്ള വ്യവസ്ഥ നമ്മുടെ കാൺസ്റ്റിറ്റ്യൂഷനിൽ ഉണ്ടു്. എന്നാൽ ഇതിനെല്ലാം മറുപടി പറഞ്ഞാലും തൃപ്തിയാകയില്ല. എല്ലാം തൃപ്തിയായി എന്നു പറഞ്ഞാൽ മാത്രം പോരല്ലോ. ഇതിനെല്ലാം വേണ്ടിയാണു് കാൺസ്റ്റിറ്റ്യൂഷൻ ഉണ്ടാക്കിയിട്ടുള്ളതു്. ഇവിടെ ഏതുകാര്യത്തിനും എതിരു പറയുകയെന്നുള്ളതു് ഓപ്പസിഷൻ പാർട്ടിയുടെ ഒരു ചടങ്ങായിത്തീർന്നിരിക്കുകയാണു്. അതുകൊണ്ടു് അതിൽ അത്ര ആക്ഷേപമൊന്നുമില്ല.

ശ്രീ. ആർ. ശങ്കർ: അപ്പോൾ ഓപ്പസിഷൻ പാർട്ടിയുടെ പ്രസ്താവനകൾക്കു് ഒരു ചടങ്ങിൽ കവിഞ്ഞ പ്രാധാന്യമില്ലെന്നാണോ ബഹു. മന്ത്രി പറയുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഓപ്പസിഷൻ പാർട്ടിക്കാർ ഏതു് കാര്യങ്ങളിലും എതിരു പറയുന്നതും ആക്ഷേപങ്ങൾ പുറപ്പെടുവിക്കുന്നതും കാണുന്നതിൽ അതൊരു ചടങ്ങായിത്തീർന്നിരിക്കുന്നു എന്നൊരാക്ഷേപം എനിക്കുണ്ടു്.

സാധാരണ ഒരു ചടങ്ങാണെന്നുള്ള മട്ടിൽ എന്റെ ചില സുഹൃത്തുക്കൾ ഗവൺമെണ്ടിനെ എപ്പോഴും കുറ്റം പറയാറുണ്ടു്. ഞാൻ പറയുന്നതു് ഗവൺമെണ്ടു നല്ല കാര്യങ്ങൾ ചെയ്താൽ അതു സമ്മതിക്കണമെന്നാണു്. കുറ്റം പറയുന്നതു് നല്ലതാണു്. അതിൽ എനിക്കു പരാതിയില്ല. കുറ്റം പറഞ്ഞാൽ അതു തീരുത്തേണ്ടതാണെങ്കിൽ ട്രഷറി ബെഞ്ചിലുള്ളവർക്കു അതു മനസ്സിലാക്കി പ്രവർത്തിക്കാൻ കഴിയും. ഗവൺമെണ്ടിനു് ഇന്ന കുറ്റം ഉണ്ടെന്നു് ചൂണ്ടിക്കാണിക്കേണ്ടതു സഭയുടെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ചുമതലയാണു്.

ஸ்ரீ. ஏ. சிதம்பரநாத நாடார்: இதுவரையில் ஏதாவது ஒரு குற்றத்தையாவது நீங்கள் ஒப்புக்கொண்டிருக்கின்றீர்களா?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇന്നുതന്നെ ഞാൻ ഒരു കുറ്റം സമ്മതിച്ചല്ലോ. നൂലിന്റേയും തുണിയുടേയും കാര്യത്തിൽ ഗവൺമെണ്ടിന്റെ കുറ്റം ഞാൻ സമ്മതിച്ചിട്ടുള്ളതാണു്. അതുമാതിരിയുള്ള കുറ്റം പറഞ്ഞാൽ ഇനിയും സമ്മതിക്കും. പക്ഷെ ചെയ്യാത്ത കാര്യം പറഞ്ഞാൽ എങ്ങിനെയാണു് സമ്മതിക്കുന്നതു്? ഗവൺമെണ്ടു ഒരു നല്ല കാര്യം ചെയ്താൽ അതു ഒരു നല്ല കാര്യമാണെന്നു നിങ്ങളും സമ്മതിക്കണം.

ശ്രീ. കെ. കെ. കണ്ണൻ: നല്ലകാര്യങ്ങൾ ചെയ്യാതെ എങ്ങിനെയാണു് ചെയ്തു എന്നു് പറയുക?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇങ്ങനെയുള്ള മനസ്ഥിതിവരുമ്പോഴാണു് നല്ലകാര്യങ്ങളൊന്നും കാണാൻ കഴിയാതെ വരുന്നതു്. ഇവിടെ

[Sri. Panampilli Govinda Menon]

നടക്കുന്നതൊന്നും കാണാനുള്ള കണ്ണ് കണ്ണുനപോലും ഇല്ലെങ്കിൽ പിന്നെ എന്തു പറയാനാണ്! ഈ മട്ടിൽ എതിർവാദം ഇവിടെ ഒരു ചടങ്ങിയിട്ടു തീൎന്നിരിക്കയാണ്. ശബരിമലക്ഷേത്രം തീവച്ചു. ഏതോ അക്രമികളുടെ അന്യായപ്രവൎത്തനമാണ് അതിനു കാരണം. ആ സംഭവം അനേകലക്ഷം ആളുകൾക്ക് ഹൃദയവേദന ഉണ്ടാക്കിയിട്ടുണ്ട്. അനേകം ആളുകളുടെ ഒരു തീൎത്ഥാടനസ്ഥലവും അനേകലക്ഷം ജനങ്ങളുടെ ഭക്തിയും ആദരവും ആൎജ്ജിച്ചിരുന്ന ഒരു കേന്ദ്രവുമാണ് ശബരിമല. നിർഭാഗ്യവശാൽ അതു നശിപ്പിക്കപ്പെട്ടു. അതിനെ സംബന്ധിച്ചു ഒരു തുമ്പും ഉണ്ടാക്കുവാൻ പോലീസ്സിനു കഴിഞ്ഞിട്ടില്ല.

ஸ்ரீ. ஏ. சிதம்பரநாத நாடார்: அப்படியானால் இங்குள்ள போலீஸ்காரர்களுக்கு சாமர்த்தியம் இல்லை என்று மந்திரி அவர்கள் சம்மதிக்கிறீர்களா?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിലേക്ക് ഞാൻ വരികയാണ്. പോലീസിനു അതിനെ സംബന്ധിച്ച് ഒരു തുമ്പും ഉണ്ടാക്കാൻ സാധിച്ചിട്ടില്ലെന്നുള്ളതു ഞാനും സമ്മതിക്കുന്നു. ഇത്രയുമാണ് പരമാൎത്ഥം. പക്ഷെ അതുകൊണ്ടു് പോലീസിനു കഴിവില്ലെന്നോ ശക്തിയില്ലെന്നോ പറയാൻ സാദ്ധ്യമല്ല. ഇത്രയുമാണ് വസ്തുത. പിന്നെയുള്ളതെല്ലാം ഈ വസ്തുതകൾവച്ചുകൊണ്ടുള്ള വ്യാഖ്യാനങ്ങളും ആക്ഷേപങ്ങളുമാണ്. അതിനു മറുപടി പറയാൻ തുടങ്ങിയാൽ അവസാനിക്കുകയില്ല. ഇതു ഗവൎമ്മെണ്ടിന്റെ അനാസ്ഥകൊണ്ടാണ്, അല്ലെങ്കിൽ ശക്തിഹീനതകൊണ്ടാണ്, അല്ലെങ്കിൽ തന്ത്രമാണു ഇങ്ങനെ എല്ലാം പറയുകയാണെങ്കിൽ അതിനു ഒരു മറുപടി പറഞ്ഞു അവസാനിപ്പിക്കുക സാദ്ധ്യമല്ല. ഈ വാദങ്ങളെല്ലാം പലരും പൊതുയോഗങ്ങളിൽ പലതവണ ആവൎത്തിച്ചിട്ടുള്ളവയും ഗവൎമ്മെണ്ടിൽനിന്നും പ്രസ്നോട്ടുകൾവഴി നിഷേധിച്ചിട്ടുള്ളവയുമാണ്. അതിൽ കൂടുതലായി ഞാൻ ഇതിനെപ്പററി വല്ലതും പറഞ്ഞിട്ടു കാൎയ്യമുണ്ടോ? അതേ വാദങ്ങൾതന്നെ എന്റെ സ്നേഹിതൻ ശ്രീ. ശങ്കർ ഇന്നിവിടെ ആവൎത്തിക്കുകയും അതുസംബന്ധിച്ചു തെററിദ്ധാരണകൾ ജനങ്ങൾക്കു മാറിയിട്ടില്ലെന്നമട്ടിൽ ഞാൻ അതിനു വീണ്ടും മറുപടി പറയുകയും ചെയ്യുന്നതുകൊണ്ടു് വല്ല വിശേഷവുമുണ്ടോ? ഞാൻ പറഞ്ഞതത്രയും വസ്തുതകളാണ്. അതേററവും നിർഭാഗ്യകരമായ ഒരു സംഭവമാണ്. ഗവൎമ്മെണ്ടിനെ അവഹേളിക്കാനും മററുള്ളവരുടെ ദൃഷ്ടിയിൽ കൊച്ചാക്കി കാണിക്കാനും ഇടയാക്കിയ ഒരു അനിഷ്ടസംഭവമാണ് അതു്. പക്ഷെ കുററക്കാർ ആരാണെന്നറിയാൻ നിവൃത്തിയില്ല, മി. കേശവമേനോന്റെ റിപ്പോർട്ടു കുററം തെളിയിക്കുന്നതിനു സഹായകമല്ല. ഇൻഡ്യാഗവൎമ്മെണ്ടു നേരിട്ടു അന്വേഷണം നടത്തിയാൽ കൊള്ളാമെന്ന് ഈ ഗവൎമ്മെണ്ടു ആവശ്യപ്പെട്ടു. പക്ഷെ അതും ഫലപ്പെട്ടില്ല. കുന്തംപോയാൽ കുടത്തിലും നോക്കണം എന്നുള്ളമട്ടിൽ ഇപ്പോഴും ഗവൎമ്മെണ്ടു മററു ചില അന്വേഷണങ്ങൾ തുടൎന്നുകൊണ്ടിരിക്കയാണ്. ഇത്രയുമൊക്കെയാണ് വസ്തുതകൾ. ഇതുപറഞ്ഞാൽ എന്റെ സുഹൃത്തുക്കൾ ശ്രീ. കെ. പി. നീലകണ്ഠപ്പിള്ളക്കും, ശ്രീ. ശങ്കറിനും മററു ചിലക്കും തൃപ്തിയാകുന്നില്ല. അവരെ തൃപ്തിപ്പെടുത്താൻ സാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നുമില്ല. അതുകൊണ്ടു് ഈ രാജ്യത്തു നിയമസമാധാനങ്ങൾ പരിപാലിക്കപ്പെടുന്നില്ലെന്നു പറയുന്നതു് ശരിയല്ല. നിർഭാഗ്യവശാൽ ഇയ്യിടെയായി ഈ രാജ്യത്തു വൎഗ്ഗീയവൈരം വൎദ്ധിച്ചുവരികയാണ്. അതിനു ചില കാരണങ്ങളും കണ്ടേക്കാം. ക്രിസ്ത്യാനികളുടെ ചില ദേവാലയങ്ങൾ നശിപ്പിക്കപ്പെട്ടു. ചില ഹിന്ദുദേവാലയങ്ങൾ നശിപ്പിക്കപ്പെട്ടു. ഇതെല്ലാം പരമാൎത്ഥങ്ങളാണ് പക്ഷെ എനിക്കൊന്നു പറയാനുള്ളതു്

കുററം പറയുന്നതോടൊപ്പംതന്നെ ഇനിമേൽ ഈ രാജ്യത്തു ഇമ്മാതിരിയുള്ള ഒരു പരിതസ്ഥിതി ഉണ്ടാകാതിരിക്കാനുള്ള ഒരന്തരീക്ഷം സൃഷ്ടിക്കുന്നതിന് എല്ലാവരും സഹകരിച്ച് ജാഗ്രതയായി പ്രവർത്തിക്കണമെന്നാണ്. അതിനുവേണ്ട സഹകരണം നിങ്ങൾ തരുക. ആ സഹകരണം നിങ്ങളിൽനിന്നും ഉണ്ടാകുകയാണെങ്കിൽ ഗവമ്മെണ്ടു ഒരിക്കലും പിന്നോക്കം പോകയില്ലെന്നും, ഏതെല്ലാം വിധത്തിലുള്ള പ്രവർത്തികളും നടപടികളും കൊണ്ടാണ് ഈ അനാശാസ്യമായ അന്തരീക്ഷത്തെ രാജ്യത്തുനിന്നും തിരോധാനം ചെയ്യിക്കാൻ സാധിക്കുക, ആ എല്ലാ പ്രവൃത്തികളും നടപടികളും എടുക്കുവാൻ ഗവമ്മെണ്ടും ഗവമ്മെണ്ടിനെ പിന്താങ്ങുന്ന കൃഷിക്കാരും തയ്യാറാണെന്നും വിളംബരം ചെയ്യുവാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു. ഒരു കൊല്ലംമുമ്പു നടന്ന ഈ സംഭവത്തെ സംബന്ധിച്ച് ഒരു തുമ്പും കിട്ടാത്തതു ഗവമ്മെണ്ടിന്റെ കുററം കൊണ്ടല്ലെന്നു ഞാൻ ഒന്നുകൂടി ആവർത്തിച്ചു പറയുന്നു. ഈശ്വരന്റെ നാമധേയത്തിലായാലും, മതത്തിന്റെ നാമധേയത്തിലായാലും സമുദായത്തിന്റെ നാമധേയത്തിലായാലും നാം ഇതെല്ലാം ചെയ്യുന്നതു പൊതുവേ ജനസമുദായത്തിന്റെ നന്മയെ കരുതിയാണ്, നാടുനന്നാകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്, ഈ വിഷയത്തിൽ ഇന്നു നാം വളരെ അധഃപതിച്ചിട്ടുണ്ടെന്നുള്ളതു സമ്മതിക്കാതിരുന്നിട്ടു പ്രയോജനമില്ല. പക്ഷെ നാം സഹകരിച്ചു പ്രവർത്തിക്കുകയാണെങ്കിൽ ഈ അധഃപതനത്തിൽനിന്നു നമുക്കു മോചനം ലഭിക്കും. ഇതിൽ കൂടുതലായി ആ ആക്ഷേപങ്ങൾക്കു ഒരു മറുപടി പറയണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല.

പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ കാര്യം ശ്രീ. കളത്തിൽ വേലായുധൻ നായർ പറയുകയുണ്ടായി. ഇതിനുമുമ്പു കേട്ടിട്ടില്ലാത്ത ഒരാരോപണമാണതു്. ഈ ഗവമ്മെണ്ടിന്റെ പേരിൽ ധാരാളം ആരോപണങ്ങളും കുററങ്ങളും കേട്ടിട്ടുണ്ടു്. എങ്കിലും ഗവമ്മെണ്ടു പബ്ലിക്ക് സർവ്വീസ് കമ്മീഷനെ ധിക്കരിച്ചു നിയമനങ്ങൾ നടത്തി എന്നുള്ള ആക്ഷേപം ഇപ്പോൾ ആദ്യമായിട്ടു കേൾക്കുകയാണ്. എനിക്കു തോന്നി, ശ്രീ. വേലായുധൻ നായർ ഭരണഘടനയുടെ വശങ്ങൾ മറിച്ചുനോക്കി ഇനി ഏതെല്ലാം വകുപ്പുകളനുസരിച്ചാണ് ഗവമ്മെണ്ടിനെ ആക്ഷേപിക്കാൻ സാധിക്കുക എന്ന് നോക്കികൊണ്ടിരിക്കുകയായിരുന്നു എന്ന്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഭരണഘടനയുടെ ഏതു വകുപ്പിലാണ് സെയിൽസ് ടാക്സിലെ ഉദ്യോഗങ്ങളെപ്പററി പറഞ്ഞിരിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ഉപദേശം അനുസരിച്ചുതന്നെയാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളതു്. ഞാൻ ഇതു പറയുന്നതു കമ്മീഷൻ സിക്രട്ടറിയോടു ചോദിച്ചിട്ടാണ്.

ശ്രീ. പൊന്നറ ജി. ശ്രീധർ: പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ആദ്യം മറെറാരു തരത്തിൽ ശുപാർശ ചെയ്തിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കാര്യം മനസ്സിലാക്കിയിട്ടു ചോദ്യങ്ങൾ ചോദിച്ചാൽ ഞാൻ മറുപടി പറയാം. ആദ്യം സെയിൽസ് ടാക്സ് ഇവിടെ ഒരു പ്രത്യേകം ഡിപ്പാർട്ടുമെന്റായിരുന്നു. അതിലേക്ക് ഒന്നുരണ്ടാളുകളെ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ തെരഞ്ഞെടുത്തു. പക്ഷെ അതിനിടക്കു സെയിൽസ് ടാക്സും അഗ്രിക്കൾച്ചറൽ ഇൻകംടാക്സും കൂടികൂട്ടിച്ചേർത്തു ഒരു ഡിപ്പാർട്ടുമെണ്ടാക്കി. അങ്ങിനെ ഉണ്ടാക്കിയ പുതിയ ഡിപ്പാർട്ടുമെന്റിലേക്കു ആദ്യത്തെ രണ്ടാളുകളെ മാററി വേറെ രണ്ടാളുകളെ നിയമിച്ചയക്കണമെന്ന് ആവശ്യപ്പെടുകയാണുണ്ടായതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആദ്യത്തെ രണ്ടുപേരും ചാർജെടുത്തു മൂന്നുദിവസം കഴിഞ്ഞതിനുശേഷമാണ് തിരിച്ചയച്ചതെന്ന് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവർ ചാർജെടുത്തതിനു ശേഷമാണു് രണ്ടു ഡിപ്പാർട്ടുമെൻറുകളുംകൂടി കൂട്ടിച്ചേർത്തതു്. അതുകൊണ്ടു് പുതിയ നിയമനങ്ങൾ നടത്താൻ പബ്ലിക്ക് സർവ്വീസ് കമ്മീഷനോടു ആവശ്യപ്പെട്ടു എന്നല്ലാതെ ഗവർമ്മെണ്ടു കമ്മീഷനെ യാതൊരു പ്രകാരത്തിലും ധിക്കരിച്ചിട്ടില്ല. എന്നുമാത്രമവുമല്ല, അതു അത്ര എളുപ്പത്തിൽ ചെയ്യാൻ കഴിയുന്ന ഒരു കുററവുമല്ല. ഭരണഘടനയനുസരിച്ചു് നിയമനങ്ങളെ സംബന്ധിച്ചു ഒരു റിപ്പോർട്ടു സർവ്വീസ് കമ്മീഷനു് നേരിട്ടുതന്നെ രാജപ്രമുഖൻ തിരുമേനിക്കും ഈ നിയമസഭക്കും അയക്കാമെന്നു വ്യവസ്ഥയുണ്ടു്. അങ്ങിനെ റിപ്പോർട്ടു ചെയ്യുന്നതിനുള്ള അധികാരം ഭരണഘടനയനുസരിച്ചു് കമ്മീഷനുതന്നെ കൊടുത്തിരിക്കുന്നതുകൊണ്ടു് ഈ കുററം അത്ര എളുപ്പത്തിൽ ചെയ്യാൻ കഴിയുന്ന ഒന്നല്ല. അനേകം കുററങ്ങൾ പറയാനുണ്ടല്ലോ. നിത്യാവശ്യസാധനങ്ങൾക്കു പോലും വളരെ ക്ഷാമമുള്ള ഇക്കാലത്തു, കൺട്രോൾ കൊണ്ടും മററുവിധത്തിലും ധാരാളം കുഴപ്പങ്ങളുള്ള ഇക്കാലത്തു്, സ്വാതന്ത്ര്യംകിട്ടി പുതുതായ ഒരു രീതി ആരംഭിച്ചു് അതിന്റെ ശൈശവാവസ്ഥയിൽ സംഭാവ്യമായ നിരവധി കുഴപ്പങ്ങളുള്ള ഈ ഘട്ടത്തിൽ, തിരുവിതാംകൂറും കൊച്ചിയും സംയോജിപ്പിച്ചതിനുശേഷം അതിൽ നിന്നു പുതുതായി ഉണ്ടായിട്ടുള്ള പലവിധ കുഴപ്പങ്ങളും തീർന്നിട്ടില്ലാത്ത ഈ ഘട്ടത്തിൽ ഗവർമ്മെണ്ടിനു ഉള്ള കുററങ്ങൾതന്നെ ധാരാളം പറയാനുണ്ടല്ലോ. ആലോചനക്കുറവുകൊണ്ടും, ശ്രദ്ധക്കുറവുകൊണ്ടും, തന്റേടക്കുറവുകൊണ്ടും ഉണ്ടായിട്ടുള്ള യഥാർത്ഥകുററങ്ങൾ ധാരാളംഉണ്ടായിരിക്കെ ഇല്ലാത്ത കുററങ്ങൾകൂടി സൃഷ്ടിച്ചു പറയേണ്ട ആവശ്യം വല്ലതുമുണ്ടോ? എന്തെങ്കിലും തെററുകളും കുററങ്ങളും ആക്ഷേപങ്ങളും പറഞ്ഞു ഏതിനേയും എതിർക്കാതെ നിവൃത്തിയില്ലെന്നുള്ള ഒരു നില വിടണം. ഇങ്ങനെയുള്ള ആക്ഷേപങ്ങൾ കാണുമ്പോൾ അറിവുള്ള ജനങ്ങൾ വിചാരിക്കുന്നതു്, ഇവർ ഇനി എന്തുതന്നെ ആക്ഷേപങ്ങൾ പുറപ്പെടുവിക്കുകയില്ല എന്നാണു്. ഇങ്ങനെ ഇല്ലാത്ത ആക്ഷേപങ്ങൾ പറഞ്ഞു പറഞ്ഞു ഉള്ള ആക്ഷേപം പറഞ്ഞാലും ജനങ്ങൾ വിശ്വസിക്കുകയില്ലെന്നുള്ള മന്ത്രിമാർക്കു അനുകൂലമായ ഒരു സ്ഥിതിയാണു് ഇന്നിവിടെ ഉണ്ടായിട്ടുള്ളതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങിനെ ഈ കുററങ്ങളെല്ലാം വെറുതേ പറയുന്നതാണെന്നു ജനങ്ങൾ മനസ്സിലാക്കിയതിന്റെ ഫലമായിട്ടാണോ തെരഞ്ഞെടുപ്പിനു ചെല്ലുമ്പോൾ തോൽവി സംഭവിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൂടുതൽ വോട്ടു മറുഭാഗത്തേക്കു് വാങ്ങുവാൻ മറുഭാഗത്തുള്ളവർക്കു ശേഷിയുണ്ടായിരുന്നു എന്നു മാത്രമേ അതിനു് അർത്ഥമുള്ളു. അതിൽ എന്താണു് ആക്ഷേപം? തെരഞ്ഞെടുപ്പിനു തോററു എന്നു കരുതി ആരെങ്കിലും ആക്ഷേപിക്കാറുണ്ടോ? അതു പറഞ്ഞു ക്ഷീണിപ്പിക്കാനും നോക്കേണ്ട. തെരഞ്ഞെടുപ്പിനു രണ്ടുപേർ നിന്നാൽ ആരെങ്കിലും ഒരാൾ തോൽക്കുമെന്നുള്ളതു നിശ്ചയമാണു്. തെരഞ്ഞെടുപ്പിനു നിൽക്കുന്ന ആൾ വല്ല വെടി പൊട്ടിക്കുകയോ അമിട്ടു പൊട്ടിക്കുകയോ ചെയ്താൽ ആക്ഷേപിക്കാറുണ്ടു്. അതല്ലാതെ തോററുപോയി എന്നു പറഞ്ഞു ആക്ഷേപിക്കാറുണ്ടോ? കാൺഗ്രസ്സിനു് ചിലപ്പോൾ ഒരു സീററു കിട്ടിയില്ലെന്നുവരും. അതിൽ അവമാനം വല്ലതുമുണ്ടോ? അതുകൊണ്ടു എനിക്കു പറയുവാനുള്ളതു് തെരഞ്ഞെടുപ്പിലെ ജയാപജയങ്ങൾ വച്ചുകൊണ്ടു് എല്ലാ കാര്യങ്ങളും തീർച്ചയാക്കുക എന്നു വന്നാൽ വളരെ ബുദ്ധിമുട്ടാകും എന്നാണു്. ഇത്രമാത്രമേ എനിക്കു് പറയുവാനുള്ളൂ. സഹായകരവും സൃഷ്ടിപരവുമായ എല്ലാ വിമർശനങ്ങളേയും അഭിപ്രായങ്ങളേയും ഞാൻ സ്വാഗതം ചെയ്യുകയും അവയ്ക്കു നന്ദി പ്രദർശിപ്പിക്കുകയും അല്ലാത്തുള്ളവയെ തിരസ്കരിക്കുകയും ചെയ്യുന്നു.

ஸ்ரீ. ஏ. சிதம்பரநாத நாடார்: ஸ்ரீமான் பனம்பள்ளி கோவிந்த மேனோன் அவர்கள் கொச்சியிலிருந்து இங்கு இறக்குமதி ஆகி வந்த பிறகு, நாஞ்சில் நாட்டில் நெல் எடுக்கப்படும் இடங்களுக்கு நீங்கள் ஏதாவது சலுகை காண்பித்ததுண்டா?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉവ്വ്, ഉവ്വ്.

മി. സ്പീക്കർ: ഭേദഗതികൾ മുഴുവനും ഓരോന്നായി വോട്ടിനിടാമെന്ന് വിചാരിക്കുന്നു.

സാഹിബ് ബഹദൂർ ടി. എ. മൈയ്തീൻകുഞ്ഞു: സർ, ഞാൻ നേരത്തെ പ്രസംഗിക്കുവാൻ എഴുന്നേററപ്പോൾ മന്ത്രിക്ക് മറുപടി പറയുവാനുള്ള സമയമായെന്നു പറയുകയുണ്ടായി. മന്ത്രിയുടെ പ്രസംഗം കഴിയുമ്പോൾ എനിക്ക് പ്രസംഗിക്കുവാനുള്ള അനുവാദം കിട്ടുമെന്നും വിചാരിച്ചിരിക്കുകയായിരുന്നു.

മി. സ്പീക്കർ: അങ്ങിനെയാണ് വിചാരിച്ചിരുന്നതെങ്കിൽ അതു ശരിയല്ല. ഇനി സമയമില്ല.

സാഹിബ് ബഹദൂർ ടി. എ. മൈയ്തീൻകുഞ്ഞു: ഞാൻ ഈ ഭേദഗതികളെ എല്ലാം എതിർക്കാനിരിക്കുകയായിരുന്നു.

മി. സ്പീക്കർ: എതിർക്കാനായാലും അനുകൂലിക്കുന്നതിനായാലും ഇനി സമയമില്ല.

The amendment moved by Sri. R. K. Ram was put and lost.

The amendment moved by Sri. T. Kochukrishna Pillai was put and lost.

The amendment moved by Sri. Ittiera Ambooken was put and lost.

The amendment moved by Sri. A. Nesamony was put to vote.

Sri. T. Kochukrishna Pillai: The mover of the amendment is not now in his seat. Is it necessary that his amendment should be put to vote.

Mr. Speaker: The amendment was duly moved and discussed in the House and as such the Member's absence is not material. The amendment will be put to vote.

Sri. T. Kochukrishna Pillai: Sir, I want to know whether it is in order to put the amendment to vote when the mover of the amendment is absent?

Mr. Speaker: Once when an amendment has been moved by a Member, the House is seized of the motion which has therefore to be put to vote unless withdrawn by the member with the leave of the House.

Amendment moved by Sri. A. Nesamoni was put and lost.

Amendment moved by Sri. K. Balakrishna Menon was put and lost.

Amendment by Sri. C. V. Iyyu was put and lost.

Amendment moved by Sri. R. Sankar was put and lost.

The motion of thanks moved by Sri. K. Balakrishna Marar was put and carried.

The Assembly adjourned at 4-45 p. m. to meet again at 11 a. m. on Friday, the 23rd February 1951.

V. KRISHNAMOORTHI AIYAR

Secretary to the Legislative Assembly